KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 33 / Issue: 11 November 2022 ₹:10/-



# 40TH DAY OF DEMISE

06-12-2022



# T.C. CHACKO (Chackochen)

## Koithra, Kurichy

*"I am the resurrection and the life. He who believes in me will live, even though he dies"*

*John 11:25*

Advt -G

# ക്നാനായ ദീപം

SINCE 1989

2022 നവംബർ പുസ്തകം 33 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ചിറയിലച്ചൻ 08
ഫാ. ഡോ. ജയിംസ് തോടത്തിൽ

എവിടെ ആടുകളുടെ നല്ല ഇടയൻ 10
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

പരി. പരുമല തിരുമേനി 15
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

ഈശ്വരദർശനം 17
റ്റി.സി. തോമസ് തോപ്പിൽ

ജീവിതം 18
അമ്മാൾ രാജൻ പുളിമൂട്ടിൽ

മല്പാനോട് ചോദിക്കാം 19

ലഹരി പോ.... ലഹരി .......പോ 20
സുനിൽ ഡി. കുരുവിള

ബൈബിളിൽ മൂന്ന് എന്ന അക്കം..... 22
അച്ചാമ്മ കുറിയാക്കോസ്

ഒരു പ്രകാശ ഗോപുരം 24
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

25 ഏവൻഗേലിയോൻ ദീപം
ഡീ. സിജോ ഫിലിപ്പ് കണ്ണാട്ടിപ്പുഴ

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

41 കനാൻ ദേശം
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

43 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

46 കാല്പ്പാടുകൾ
എബി

47 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയരെ,**

അത്യാധുനികതയിൽ നിന്ന് അത്യന്താധുനികതയിലേക്ക് കുതിച്ചുയരുന്നതിനുള്ള തത്രപ്പാടിലാണ് നമ്മുടെ ലോകം. മനുഷ്യശക്തിയെ യന്ത്രങ്ങളും, മനുഷ്യബുദ്ധിയെ കമ്പ്യൂട്ടറും മാറ്റി നിർത്തുന്നു. വാർത്താവിനിമയം, ഗതാഗതം ഇവകളിൽ ആധുനിക രീതികളും അതിസങ്കീർണ്ണങ്ങളായ സാങ്കേതിക വിദ്യകളും കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള അകലം വെട്ടിച്ചുരുക്കിയിരിക്കുന്നു. ഭാഷയുടെയും വംശത്തിന്റെയും അടിസ്ഥാനത്തിൽ പോരാടിപ്പിരിഞ്ഞു നിൽക്കുന്ന സമൂഹങ്ങൾ അവിടവിടെയായി ഉണ്ടെങ്കിലും ഒരൊറ്റ ലോകം എന്ന ആശയത്തിൽ ലോകമഹാന്മാർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഈ ലോകത്തിനു വെളിച്ചം പകരുവാനും ദൈവത്തിനുവേണ്ടി ലോകത്തെ വെട്ടിപ്പിടിക്കുവാനുമാണ് സഭ നിയമിതമായിരിക്കുന്നത്. നാം ക്രിസ്തുവിൽ ഒന്നെങ്കിലും ഭിന്നിച്ചു നില്ക്കുന്നു. ഉന്നത വിളിക്കു യോഗ്യരെങ്കിലും അപകർഷതാബോധം നമ്മേ അലട്ടുന്നു. കർത്താവായ യേശുക്രിസ്തു പോയ പാതയിലൂടെ, താൻ പോയ ഇടത്തേക്കു യാത്ര ചെയ്യുന്ന ഒരു കൂട്ടം ജനം ആണ് തന്റെ സഭ. യേശു പോയ പാതയിലൂടെ മാത്രമാണ് നാം പോകുന്നതെങ്കിൽ ഓരോ ദിവസം കഴിയുന്തോറും തന്റെ സ്വഭാവത്തോട് അനുരൂപപ്പെടണം. അത് നമ്മുടെ ജീവിതത്തിൽ നടക്കുന്നില്ലെങ്കിൽ എവിടെയോ പാത തെറ്റിപ്പോയെന്നു മനസ്സിലാക്കുകയും തിരിച്ചു ക്രിസ്തുവാകുന്ന വഴിയിലേക്ക് മടങ്ങി വരികയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സഭയെ ക്രിസ്തുവിങ്കൽ നിന്നകറ്റുവാൻ സാത്താൻ അനേക വഴികൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. സഭാ നേതൃത്വവും സഭയിൻ മക്കളും സാത്താന്റെ വഴിയിലേക്ക് ആകർഷിക്കപ്പെടുന്നതിന്റെ കാരണം അവരിലുള്ള ലോക സ്നേഹമാണ്. കർത്താവ് പറയുന്നത് എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നു നടന്നു. ഭൂതലത്തിൽ ഒക്കെയും എന്റെ ആടുകൾ ചിതറിപ്പോയി (യെഹസ്ക്കേൽ 34:6). അവർ സാത്താന്റെ വഴിയിൽ നടക്കാൻ കാരണം, അവരെ നടത്തുന്നവർ തങ്ങളെത്തന്നെ മേയിക്കുകയും, ആടിനെ മേയിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് അവർ പട്ടിണി കിടക്കുകയാണ്. ലോകത്തിന്റെ ധനം, പ്രതാപം, ശ്രേഷ്ഠത എന്നിവയെ വിശുദ്ധ പൗലോസ് ചപ്പും ചവറും എന്ന് എണ്ണിയെങ്കിൽ ഇന്ന് മെത്രാന്മാരും, പട്ടക്കാരും, സുവിശേഷകരും പാസ്റ്റർമാരും "ചപ്പും ചവർ എന്നും" എണ്ണിയതിനുവേണ്ടി ഒരുപോലെ ഓടുകയാണ്. അതിനുവേണ്ടിയുള്ള പ്രാർത്ഥന, ഉപവാസം, കൺവൻഷൻ, ബൈബിൾസ്കൂൾ എല്ലാം ഈ ചപ്പിനും ചവറിനുംവേണ്ടി. എവിടെ പണം കൂടുതൽ കിട്ടുമോ അവിടേക്കുള്ള സുവിശേഷ യാത്രകൾ. പത്രോസിന് പണം കൊടുത്തു പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളെ വാങ്ങിക്കുവാൻ വന്നവരോട് നിന്റെ പണം നിന്നോടുകൂടെ നശിക്കട്ടെ എന്ന് പറഞ്ഞു (അപ്പോ. 8:18–23). അന്ന് അതു നടന്നില്ലെങ്കിൽ ഇന്ന് അതാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. എവിടെയും വ്യാപാരം, ദൈവാലയത്തിലും കൺവൻഷൻ പന്തലിലും, മാസികയിലും എന്നു വേണ്ട എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും പണത്തിനുവേണ്ടി അധഃപതിച്ചുകൊണ്ടിരിക്കുന്നു. അത്ഭുതങ്ങളും അടയാളങ്ങളും മറിച്ചിടീലും രോഗശാന്തിഘോഷണവും എന്നു വേണ്ട എവിടെ നോക്കിയാലും പണം. എന്നാൽ ഉച്ചഭാഷിണിയിലൂടെ ഉച്ചത്തിൽ ഉദ്ഘോഷിച്ചതുകൊണ്ടുമാത്രം അത്യാധുനിക മനുഷ്യർ ആകർഷിക്കപ്പെടാൻ പോകുന്നില്ല. അവർക്ക് സുവിശേഷം കാണിച്ചുകൊടുക്കണം. സുവിശേഷലോകത്തിലെ പൊരുത്തക്കേടുകൾ കേട്ടും കണ്ടും ലോകം മടുത്തിരിക്കുകയാണ്. ദൂരെ നില്ക്കുന്നവരെ ഒരു കൈകൊണ്ടു മാടി വിളിക്കുമ്പോൾ ഒപ്പം നില്ക്കുന്നവരെ ഒരു കൈകൊണ്ടു വിരട്ടി ഓടിക്കുന്നു. നിരപ്പിന്റെ ശുശ്രൂഷ ചെയ്യുന്നവർക്കു തമ്മിൽ തമ്മിൽ നിരപ്പില്ല. ജനസമൂഹത്തിൽ വച്ച് പരസ്പരം കൈയ്യസ്തുരി കൊടുത്തും കെട്ടിപ്പിടിച്ചും സ്നേഹം പ്രകടിപ്പിക്കും. മാറിയിരുന്ന് വിമർശിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധി വിളമ്പരം ചെയ്യുന്നവർ അശുദ്ധിയുടെ വിളനിലങ്ങളായി മാറുന്നതു എത്ര കഷ്ടകരം. ഇവിടെയാണ് നമുക്ക് പുരോഗമനം വരുന്നത്. ഈ വിധമുള്ള തകർച്ചമൂലം കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതും, മനുഷ്യന്റെ സ്നേഹം തണുത്ത് പരസ്പരം വിദ്വേഷവും പ്രതികാരാഗ്നിയും കത്തിക്കാളി യുദ്ധങ്ങളിലേക്കും, തന്മൂലമുള്ള സകല നാശത്തിലേക്കും നിപതിക്കുന്നതും നാം കാണുന്നുണ്ട്, കേൾക്കുന്നുണ്ട്. അസന്മാർഗ്ഗികത വ്യക്തികളുടെ നാശത്തിനു മാത്രമല്ല, രാഷ്ട്രത്തിന്റെയും, സമൂഹത്തിന്റെയും നാശത്തിനു കാരണമാകുന്നുണ്ട് എന്ന് ചരിത്രങ്ങൾ സാക്ഷിക്കുന്നു. നാഗരികത്വത്തിന്റെയും പരിഷ്കാരത്തിന്റെയും പേരിലാണ് അസന്മാർഗ്ഗികത്വം നടമാടുന്നത്. വേദപുസ്തകത്തിലെ നോഹയുടെ കാലത്തെ ജലപ്രളയം, സോദോം ഗോമോറയുടെ നാശം, ബാബേൽ മുതലായവ ഇതിന് ഉദാഹരണമാണ്. ഈ നൂറ്റാണ്ടിൽ ഒരു വലിയ ജലപ്രളയവും, കോവിഡ്–19 എന്ന മഹാമാരിയും ഉണ്ടായിട്ടും, അവയുടെ തിക്തഫലങ്ങളുടെ ചൂട് ശമിക്കുന്നതിന് മുമ്പു തന്നെ വീണ്ടും ജനം അസന്മാർഗ്ഗികതയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഇത് യഥാർത്ഥ ക്രിസ്ത്യാനികൾ മനമുരുകി പ്രാർത്ഥിക്കേണ്ട സന്ദർഭമാണ്. "കടന്നു പോകുന്ന ഏവരുമേ ഇത് നിങ്ങൾക്ക് ഏതുമില്ലയോ" എന്ന് പ്രവാചകൻ ചോദിക്കുന്നു. നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ച് സഹതാപം തോന്നണം. അവരെ തേടിപ്പുറപ്പെടുവാൻ സഭയ്ക്ക് ചുമതലയുണ്ട്. തെറ്റായ വഴിയിൽനിന്നും സത്യമാർഗ്ഗത്തിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുവാനുള്ള കേന്ദ്രങ്ങളായിരിക്കണം പള്ളികൾ. ഇടവകജനങ്ങളിലേക്ക് ശക്തിയായ ദൈവസ്നേഹത്തിന്റെ വൈദ്യുതപ്രവാഹം അയച്ചുകൊടുക്കുന്ന ബാറ്ററികളായിരിക്കണം പള്ളികൾ. മുതലെടുപ്പും, നടവരവും, സ്വത്തുക്കളും ആണ് പള്ളികളുടെ നേട്ടങ്ങൾ എന്നുള്ള ധാരണ മാറ്റണം. ദൈവത്തിന്റെ നീതിയുടെ മുമ്പാകെ ഇവയ്ക്കെല്ലാം എന്തു സമാധാനം കൊടുക്കും എന്ന് ചിന്തിച്ച് ഇന്നുള്ള മത്സരങ്ങളും മീഡിയവഴിയുള്ള തെറിവിളികളും കേസുകളും അവസാനിപ്പിച്ച് മാനസാന്തരപ്പെട്ട് വേഗം വരുന്ന കർത്താവിനെ എതിരേല്പാനായി ഒരു ജനത്തെ ഒരുക്കുവാൻ തക്കവണ്ണം യേശുവിന്റെ ഭാവം ഉള്ളവരായി അനേകരെ ആകർഷിക്കുന്ന ഒരു നേതൃത്വം സഭയ്ക്ക് ഉണ്ടാകുവാൻ ദൈവജനമേ നമുക്ക് പ്രാർത്ഥിക്കാം. യേശുവിന്റെ ജീവിതവും പ്രവർത്തനവും തമ്മിൽ തികഞ്ഞ പൊരുത്തം ഉണ്ടായിരുന്നു. ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു യേശു. (ലൂക്കോ. 24:19) ആ ചുവടുകളിലാണ് അപ്പോസ്തലർ നീങ്ങിയത്. "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ" (1.കോരി 11:1–2). ഈ ഉന്നത ജീവിത നിലവാരത്തിലേക്കു സഭ ഉണർന്ന് എഴുന്നേൽക്കണം. പുതു ശക്തിയാർജ്ജിക്കണം. അതിന് ദൈവം തുണ നിൽക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**"ലോകത്താകമാനം ക്രൈസ്തവ പീഡനം ഒളിഞ്ഞും തെളിഞ്ഞും മറനീക്കി പുറത്തുവരുന്ന ഇക്കാലഘട്ടങ്ങളിൽ രാഷ്ട്രത്തലവന്മാരും ഉന്നത സ്ഥാനികളും ഭരണാധികാരികളും യേശുക്രിസ്തുവിന്റെ സ്നേഹത്തിലേയ്ക്ക് കടന്നുവരുവാൻ നമുക്ക് പ്രാർത്ഥിക്കാം."**

വാത്സല്യ മക്കളെ,

ഒരു കാലത്ത് ക്രൈസ്തവ വിശ്വാസത്തിൽ സമ്പന്നമായിരുന്ന മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ ഇന്ന് അവിടെ താമസിക്കുന്ന എണ്ണത്തിൽ കുറവുള്ള ക്രൈസ്തവർ അനുഭവിക്കുന്ന ദുരിതങ്ങൾ സമാനതകളില്ലാത്തതാണ്. ഇത്തരം ദേശങ്ങളിൽ ക്രിസ്തു സ്നേഹത്താൽ നിറഞ്ഞ തീക്ഷ്ണമതികളായ ക്രൈസ്തവർ ഉയർന്നു വരുവാൻ നമുക്ക് പ്രാർത്ഥിക്കാൻ കടമയുണ്ട്.

വിവിധ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരും, ഭരണാധികാരികളും യേശു ക്രിസ്തുവിന്റെ സ്നേഹവും രക്ഷയും അറിയുവാൻ നമ്മൾ എല്ലാവരും പ്രാർത്ഥിക്കേണ്ടതുണ്ട്. അവരെയും കൂടെ രക്ഷിക്കുവാനാണല്ലോ ദൈവം മനുഷ്യനായതും കുരിശിൽ മരിച്ച് ഉയർത്തെഴുന്നേറ്റതും. പരിശുദ്ധ സുറിയാനി സഭയുടെ വി. കുർബ്ബാനയിലും പ്രാർത്ഥനകളിലുമെല്ലാം ഭരണാധികാരികൾക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഭരണാധിപന്മാർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിനെക്കുറിച്ച് വി.പൗലോസ് ശ്ലീഹാ വ്യക്തമായി പറയുന്നത് വി. ഗ്രന്ഥത്തിൽ നമ്മൾ വായിക്കുന്നു.

"എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവിതം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പേ പ്രബോധിപ്പിക്കുന്നു. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" (1 തിമൊ.2:1-4)

രാഷ്ട്രനേതാക്കളും ഭരണാധികാരികളും യേശുവിന്റെ സ്നേഹം തിരിച്ചറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ അവരവരുടെ രാജ്യങ്ങളിലെ ജനങ്ങൾ സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കുവാൻ അതു കാരണമായിത്തീരും എന്നത് നമുക്ക് കാണുവാൻ സാധിക്കും. ക്രൈസ്തവ രാജ്യങ്ങളിലെ ജനങ്ങൾ എത്ര മാത്രം സമാധാനത്തോടെയാണ് ജീവിക്കുന്നത്.

ലോകത്താകമാനം ക്രൈസ്തവ പീഡനം ഒളിഞ്ഞും തെളിഞ്ഞും മറനീക്കി പുറത്തുവരുന്ന ഇക്കാലഘട്ടങ്ങളിൽ രാഷ്ട്രത്തലവന്മാരും ഉന്നത സ്ഥാനികളും ഭരണാധികാരികളും യേശുക്രിസ്തുവിന്റെ സ്നേഹത്തിലേയ്ക്ക് കടന്നുവരുവാൻ നമുക്ക് പ്രാർത്ഥിക്കാം. അവരിലൂടെ ലോകം മുഴുവൻ ക്രിസ്തുയേശു പ്രഘോഷിക്കപ്പെടുവാൻ ഇടവരട്ടെ. അതൊടൊപ്പം ഉന്നതസ്ഥാനികളായ ഭരണാധിപന്മാരെ സ്വാധീനിക്കുവാനും സധൈര്യം അവരെ സുവിശേഷമറിയിക്കാനും തക്ക അനേകം സുവിശേഷ പ്രേഷിതർ ലോകത്താകമാനം ഉയർത്തപ്പെടുവാൻ കൂടെ നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധ വചനത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു. "രാജാക്കന്മാരുടെ മുമ്പിലും ഞാൻ അങ്ങയുടെ കല്പനകളെപ്പറ്റി സംസാരിക്കും. ഞാൻ ലജ്ജിതനാവുകയില്ല." (സങ്കീ. 119:46)

ദൈവം അനുഗ്രഹിക്കട്ടെ
**സേവേറിയോസ് കുറിയാക്കോസ്**
ക്നാനായ സമുദായ മെത്രാപ്പോലീത്ത

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ആയിരുന്നുവല്ലോ ഈ നവംബർ രണ്ടാം തീയതി. ആ പുണ്യ പിതാവിന്റെ മധ്യസ്ഥതയിൽ സമുദായമായി അഭയപ്പെടാം.

മറ്റുള്ള ക്രൈസ്തവസഭകൾ അവരുടെ പിൻതലമുറയെ ലക്ഷ്യമാക്കി സഭയുടെയും സമുദായത്തിന്റെയും സ്ഥാപക ദിനം എല്ലാ വർഷവും കൊണ്ടാടാറുണ്ട്. അതിനുദാഹരണ മാണ് നമ്മുടെ സഹോദര സമുദായമായ ക്നാനായ കത്തോലിക്കാ സമുദായവും, അതുപോലെ മലങ്കര കത്തോ ലിക്കാ വിഭാഗവും, ചങ്ങനാശ്ശേരി രൂപതയും തുടങ്ങിയ സമു ദായങ്ങൾ എല്ലാം അവരുടെ സമുദായത്തിന്റെയും സഭയു ടെയും സ്ഥാപകദിനം കൊണ്ടാടുമ്പോൾ ക്നാനായ സമു ദായവും ഇദം പ്രഥമമായി ഈ വർഷം മുതൽ ക്നാനായ ഭദ്രാസന സ്ഥാപകദിനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നവംബർ 20-ാം തീയതി ഞായറാഴ്ച സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ രാവിലെ 8 മണിക്ക് വിശുദ്ധ കുർബ്ബാനാനന്തരം സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പൊതു സമ്മേളനം കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ബഹു. പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നതും മറ്റു സമുദായിക സഭാ മേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ നേതാക്കന്മാരും പങ്കെടുക്കു ന്നതാണ്. സമുദായത്തിലെ എല്ലാ വൈദിക ശ്രേഷ്ഠരും കന്യാസ്ത്രീകളും അസ്സോസിയേഷൻ അംഗങ്ങളും സമുദായ അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കാര്യങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തു തരുന്ന പുത്തൻപള്ളി വികാരി മധു രംകോട്ട് അച്ചനോടും പള്ളി ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ അവസരത്തിൽ ക്നാനായ സമുദായത്തിന്റെ സ്ഥാപക ദിനത്തെക്കുറിച്ച് ഒരു ചെറു വിവരണം താഴെ കൊടുക്കുന്നു.

എ.ഡി. 345 അന്ത്യോഖ്യയിൽനിന്നും എഡേസാ യിൽനിന്നും ക്നായിതോമ്മായുടെയും ഉറഹാ മോർ യൗസേ ഫിന്റെയും നേതൃത്വത്തിൽ ക്നാനായക്കാർ കുടിയേറി പ്പാർത്തു. എന്നാൽ ക്നായിതോമ്മായുടെ കാലശേഷം 16 -ാം നൂറ്റാണ്ട് ഇട്ടിത്തൊമ്മൻ കത്തനാരുടെ കാലം വരെ സമു ദായത്തെ നയിച്ച നേതാക്കന്മാരുടെ പേരുകൾ ചരിത്രത്തിൽ കാണുന്നില്ല. ക്നാനായക്കാർ സ്ഥാപിച്ച പള്ളികളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളും ക്രിസ്തുമതം സ്വീകരിച്ച മറ്റ് ക്രൈസ്തവരും കൂടി കലർന്നാണ് ആരാധനയിൽ പങ്കെ ടുത്തിരുന്നത്. ക്നാനായക്കാർക്കോ മറ്റു ക്രിസ്ത്യാനി കൾക്കോ സാമുദായികമായോ സഭാപരമായോ ഒരു ചട്ടക്കൂട് ഉണ്ടായിരുന്നില്ല.

പള്ളി ഇടവകകൾക്ക് പ്രാതിനിധ്യമുള്ള ഒരു പൊതു നിർവാഹകസമിതി സമുദായ അടിസ്ഥാനത്തിൽ ഉണ്ടാകണ മെന്ന ആഗ്രഹം സുറിയാനി ക്നാനായക്കാരിൽ ജനിച്ചത് പ്രധാനമായും 1876 മുളന്തുരുത്തി സുന്നഹദോസിനു ശേഷ മാണ്.

മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിലേക്കായി പരി.ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിലെ സുറിയാനി പള്ളികൾക്ക് 1876 ഇടവം 19-ാം തീയതി ഒരു കല്പന അയച്ചിരുന്നു.

ആ കല്പനയിൽ ഇപ്രകാരം പറയുന്നു "പാപ്പാ മതക്കാ രായ പോർച്ചുഗീസുകാർ ഇന്ത്യയിലേക്ക് വന്ന സമയം മുതൽ അവർ നിങ്ങളുടെ ഇടയിൽ വിരുദ്ധകളെ ഉണ്ടാക്കി മീൻ പിടി ക്കുന്നവർക്ക് ചൂണ്ടയിൽ ഇര എറിഞ്ഞു കൊടുക്കുന്നതു പോലെ നിങ്ങളുടെ ഇടയിലും അവർ പ്രവർത്തിച്ചു. നമ്മുടെ ജനത്തെയും പള്ളികളെയും അവർ കവർച്ച ചെയ്തു. പുസ്തകങ്ങളേയും പള്ളി ചട്ടങ്ങളേയും ദഹിപ്പിച്ചു കളഞ്ഞു. ആത്മീയ സമ്പത്ത് പുസ്തകങ്ങൾ ആയതുകൊണ്ട് അവർ നിങ്ങളെ ആത്മീയ കാര്യങ്ങളിൽ വ്യർത്ഥന്മാരും ദരിദ്രന്മാരും ആക്കിത്തീർത്തു."

മലങ്കര സുറിയാനി സഭയുടെ നിലനിൽപ്പിനുവേണ്ടി 1876 മിഥുനം 16,17 എന്നീ തീയതികളിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിൽ ആണ് മലങ്കര സുറിയാനി സഭയ്ക്ക് ഒരു ഭരണ സംവിധാനം ഉണ്ടാക്കണം എന്ന് തീരുമാനിച്ചു. പള്ളി വക മുതൽ ദുർലഭമായി തീർന്നിരിക്കുകയാൽ ജനങ്ങ ളിൽനിന്നു തന്നെ ഞെരുക്കവും പ്രയാസവും കൂടാത്തവിധം ഒരു മുതൽ ശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നതിലേക്ക് ജാതി മുഴുവൻ കൂട്ടിയതായി ഒരു സമൂഹവും അതിന് "സുറി യാനി ക്രിസ്ത്യാനി അസ്സോസിയേഷൻ" എന്ന പേരും കൊടുത്ത് ഒരു അസ്സോസിയേഷൻ രൂപീകരിച്ചു. ആ അസോ സ്സിയേഷനിൽ വച്ച് തെരഞ്ഞെടുത്ത കമ്മറ്റിയിൽ ക്നാനായ സമുദായത്തിലെ അംഗങ്ങളായി നീലംപേരൂർ മാലിത്ര ഏലി യാസ് കത്തനാർ, കുമരകരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ എന്നിവരെ എടുത്തു.

ക്നാനായ സമുദായ ദൈവാലയങ്ങളിൽ നിന്നും ദൈവാ ലയങ്ങളെ പ്രതിനിധീകരിച്ച് രാമമംഗലം പള്ളിയിൽനിന്നും മങ്ങച്ചാലിൽ ഗീവർഗീസ് കത്തനാർ, റാന്നി പള്ളിയിൽനിന്നും താഴത്ത് മാത്തു കത്തനാർ, കല്ലിശ്ശേരി പള്ളിയിൽനിന്നും മുള മൂട്ടിൽ ഏബ്രഹാം കത്തനാർ, തുണ്ടിയിൽ തോമാ കത്ത നാർ, വാളൻപറമ്പിൽ മാത്തുള്ള ഇട്ടിയവിര, പച്ചം കുളത്ത് ഇട്ടിയവിരാ ചാക്കോ, കോട്ടയം വലിയ പള്ളിയിൽനിന്നും ഇട വഴിക്കൽ ഗീവർഗീസ് കത്തനാർ, ഒറ്റത്തൈയ്ക്കൽ തൊമ്മൻമാണി, തുരുത്തിക്കാട്ട് പള്ളിയിൽനിന്നും കൊന്ന യ്ക്കൽ മാത്തുള ചെറിയാൻ, ചെട്ടുവള്ളിൽ പോത്തൻ ചാണ്ടി, നീലംപേരൂർ പള്ളിയിൽനിന്നും മാലിത്തറ ഏലി യാസ് കത്തനാർ, വഞ്ചിത്ര തൊമ്മൻ കുരുവിള, നസ്രാണി തുണ്ടിയിൽ കുര്യൻ വെളിയനാട്ട് പള്ളിയിൽനിന്നും കണ്ണോത്ത് അബ്രഹാം കത്തനാർ, പുത്തൻപുരയ്ക്കൽ ഉതു പ്പാൻ തോമ്മാ, വാഴയിൽ ഉതുപ്പാൻ തോമ്മാ എന്നിവർ ക്നാനായ പള്ളി ഇടവകകളെ പ്രതിനിധീകരിച്ച് നിശ്ചയങ്ങ ളിൽ ഒപ്പു വച്ചു.

കൂടാതെ ഒരു ആലോചന സമിതിയെ തിരഞ്ഞെടുത്തു അതിൽ ക്നാനായക്കാരായി ഒറ്റത്തൈക്കൽ മാണി, നീലം പേരൂർ പനച്ചിത്ര കുരുവിള. കല്ലിശ്ശേരിയിൽ തുണ്ടിയിൽ ചാക്കോ, റാന്നി കല്ലുംമ്പറമ്പിൽ ചാക്കോ എന്നീ അംഗങ്ങൾ ഉണ്ടായിരുന്നു.

സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ എന്ന നാമ

ധേയത്തിൽ മുളന്തുരുത്തിയിൽ കൂടിയ അസോസ്സിയേഷൻ മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് മുന്നോട്ടുകൊണ്ടു പോകുവാൻ സാധ്യമായില്ല.

എന്നാൽ നമ്മുടെ പൂർവ്വ പിതാക്കന്മാരായ ബഹുമാനപ്പെട്ട മൂന്നു വൈദിക ശ്രേഷ്ഠൻ നീലംപേരൂർ മാലിത്ര ഏലിയസ് കത്തനാരും, ഇടവഴിക്കൽ ഗീവർഗീസ് കത്തനാരും, കണ്ണോത്ത് അബ്രഹാം കത്തനാരും, 1882 ധനു 10–ാം തീയതി ക്നാനായ സമുദായത്തിലെ പള്ളികളിലെ വൈദികർക്ക് അയച്ച ഒരു സംയുക്ത ലേഖനം പ്രകാരം 1882 മകരമാസം 8–ാം തീയതി വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽവച്ച് കൂടിയ വൈദികയോഗത്തിന്റെ നിശ്ചയപ്രകാരം ആണ് ക്നാനായ കമ്മറ്റി ആദ്യമായി ഉടലെടുത്തത്. ആ കമ്മറ്റിയിൽ എടുത്ത തീരുമാന പ്രകാരമാണ് മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മറ്റി എന്ന പേര് നിശ്ചയിച്ചത്. ഈ കമ്മറ്റിയുടെ സെക്രട്ടറിയായി കോട്ടയത്ത് ഇടവഴിക്കൽ മാത്യു പീലിപ്പോസിനേയും മുതൽ പിടിക്കാരനായി കുമരംങ്കരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമയെയും നിയമിച്ചു.

പിന്നീട് പല ക്നാനായ ദൈവാലയങ്ങളിൽ ആണ് കമ്മറ്റിയുടെ മീറ്റിംഗുകൾ കൂടിക്കൊണ്ടിരുന്നത്. പിൽക്കാലത്ത് ഈ കമ്മറ്റിയാണ് ക്നാനായ അസോസ്സിയേഷൻ ആയി രൂപപ്പെട്ടത്. ഈ കമ്മറ്റി (അന്നത്തെ അസോസ്സിയേഷൻ) ക്നാനായ സമുദായത്തിന് മലങ്കരയിൽ ആദ്യമായി ക്നാനായ രക്തത്തിൽ പിറന്ന ഒരു സമുദായ മെത്രാപ്പോലീത്തായ്ക്കുവേണ്ടി 1910 മെയ് 8–ാം തീയതി ക്നാനായ കമ്മറ്റി വിശുദ്ധവും സമുദായത്തിന്റെ ഐക്യകണ്ഠേനയുള്ള തെരഞ്ഞെടുപ്പ് നടത്തിയതനുസരിച്ച് ദിവ്യശ്രീ ഇടവഴിക്കൽ ഗീവർഗീസ് കശീശ്ശാ അവർകളെ 1910 ഓഗസ്റ്റ് 31 –ാം തീയതി പരി. പാത്രിയർക്കീസ് ബാവാ വടകര പള്ളിയിൽ വച്ച് മോർ സേവേറിയോസ് എന്ന പേരിൽ ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സ്ഥാനാഭിഷേകം ചെയ്യുകയുണ്ടായി. അങ്ങനെ 1910 ൽ സുറിയാനി ക്നാനായക്കാർക്ക് പ്രത്യേകമായി ഒരു ഭദ്രാസനം നിലവിൽ വരികയും ചെയ്തു.

ഈ കാര്യങ്ങളൊക്കെയും ഇന്ത്യയുടെ പരമോന്നത കോടതി 1995–ലെ സുപ്രീംകോടതി വിധിയിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട് എന്നുള്ളത് നമുക്ക് അഭിമാനിക്കാം. അങ്ങനെ ക്നാനായ സമുദായത്തിന് 1882 മുതൽ ഒരു ചട്ടക്കൂടും ഭരണഘടനാ സംവിധാനവും ഉണ്ടായിരുന്നു. എന്നാൽ മലങ്കരയിലെ സുറിയാനി സഭയ്ക്ക് 1934 ൽ മാത്രമാണ് ഒരു ഭരണഘടന ഉണ്ടായതെന്ന് നാം വിസ്മരിക്കരുത് അതുകൊണ്ടാണ് ഇത്തരണത്തിൽ ഓർമ്മ പുതുക്കലിനു വേണ്ടി സമുദായ സ്ഥാപകദിനം എല്ലാ വർഷവും കൊണ്ടാടുന്നതിന് ക്നാനായ കമ്മറ്റി തീരുമാനമെടുത്തത്. അത് ഈ മാസം 20–ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ കൊണ്ടാടുകയാണ് എന്ന് ഓർമ്മിപ്പിക്കട്ടെ.

ഇതു കൂടാതെ 28–10–2022–ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി എടുത്ത തീരുമാനം

സമുദായ അടിസ്ഥാനത്തിൽ നടത്തുന്ന മെറിറ്റ് അവാർഡ് 2022 ഡിസംബർമാസം പതിനൊന്നാം തീയതി ദയറാപ്പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ചു നടത്തുന്നതിന് തീരുമാനിച്ചു. സമുദായ ആവശ്യത്തിന് ഫ്രീയായി ഹാൾ വിട്ടുതന്ന ദയറാപള്ളി വികാരി എരുത്തിപ്പാട്ട് അച്ചനേയും, പള്ളി ഭാരവാഹികളേയും അഭിനന്ദിക്കുന്നു. മന്ത്രിയും, ജില്ലാ കളക്ടറും, എം.എൽ.എ.മാരും ഉൾപ്പെടെയുള്ള പ്രഗത്ഭരായവരെ ക്ഷണിക്കുന്നതിനും തീരുമാനിച്ചു.

ക്നാനായ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലുള്ള അസ്സോസിയേഷൻ ഹാളിന്റെ എക്സ്റ്റൻഷനും നവീകരണ പ്രവർത്തനങ്ങളുടേയും പുതിയ എൻട്രൻസിന്റെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടുത്ത ക്നാനായ അസ്സോസിയേഷൻ കൂടുന്നത് ശീതീകരിച്ച് പുതുക്കിയ ഹാളിൽവച്ച് ആയിരിക്കും. അസ്സോസിയേഷൻ ഹാളിന്റെ പണി പൂർത്തിയാകുന്ന മുറക്ക് ആയതിന്റെ കൂദാശയ്ക്ക് ബഹു. വൈദികരേയും ക്നാനായ അസ്സോസിയേഷൻ അംഗങ്ങളെയും പള്ളി കമ്മറ്റിക്കാരേയും ക്ഷണിക്കുന്നതിന് തീരുമാനിച്ചു. അമേരിക്കയിലുള്ള ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ അഭിവന്ദ്യ സിൽവാനോസ് തിരുമേനി 14/10/2022–ൽ SA 28/22 നമ്പറായി ഒരു കല്പന പള്ളികൾക്ക് അയച്ചത് ഭരണഘടനാപരവും ജനാധിപത്യപരവും ആയിട്ടല്ല എന്ന് അമേരിക്കയിലുള്ള സമുദായ അംഗങ്ങൾ 22–10–2022–ൽ ക്നാനായ സമുദായ മെത്രപ്പോലീത്തായ്ക്കും, ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കും പരാതി അയക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ 28 –10–2022–ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി ഈ വിഷയത്തിൽ താഴെപ്പറയുന്ന തീരുമാനം എടുക്കുകയുണ്ടായി.

1. ക്നാനായ അസോസ്സിയേഷൻ അഭി. സിൽവാനോസ് തിരുമേനിയെ മലങ്കരയിലേക്ക് തിരിച്ചു വിളിച്ചിട്ടുള്ളതും, ക്നാനായ അസ്സോസിയേഷൻ പുതിയ ഒരു മേഖല തിരിച്ച് ആ പള്ളികളുടെ ചുമതല കൊടുത്തിട്ടുള്ളതാണ്. ആയതിനാൽ അമേരിക്കയിലെ ദൈവാലയങ്ങളിൽ ഭരണഘടനാപരമായ കാര്യങ്ങളിൽ അഭി. സിൽവാനോസ് തിരുമേനിക്ക് കല്പന അയയ്ക്കുവാൻ അധികാരമില്ലാത്തതുമാകുന്നു.

2. അമേരിക്കയിലെ ക്നാനായ ദൈവാലയത്തിൽനിന്നും രണ്ട് പൊതുയോഗ അംഗങ്ങളെ നോമിനേറ്റ് ചെയ്യുവാൻ വികാരിമാർക്ക് അധികാരമുണ്ടോ? ഏത് ഭരണഘടന പ്രകാരമാണ് ദൈവാലയങ്ങൾക്ക് ഇങ്ങനെ ഒരു കല്പന അയച്ചു കൊടുത്തത് എന്ന് തിരുമേനി വ്യക്തമാക്കണം.


3. ക്നാനായ അസ്സോസിയേഷൻ 2016 മാർച്ച് 15 ലെ മീറ്റിംഗിൽ NAKC (North American Knanaya Community) ഭരണഘടന ക്യാൻസൽ ചെയ്തതാണ്.

4. നിയമപരമായും ഭരണഘടനാ പ്രകാരം അല്ലാതെ അയക്കുന്ന കല്പന അനുസരിച്ച് ബഹുമാനപ്പെട്ട വൈദികരും, പള്ളിക്കമ്മറ്റിയും, ഇടവക ജനങ്ങളും പ്രവർത്തിക്കേണ്ടതില്ല എന്ന് കമ്മറ്റി തീരുമാനിച്ചു.

5. ക്നാനായ മാനേജിംഗ് കമ്മറ്റി ഈ വിഷയത്തിലെടുത്ത തീരുമാനങ്ങളോട് ബഹുമാനപ്പെട്ട വൈദികർ സഹകരിച്ച് ഇടവക ജനങ്ങളെ ഈ വിവരം അറിയിക്കുകയും ഇതിനോട് സഹകരിക്കുകയും വേണമെന്ന് മാനേജിംഗ് കമ്മറ്റിക്കു വേണ്ടി ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് ഇളവൻകുളം അമേരിക്കയിലെ ദൈവാലയങ്ങളെ സർക്കുലർ മുഖാന്തരം അറിയിക്കുവാൻ തീരുമാനിച്ചു.

സമുദായത്തിലെ വ്യവഹാരങ്ങൾ അവസാനിപ്പിച്ച് വിട്ടുവീഴ്ചയോടും ഒത്തൊരുമയോടുംകൂടി സമുദായം മുന്നോട്ടു പോകുന്നതിന് ക്നാനായ കമ്മറ്റി എപ്പോഴും തയ്യാറാണ്. ബന്ധപ്പെട്ട ആരുമായും ചർച്ചകൾ നടത്തുന്നതിനും ഞങ്ങൾ ഒരുക്കമാണ്. അതിനുള്ള മനസ്സ് എല്ലാവർക്കും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കൊച്ചു സമുദായത്തിലെ വിഷയങ്ങൾ നമുക്ക് തന്നെ പരിഹരിക്കാവുന്നതേയുള്ളു. അതിന് ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ടു നിർത്തുന്നു.

ക്നാനായ കമ്മറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി,
**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**



# ചിറയിലച്ചൻ: ക്നാനായ സമുദായത്തിലെ നന്മ മരം

ഫാ. ഡോ. ജയിംസ് തോടത്തിൽ

2022 സെപ്തംബർ 29-ന് തന്റെ 89-ാം വയസ്സിൽ 63 വർഷത്തെ ദീർഘമായ പൗരോഹിത്യ ശുശ്രൂഷാനന്തരം നമ്മിൽനിന്നും വേർപെട്ട് കർതൃ സന്നിധിയിലേക്ക് വാങ്ങിപ്പോയ ചിറയിലച്ചൻ അനേക ഹൃദയങ്ങളിൽ കുടിയേറിപ്പാർത്ത പുരോഹിത ശ്രേഷ്ഠനാണ്. വിശ്വാസദൃഢതയും ശുശ്രൂഷാവൈദഗ്ധ്യവും സത്യവിശ്വാസത്തിലുള്ള നിഷ്കർഷയും ഭരണഘടനാപരിചയവും ഭരണനൈപുണ്യവും തികഞ്ഞ ഒരു നന്മമരം ആയിരുന്നു ചിറയിലച്ചൻ. തത്സമയം സ്നേഹത്തിന്റെ നിറകുടവും നിഷ്ക്കളങ്കനും നിർമ്മല മന:സാക്ഷിയുടെ ഉടമയും സാധുക്കളോട് കരുണയുള്ള വൈദികനുമായിരുന്നു അച്ചൻ. പള്ളി പൊതുയോഗങ്ങളും കമ്മറ്റികളും നടത്തുമ്പോൾ വിട്ടുവീഴ്ചയില്ലാത്തതിനാലും ക്ലീമീസ് തിരുമേനിയുടെ വിശ്വസ്ത വൈദികനുമായിരുന്നതിനാലും ചിലരുടെയൊക്കെ ശത്രുത അച്ചൻ സമ്പാദിച്ചിട്ടുണ്ട്. എങ്കിലും അച്ചൻ ആരോടും പരിഭവമില്ലാത്തവനായിരുന്നു.

**ഒരു ലഘു ജീവചരിത്രം**

1934 ആഗസ്റ്റ് 12-ന് വെളിയനാട് ചിറയിൽ സി.കെ. അബ്രഹാമിന്റെയും മറിയാമ്മയുടെയും മൂന്നാമത്തെ മകനായി ജനിച്ചു. ദൈവഭക്തി നിറഞ്ഞ കുടുംബമായിരുന്നു ചിറയിൽ കുഞ്ഞു കുര്യന്റേത് (അച്ചന്റെ പിതാമഹൻ). വെളിയനാട് ബേത്‌ലഹേം പള്ളിയുടെ രൂപീകരണത്തിന് പരിശ്രമിച്ച നാല് കുര്യന്മാരിൽ ഒരാളായിരുന്നു ചിറയിൽ കുഞ്ഞുകുര്യൻ. അച്ചന്റെ അമ്മ വെളിയനാട് പുതുവീട്ടിൽ കുടുംബാംഗമായിരുന്നു. അച്ചന്റെ സഹോദരങ്ങൾ സി.എ. ഏബ്രഹാം, മോളി മാത്യു ഓണാട്ട്, പരേതരായ സി.എ. പുന്നൂസ്, സി.എ. ഫിലിപ്പ് (എന്റെ ഭാര്യ പിതാവ്), സാറാമ്മ ഇടിക്കുള ളാഹയിൽ എന്നിവരാണ്.

കിടങ്ങറ ഗവൺമെന്റ് എൽ.പി. സ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. ബാല്യപ്രായത്തിൽ തന്നെ വൈദികനാകാനുള്ള ആഗ്രഹം അച്ചനിൽ ഉണ്ടായിരുന്നു. സൺഡേസ്കൂൾ അദ്ധ്യാപകൻ, മദ്ബഹായിലെ ശുശ്രൂഷകൻ എന്നീ നിലകളിലൊക്കെ ചെറുപ്പത്തിൽതന്നെ പ്രവർത്തിച്ചു. അച്ചന്റെ കുടുബാംഗവും നാല് തലമുറയ്ക്ക് മുൻപുള്ള ക്നാനായ കമ്മറ്റിയംഗവും സർക്കീട്ട് മെമ്പറുമായിരുന്ന കണ്ണോത്ത് സി.കെ. ഏബ്രഹാം അച്ചനെക്കുറിച്ചുള്ള സ്മരണയും ചിറയിൽ അച്ചനെ വൈദികനാകുവാൻ അച്ചനെ പ്രചോദിപ്പിച്ചു.

1956 ൽ മഞ്ഞനിക്കര ദയറായിൽ യൂലിയോസ് ബാവാ, യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്ത, വന്ദ്യ ദിവ്യശ്രീ മോശസലാമ റമ്പാൻ എന്നീ മൽപാന്മാരുടെ ശിക്ഷണത്തിൽ വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. 1957 മെയ് 5-ന് ക്ലീമീസ് തിരുമേനിയിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. 1959 മെയ് 5 ന് യൗഫ്ദിയോക്കനോ പട്ടവും 1959 ജൂൺ 6-ന് പൂർണ്ണ ശെമ്മാശ്ശ് പട്ടവും കശ്ശീശ്ശാ പട്ടവും ഒരുമിച്ചു സ്വീകരിച്ചു. ആഗസ്റ്റ് 6-ന് നവപൂജാർപ്പണം നടത്തി. തിരുമേനിയുടെ ആജ്ഞാനുസരണം അച്ചന്റെ പിതൃ സഹോദരി ഭർത്താവ് ഇടവഴിക്കൽ E.L. തോമസ് കശ്ശീശ്ശായുടെ ശിക്ഷണത്തിലാണ് തക്സാ പഠിച്ചത്.

മാമ്പുഴക്കരി സെന്റ് ജോർജ് പള്ളിയിലാണ് അച്ചന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്നത്. പിന്നീട് ബേത്‌ലഹേം പള്ളിയിൽ 1961-69,1970-1980 കാലഘട്ടത്തിൽ ശുശ്രൂഷ ചെയ്തു. ഇക്കാലയളവിൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ബി.എ.യ്ക്ക് പഠിച്ചു. 1969-ൽ ചിങ്ങവനം പുത്തൻപള്ളിയിൽ നിയമിതനായി. ക്നാനായ സമുദായത്തിലെ പ്രതിസന്ധിഘട്ടത്തിൽ ഒരേ സമയം അഞ്ച് പള്ളികളിൽ വികാരിയായി സേവനം ചെയ്തു.

1980 സെപ്തംബർ 14 ന് ദമസ്ക്കോസിൽ നടന്ന സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ച കൂട്ടത്തിൽ വിശുദ്ധനാട് സന്ദർശനം നടത്തുവാൻ ഉള്ള ദൈവകൃപയും അച്ചനുണ്ടായി.

1981 ജനുവരിയിൽ മലബാർ അഡ്മിനിസ്ട്രേറ്റർ ആയി നിയമിതനായി. ഇക്കാലത്ത് മലബാറിന്റെ വ്യത്യസ്ഥ പ്രദേശങ്ങൾ സന്ദർശിച്ച് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. കൂടാതെ നിലമ്പൂരിൽ വടപുറം പള്ളിയോട് ചേർന്ന് ഒരു യു.പി. സ്കൂൾ, കോൺവെന്റ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവയ്ക്കുള്ള പ്രാരംഭനടപടികളും ഇക്കാലയളവിൽ നിർവ്വഹിച്ചു.

1982 മുതൽ വെളിയനാട് മോർ സ്തേഫാനോസ്പള്ളിയിൽ വികാരിയായിരുന്നപ്പോഴാണ് ഇന്ന് കാണുന്ന പുതുക്കിപണിത ദൈവാലയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതും കൂദാശ കർമ്മം നിർവ്വഹിക്കുന്നതും. ചിങ്ങവനം ദയറാ പള്ളി, നീലംപേരൂർ പള്ളി, റാന്നി വലിയ പള്ളി, ചിങ്ങവനം ശാലേം പള്ളി, കല്ലിശ്ശേരി പള്ളി, കോട്ടയം വലിയ പള്ളി, എന്നിവിടങ്ങളിൽ വികാരിയായിരുന്നു.

1986 മുതൽ 1992 വരെ തുടർച്ചയായ രണ്ട് അസ്സോസിയേഷനുകളിൽ ഐകൃകണ്ഠേന തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. ആദ്യത്തെ സെഷനിൽ തന്നെ വൈദികരുടെ മൂന്നു വർഷം കൂടുമ്പോഴുള്ള പൊതു സ്ഥലമാറ്റവും കേന്ദ്രീകൃത ശമ്പള വ്യവസ്ഥയും സേവന വേതന വ്യവസ്ഥയും അംഗീകരിപ്പിച്ചു നടപ്പിലാക്കി. ഇതിന്റെ പിന്നിലെ ചിറയിലച്ചന്റെ അദ്ധ്വാനം അഭിനന്ദനാർഹമാണ്. 1987 മാർച്ച് 7-ന് ചിറയിലച്ചൻ അഭി. ക്ലീമീസ് തിരുമേനിയാൽ കോർ എപ്പിസ്ക്കോപ്പ ആയി ഉയർത്തപ്പെട്ടു.

1988-ൽ വന്ദ്യ മണലിത്തറ ഡോ.എം.കെ. തോമസ് കോർ എപ്പിസ്ക്കോപ്പാ ആരംഭിച്ച Pre-Theological Seminari-ൽ സുറിയാനി പഠിപ്പിക്കുവാനും ആരാധനാഗീതങ്ങൾ അഭ്യസിപ്പിക്കുവാനും ചിറയിലച്ചനും ഉണ്ടായിരുന്നു. അവിടെവച്ചാണ് ബലഹീനനായ ഞാൻ ആദ്യമായി ചിറയിലച്ചനെ കാണുന്നതും പരിചയപ്പെടുന്നതും.

1989-ൽ ക്നാനായ സമുദായ വികാരി ജനറാൾ ആയി ക്ലീമീസ് തിരുമേനി അച്ചനെ നിയമിച്ചു. 1991 ആഗസ്റ്റിൽ അമേരിക്ക സന്ദർശിച്ചു. ഫിലാഡൽഫിയായിൽ നടക്കുന്ന നോർത്ത് അമേരിക്കൻ ക്നാനായ കൺവെൻഷനിൽ സംബന്ധിക്കുവാൻ വികാരി ജനറാൾ എന്ന നിലയിലാണ് അച്ചൻ അവിടെ ചെന്നത്. അക്കൂട്ടത്തിൽ നോർത്ത് അമേരിക്കയിലെ

വിവിധ ദൈവാലയങ്ങൾ സന്ദർശിക്കുവാൻ ദൈവം അച്ചനെ അനുഗ്രഹിച്ചു.

1999-ൽ വൈദികവൃത്തിയിൽ നിന്ന് 65-ാം വയസ്സിൽ വിരമിച്ചു. എങ്കിലും മരിക്കുന്നതിന് 1 മാസം മുമ്പുവരെ തന്റെ സേവനം വിവിധ ദൈവാലയങ്ങളിൽ തുടരുവാൻ അച്ചനെ ദൈവം സഹായിച്ചു. ഏറ്റവും അവസാനം വെളിയനാട് മിഷ്യൻ പള്ളിയിലായിരുന്നു അച്ചന്റെ ശുശ്രൂഷ.

**തീഷ്ണവാനായ ചിറയിലച്ചൻ**

തന്റെ ഇടവക ശുശ്രൂഷയിൽ ഇത്രമാത്രം ആത്മാർത്ഥതയുള്ള ഒരു വൈദികനെ ഞാൻ കണ്ടിട്ടില്ല. ഇടവകയിലെ എല്ലാ ഭക്ത സംഘടനകൾക്കും ആവശ്യമായ പിൻതുണ നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. സത്യവിശ്വാസം വിട്ട് അണുവിട വ്യതിചലിക്കില്ല. നോമ്പും പ്രാർത്ഥനയും മുടക്കുകയില്ല. കുമ്പിട്ട് പ്രാർത്ഥിക്കുന്നതിൽ യാതൊരു വൈമനസ്യവും അച്ചനില്ലായിരുന്നു. മൂന്നു നോമ്പിലും വലിയ നോമ്പിലും നാല്പത് കുമ്പിടീൽ യാതൊരു ക്ഷീണവുമില്ലാതെ നിവർത്തിക്കുന്നത് അതിശയത്തോടെയാണ് ഞാൻ കണ്ടിരുന്നത്.

ഏതു പള്ളിയിൽ കുർബ്ബാനയ്ക്ക് സംബന്ധിക്കാൻ പോയാലും വി. കുർബ്ബാന അർപ്പിക്കുന്നില്ലെങ്കിലും വി. കുർബ്ബാന അനുഭവിക്കാൻ തൽപരനായിരുന്നു. വി. കുമ്പസാരത്തിനായി എത്ര ജൂണിയർ വൈദികന്റെ മുൻപിലും മുട്ടുകുത്തുമായിരുന്നു. മകന്റെ സ്ഥാനത്തുള്ള ഞാൻ പോലും അച്ചന് എത്രയോ തവണ വി. കുമ്പസാരം എന്ന കൂദാശ നൽകിയിട്ടുണ്ട്. അവസാന കാലമായപ്പോൾ വി. കുർബ്ബാനയ്ക്കും വി. കുമ്പസാരത്തിനും അപ്പച്ചൻ നൽകുന്ന പ്രാധാന്യം ഞാൻ കൂടുതൽ ശ്രദ്ധിച്ചിരുന്നു. പ്രധാന ത്രോണോസിൽ വി. കുർബ്ബാന അർപ്പിക്കണമെന്ന് യാതൊരു നിർബ്ബന്ധവും അച്ചനില്ലായിരുന്നു. എത്ര ജൂണിയർ അച്ചൻ പ്രധാന ത്രോണോസിൽ വി. കുർബ്ബാന അർപ്പിക്കുന്നതെങ്കിലും വശങ്ങളിലെ ത്രോണോസുകളിൽ നിന്ന് വി. കുർബ്ബാന ചൊല്ലുന്നതിന് അച്ചന് യാതൊരു മടിയുമില്ലായിരുന്നു.

ക്നാനായ സമുദായ വികാരി ജനറാൾ, അസ്സോസിയേഷൻ പ്രസിഡന്റ്, വൈദിക ട്രസ്റ്റി, ഭദ്രാസന സെക്രട്ടറി, ക്നാനായ കമ്മറ്റിയംഗം, വൈദിക കൗൺസിൽ മെമ്പർ തുടങ്ങിയ വിവിധ സ്ഥാനങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ് അച്ചൻ. യാതൊരുവിധ പ്രതിഫലേച്ഛയും കൂടാതെ ആത്മാർത്ഥമായി സമുദായത്തെ സ്നേഹിച്ച വ്യക്തിയാണ് അച്ചൻ.

അച്ചന്റെ നിർമ്മലതയും നിഷ്ക്കളങ്കതയും ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരാളോടുപോലും പകയോ, പിണക്കമോ ഇല്ല. എല്ലാവരോടും സ്നേഹം മാത്രം. ആരോടെങ്കിലും എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ മുഖത്ത് നോക്കിപ്പറയും. അവരെങ്ങനെ പ്രതികരിച്ചാലും അച്ചന് വിഷയമല്ല. ആ വിഷയം അവിടെക്കഴിയും. സ്നേഹത്തിന്റെ നിറകുടം ആയിരുന്നു അച്ചൻ. സാധുക്കളെ സഹായിക്കുന്നതിനുള്ള അച്ചന്റെ താൽപര്യം ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. എന്റെ ആദ്യത്തെ ശമ്പളം കിട്ടിയപ്പോൾ ദശാംശം ദൈവത്തിനുള്ളതാണെന്ന് എന്നെ പഠിപ്പിച്ചു. സാധുക്കളുടെ ബുദ്ധിമുട്ടിൽ അവരെ സഹായിക്കുന്നത് തന്റെ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞിട്ടുള്ള പുരോഹിതനായിരുന്നു ചിറയിലച്ചൻ.

ചിറയിലച്ചന്റെ ആത്മീയത വി. കൂദാശകളോട് ബന്ധപ്പെട്ടിട്ടുള്ളതാണ്. സ്വർഗ്ഗത്തിൽ പോകണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്ന അച്ചൻ വി. കൂദാശാ സ്വീകരണം വഴി സ്വർഗ്ഗത്തിൽ പോകാമെന്ന് വിശ്വസിച്ചിരുന്ന വൈദികനാണ്. സ്വർഗ്ഗത്തിൽ പോകുന്നതിന് കുമ്പസാരിച്ച് ഒരുങ്ങിയിരുന്ന വൈദികനായിരുന്നു ചിറയിലച്ചൻ

**എന്നെന്നും ക്ലീമീസ് മെത്രാച്ചനോടൊപ്പം**

തന്റെ തലയിൽ കൈവച്ച മെത്രാപ്പോലീത്തായോടുള്ള വിധേയത്വമാണ് ഈ തലക്കെട്ടിൽ പ്രകടമാകുന്നത്. 'ഞാൻ പിന്നിട്ട വഴികൾ' എന്ന അച്ചന്റെ ആത്മകഥയിലെ ഒരു അദ്ധ്യായം ആണ് "എന്നെന്നും സമുദായ മെത്രാപ്പോലീത്തായോടൊപ്പം" എന്നത്. തിരുമേനിയോട് ഇത്ര മാത്രം വിധേയത്വം പുലർത്തിയിട്ടുള്ള മറ്റൊരു വൈദികൻ ഉണ്ടായിരുന്നുവോ എന്ന് സംശയം. ഏത് പ്രതിസന്ധി ഘട്ടത്തിലും ക്ലീമീസ് തിരുമേനിക്ക് വിശ്വാസത്തോടെ സമീപിക്കുവാൻ കഴിയുന്ന വൈദികനായിരുന്നു ചിറയിലച്ചൻ. അതിന്റെ വലിയ ഉദാഹരണമാണ് അഞ്ച് പള്ളികളുടെ വികാരിയായി ഒരേ സമയം അച്ചൻ പ്രവർത്തിച്ചത്. ഭരണഘടനയിലുള്ള അവഗാഹവും തിരുമേനിയോടുള്ള വിശ്വസ്തതയും എടുത്തു പറയേണ്ടതാണ്. സ്വന്തം കാര്യസാധ്യത്തിനോ പണസമ്പാദനത്തിനോ അച്ചൻ ക്ലീമീസ് തിരുമേനിയോടുള്ള അടുപ്പം ചൂഷണം ചെയ്തിട്ടില്ല. ചിറയിലച്ചന്റെ മരുമകൻ എന്ന നിലയിൽ എനിക്കുവേണ്ടിപോലും അച്ചൻ ക്ലീമീസ് തിരുമേനിയുടെ അടുക്കൽ തന്റെ സ്വാധീനം ഉപയോഗിച്ചിട്ടില്ലെന്ന് എനിക്ക് നല്ല ബോധ്യമാണ്. അച്ചന്റെ വ്യക്തിത്വത്തെക്കുറിച്ച് നല്ല അവബോധമുള്ളവരെല്ലാം എന്റെ അഭിപ്രായത്തോട് യോജിക്കും. ക്ലീമീസ് തിരുമേനിയോടുള്ള വിധേയത്വം ദൈവം അംഗീകരിച്ചതുകൊണ്ടായിരിക്കും അതേ തീയതിയിൽ തന്നെ ചിറയിലച്ചനും ഇഹലോകവാസം വെടിയുവാൻ ദൈവം അനുവദിച്ചത്.

**സമുദായത്തിൽ വൈദികരെ വാർത്തെടുക്കുന്നതിൽ ചിറയിലച്ചന്റെ പങ്ക്**

വൈദികനാകണമെങ്കിൽ ദൈവവിളി ആവശ്യമാണ്. ഈ ദൈവവിളി ആരുടെയെങ്കിലും പ്രോത്സാഹനം വഴിയാകാം. അങ്ങനെ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരെ പ്രോത്സാഹിപ്പിച്ച് സെമിനാരിയിലേക്ക് കൊണ്ടുവരുന്നതിൽ ചിറയിൽ അച്ചൻ പ്രകടമാക്കിയിട്ടുള്ള അനിതരസാധാരണമായ മികവ് പ്രത്യേകം അഭിനന്ദനാർഹമാണ്. ചിറയിലച്ചനിലൂടെ അനേകം വൈദികരെ ദൈവം വിളിച്ചിട്ടുണ്ടെന്നുള്ളത് വസ്തു നിഷ്ഠമാണ്. ക്ലീമീസ് തിരുമേനി പട്ടം കൊടയുടെ തീയതി നിശ്ചയിക്കുന്നതുപോലും ചിറയിലച്ചനുമായി ചർച്ച ചെയ്തതിനുശേഷമായിരുന്നു.

**ദൈവസന്നിധിയിലേക്ക്**

എന്റെ ഭവനത്തിൽവച്ച് ആണ് അച്ചനെ ദൈവം തന്റെ സന്നിധിയിലേക്ക് വിളിക്കുന്നത്. സെപ്തംബർ 29-ാം തീയതി വൈകിട്ട് അച്ചൻ മരിക്കുന്നതിനു മുൻപ് എന്റെ ഭാര്യയോടും മകളോടുമൊപ്പം സന്ധ്യാ പ്രാർത്ഥനയിൽ സംബന്ധിച്ചു. രോഗികൾക്കുവേണ്ടിയുള്ള അപേക്ഷയും മാതാവിനോടുള്ള അപേക്ഷയും ചൊല്ലി. ദൈവമാതാവിന്റെ ഭക്തനായ അച്ചന് മാതാവിനോടുള്ള അടുപ്പം അത്രയ്ക്ക് വലിയതായിരുന്നു. വളരെ ശാന്തമായി കർതൃസന്നിധിയിലേയ്ക്ക് യാത്രയായി. രാത്രി 8 മണി ആയപ്പോൾ അച്ചനെ ദൈവം തന്റെ മാലാഖമാരെ അയച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി.

ചിറയിലച്ചൻ എന്ന നന്മ മരം നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. അച്ചന്റെ ആഗ്രഹമായിരുന്നു മരണാനന്തരം നാൽപത് ദിവസവും വി.കുർബ്ബാന അർപ്പിക്കണമെന്ന്. അക്കാര്യവും ദൈവം അച്ചനുവേണ്ടി ക്രമീകരിച്ചു. ക്നാനായ സമുദായത്തിന്റെ പുണ്യമായിരുന്നു ചിറയിലച്ചൻ. ദൈവം അച്ചനോട് നീതി കാട്ടി. ഒരു ഭാഗ്യമരണം അച്ചന് നൽകി. സ്നേഹ സമ്പന്നനായ ഈ വൈദികൻ എല്ലാ വൈദികർക്കും മാതൃകയാകേണ്ട വ്യക്തിത്വത്തിന് ഉടമയാണ്. അച്ചനോട് അടുത്തിട്ടുള്ള ഒരാളുപാലും അച്ചന്റെ സ്നേഹത്തെ മറക്കുകയില്ല. ഇത്രയും സ്നേഹം നിറഞ്ഞ് നിൽക്കുന്ന മറ്റൊരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല. അതെ ക്നാനായ സമുദായത്തിലെ നന്മമരമായിരുന്നു ചിറയിലച്ചൻ.

***പറുദീസായുടെ അവകാശിയായ പുരോഹിതാ സമാധാനത്തോടെ പോകുക!***

# എവിടെ ആടുകളുടെ നല്ല ഇടയൻ

റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

യേശുതമ്പുരാൻ തന്റെ തോളിൽ ഒരു ആട്ടിൻകുട്ടിയെ ഏന്തിനിൽക്കുന്ന ഒരു ചിത്രം പലർക്കും സുപരിചിതമാണ്. വേദപണ്ഡിതരുടെ അഭിപ്രായത്തിൽ ആ ചിത്രത്തിന്റെ പിന്നിൽ ഒരു ഹൃദയസ്പർശിയായ കഥ ഉള്ളതായി സൂചിപ്പിക്കുന്നു. യെറുശലേം ദൈവാലയത്തിൽ ഏതോ നിർദ്ധനനായ മനുഷ്യൻ തനിക്കുണ്ടായിരുന്ന മുടന്തുള്ള ആടിനെ ബലിയർപ്പിക്കാൻ കൊണ്ടുചെന്നു. ബലിപീഠത്തിനരികിൽ പ്രസ്തുത ആടിനെ എത്തിച്ചപ്പോൾ ആ ആട്ടിൻകുട്ടിക്ക് ന്യൂനത ഉണ്ട് എന്ന് പുരോഹിതൻ കണ്ടെത്തുകയും, ഊനമില്ലാത്ത ആട്ടിൻകുട്ടിയെ മാത്രമേ യഹോവയ്ക്ക് ബലിയർപ്പിക്കാൻ കഴിയൂ എന്ന് ആ മനുഷ്യനെ പുരോഹിതൻ ബോധ്യപ്പെടുത്തുകയും ചെയ്തു. ഊനമില്ലാത്ത മറ്റൊരാടിനെ വാങ്ങി ബലിയർപ്പിക്കാൻ നിർവ്വാഹമില്ലാതിരുന്ന നിർദ്ധനനായ ആ മനുഷ്യൻ താൻ ബലിയർപ്പിക്കാൻ കൊണ്ടുവന്ന മുടന്തുള്ള ആ ആട്ടിൻകുട്ടിയെ യെറുശലേം ദൈവാലയ പരിസരത്ത് ഉപേക്ഷിച്ചു മടങ്ങുകയും ചെയ്തു എന്നു കഥ. പിന്നീട് യെറുശലേം ദൈവാലയത്തിന്റെ പരിസരത്ത് മുടന്തിയും, ഇഴഞ്ഞും നടന്നിരുന്ന ആ ആട്ടിൻകുട്ടിയെ ആരും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഒരിക്കൽ യേശുതമ്പുരാൻ യെറുശലേം ദൈവാലയത്തിൽ കടന്നു ചെന്നപ്പോൾ, അംഗപരിമിതിയുള്ള ആ ആട്ടിൻകുട്ടിയെ കാണുകയും, അതിനോടു മനസ്സലിവു തോന്നുകയും, തന്റെ കരങ്ങളിൽ ഏറ്റുകയും ചെയ്തപ്പോൾ, അതിന്റെ ന്യൂനതകൾ പരിഹരിക്കപ്പെട്ട് ഊനമില്ലാത്ത ആട്ടിൻകുട്ടിയായി അത് ബലിപീഠത്തിൽ യഹോവയ്ക്ക് യാഗമായി അർപ്പിക്കപ്പെടുകയും ചെയ്തു എന്ന് വേദപണ്ഡിതർ സാക്ഷിക്കുന്നു. ആരാലും ശ്രദ്ധിക്കപ്പെടാതിരുന്ന മുടന്തുള്ള ആട്ടിൻകുട്ടിയെ യാഗത്തിന് പര്യാപ്തമാക്കിയ യേശുക്രിസ്തുവിന്റെ സീമാതീതമായ സ്നേഹത്തെയാണ് നാം ഇവിടെ കാണുന്നത്. നാം ഇന്നു ജീവിക്കുന്ന സമൂഹത്തിലും ഇപ്രകാരം മുടന്തിയും, ഇഴഞ്ഞും നീങ്ങുന്ന അനേകം സഹജീവികൾ നമുക്കു ചുറ്റും ഉള്ളപ്പോൾ, അവയെ ഗൗനിക്കാതെ നാമും പലപ്പോഴും അവയെ കടന്നു പോകുന്നു. ആരെ എങ്കിലും ഒന്നു കേൾക്കാനോ, അവരുടെ സങ്കടങ്ങളിൽ അവരെ ആശ്വസിപ്പിക്കാനോ നമ്മിൽ പലരും ശ്രമിക്കാറും ഇല്ല എന്നതല്ലെ വാസ്ഥവം. സ്വയം തിരക്ക് അഭിനയിച്ചുകൊണ്ടും തിരക്ക് യാന്ത്രികമായി സൃഷ്ടിച്ചുകൊണ്ടും കടമകളിൽനിന്നും നാം ഒഴിഞ്ഞുമാറാൻ ശ്രമിക്കുമ്പോൾ “ഹേ മനുഷ്യാ” ഒരു രോഗം മതി നിന്റെ എല്ലാ തിരക്കുകൾക്കും വിരാമമാകുവാൻ. തിരക്കുകൾ മൂലം ആരെയും വിളിക്കാതിരുന്ന നീ എല്ലാവരേയും വിളിക്കാൻ ധൃതിപ്പെടുന്നു, കാരണം ഞാൻ രോഗിയായി മാറിയിരിക്കുന്നു. ബന്ധുക്കളെ സമയക്കുറവു മൂലം സന്ദർശിക്കാൻ കഴിയാത്ത നീ ബന്ധുക്കൾ ഒന്നു കടന്നുവന്ന് ആശ്വസിപ്പിച്ചെങ്കിൽ എന്ന് ആശിക്കുന്നു. അമ്മയേയും അച്ഛനേയും, മക്കളേയും, അയൽപക്കത്തേയും, നാടിനേയും, നാട്ടുകാരേയും, പലപ്പോഴും തിരക്കു കാരണം നാം ഒഴിവാക്കുന്നു. ഇതാണ് എന്റെയും നിന്റെയും ജീവിതം ഇത്രയേ ഒള്ളൂ ജീവിതം, തിരക്കുകൾ വെറും അഭിനയങ്ങൾ മാത്രമാണ്. കുഴിമാടം വരെയുള്ള അവസാനിക്കാത്ത തിരക്കുകൾ മൂലം മനുഷ്യൻ അവന്റെ ആത്മീയവും ലൗകീകവുമായ ബന്ധങ്ങൾ അപ്പാടെ വിച്ഛേദിക്കുന്നു. തിരക്കുകൾക്കിടയിലും, സമസ്യഷ്ടിയേയും സഹജീവികളേയും, മാനിച്ചും അവരുടെ സങ്കടങ്ങളും, ആവലാതികളും ഒന്നു കേട്ടും, ആശ്വസിപ്പിച്ചും,സാന്ത്വനിപ്പിച്ചും കടന്നുപോകുമ്പോഴല്ലെ, ഈ ഭൂമിയിലെ ജീവിതം അർത്ഥപൂർണ്ണമാകൂ. ക്രിസ്തുവിന്റെ ഭാവം നമ്മിൽ ഉണ്ടാകുമ്പോൾ തിരക്കുകൾക്കിടയിലും കർത്തവ്യങ്ങൾക്ക് മുടക്കം വരാതെ സൂക്ഷിക്കുവാൻ നമുക്ക് ദൈവീക കൃപ ലഭിക്കും എന്നതിൽ സംശയമേ വേണ്ട.

# ക്നാനായദീപം മാസിക വരിസംഖ്യ, പരസ്യനിരക്കുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം സെപ്തംബർ ലക്കം മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. വിദേശത്ത് മാസിക കിട്ടാത്തവർ ക്നാനായ ദീപത്തിന്റെ Whats app no. **8547584440** ൽ ബന്ധപ്പെടുക. കോവിഡിനു ശേഷം പേപ്പറിന് 60% ത്തിനു മേൽ വർദ്ധനവ് ഉണ്ടായതിനാൽ ക്നാനായ ദീപത്തിന്റെ അച്ചടി അനുബന്ധ ചിലവുകൾ ഗണ്യമായി വർദ്ധിച്ചതിനാൽ **2022 ഡിസംബർ ലക്കം മുതൽ പരസ്യനിരക്കിലും 2023 ജനുവരി മുതൽ വരിസംഖ്യനിരക്കിലും** ചെറിയ ഒരു വർദ്ധനവ് വരുത്തുകയാണ്. വിദേശത്തുള്ളവർ ദയവായി കുടിശിഖ അടയ്ക്കണം. അല്ലാത്തപക്ഷം മാസിക അയക്കുകയില്ല.

വർദ്ധനവ് നിരക്കുകൾ ഈ ലക്കം മാസികയിൽ ചേർക്കുന്നു. ഇന്ത്യയിലും വരിസംഖ്യ പിരിക്കുന്നതിന് ഇപ്പോൾ സാധിക്കുന്നില്ല. കേരളത്തിലും, കേരളത്തിനു പുറത്തുള്ളവർക്കും കുടിശ്ശിഖയുണ്ട്.

ക്നാനായ ദീപത്തിന്റെ വാട്ട്സ് അപ്പ് നമ്പരായ **8547584440** ൽ അഡ്രസ് അയച്ചാൽ കുടിശിഖ അറിയിക്കുന്നതായിരിക്കും. ഓൺലൈനായി ബാങ്ക് അക്കൗണ്ടുകളിൽ കുടിശിഖയും പരസ്യചാർജുകളും അയയ്ക്കാവുന്നതാണ്. എല്ലാവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

എന്ന്,

**മാനേജിംഗ് എഡിറ്റർ**
**Ph: 9447563240, 8547584440**
Email: kna.deepam@gmail.com

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**

# വിവാഹിതരായി



Advt -O

കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ പേച്ചിപ്പാറ എട്ടൊന്നിൽ മനോജ് സഖറിയായുടെയും അനിതയുടെയും മകൻ **KIRAN MANOJ**–ഉം ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ മൂലംകുളത്ത് ഫാ. ജോൺ മാത്യുവിന്റെയും ജൂലിയുടെയും മകൾ **ALMA ELIZABETH JOHN**–ഉം തമ്മിലുള്ള വിവാഹം സെപ്റ്റംബർ 26–ന് കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയിൽ നടത്തപ്പെട്ടു.

## 50–ാം വിവാഹവാർഷികം

27–11–2022



**കെ. എസ്. മാത്യു & ശോശാമ്മ മാത്യു**

(ജോയി)

കുര്യൻപറമ്പിൽ (കട്ടയിൽ)

വടപുറം, നിലമ്പൂർ

Advt -O

മക്കൾ: ജോമോൻ, അനുമോൾ, ജോജോ

മരുമക്കൾ: സെലിൻ, ഷീജ, ബീന

കൊച്ചുമക്കൾ: ജോബിൻ, ജിത്തു, ജോയൽ, ആൽവിൻ, അഖിൽ, അനഹ, അലിൻ

## 33rd Wedding Anniversary

19–11–2022



Advt -S

**ABRAHAM PHILIP &**
**ELSAMMA ABRAHAM**

**Kochupurackal, Neelamperoor**

Anila & Sukku
Aneesh & Shona and Irene Elsa Aneesh
Anu & Mikku

*Congratulations*

**AMALU RAJU**



M.G. University B.Ed (Commerce) പരീക്ഷയിൽ Overall A+ (96%) കരസ്ഥമാക്കിയ **അമലു രാജുവിന്** അഭിനന്ദനങ്ങൾ. കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി ഇടവകയിൽ മുളംതുണ്ടിയിൽ **ശ്രീ. എം.റ്റി. രാജുവിന്റെയും** (Rtd. BSNL, Thiruvalla) **ശ്രീമതി സോമോൾ രാജുവിന്റെയും** (Valayamthara, Kattappana) പുത്രിയാണ്.

Best Wishes from
Ayana & Elias

Advt -O




Advt -O




Advt -O

# ഇടവക ദിനം





ബഹറിൻ സെന്റ് ഗ്രിഗോറിയോസ് ക്നാനായ സിറിയൻചർച്ച്– ഇടവകദിനം 'തനിമ 22' ഒക്ടോബർ 7 വെള്ളിയാഴ്ച നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. നോബിൻ തോമസിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് ICRF ചെയർമാൻ ഡോ. ബാബു രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോവിഡ് മഹാമാരി കാലത്ത് ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്ത ഇടവകയുടെ സ്ഥാപക അംഗം ബാബു ഏബ്രഹാം പട്ടുകാലായിലിനെയും കുടുംബത്തെയും പ്രത്യേകം ആദരിക്കുകയും ചെയ്തു. **Kcec** പ്രസിഡന്റ് റവ. സാബു ലോറൻസ്, **Kca** പ്രസിഡന്റ് നിത്യൻ തോമസ്, സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളി വികാരി റവ. ഫാ. റോജൻ പേരക്കത്ത് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഇടവക സെക്രട്ടറി റോഷൻ മോനി സ്വാഗതവും, ഇടവക ട്രസ്റ്റി സോണി കുര്യാക്കോസ് നന്ദിയും രേഖപ്പെടുത്തി. തുടർന്ന് ഇടവക അംഗങ്ങളുടെ വിവിധയിനം കലാപരിപാടികളും നടത്തപ്പെട്ടു.

Advt -O

# ക്നാനായ പൈതൃക സായാഹ്നം



ക്നാനായ പൈതൃക സായാഹ്നം ക്നാനായ സമുദായമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ഫാ ജേക്കബ് കല്ലുകുളം, ഫാ സേവേറിയോസ് തോമസ്, റോയ് പുത്തൻപുരയ്ക്കൽ, അനീഷ് തകിടിയിൽ, ജോബികാരിക്കോട്ട്, അനുപാടകശ്ശേരിയിൽ, എ.കെ. തോമസ് പടിഞ്ഞാറേതിൽ, തോമസ് ജേക്കബ് കണ്ണാട്ടുപറമ്പിൽ എന്നിവർ സമീപം



50TH

Wedding Anniversary

23-10-2022

*Best wishes from*

*Beloved Children and*

*Grand Children*



**Chachiamma Abraham**

**P. A. Abraham**

**Kaniyamparambil, Pulayakunnil, Eraviperoor**

Advt -O


## സ്മിജു ജേക്കബ് മറ്റക്കാട്ടിന് എൽമർ ക്രോ ഇന്റർനാഷണൽ അവാർഡ്



വൈസ്മെൻ ഇന്റർനാഷണലിന്റെ മികച്ച ഡിസ്ട്രിക്ട് ഗവർണർക്കുള്ള എൽമർ ക്രോ ഇന്റർനാഷണൽ അവാർഡ് സ്മിജു ജേക്കബ് മറ്റക്കാട്ട്-ന് ലഭിച്ചു.

വൈസ്മെൻ ഇന്റർനാഷണൽ, സെൻട്രൽ ട്രാവൻകൂർ റീജിയൻ, ഡിസ്ട്രിക്ട് 1 ലെ വിവിധ ക്ലബ്ബുകൾ വഴി ഭവനദാനം, ഓക്സിജൻ പ്ലാന്റ്, ക്യാൻസർ കെയർ, കിഡ്നി കെയർ, കോവിഡ് കെയർ തുടങ്ങി ഹീൽ ദി വേൾഡ് പദ്ധതികളിലൂടെ 45 ലക്ഷം രൂപയുടെ കാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതും, പുതിയ ക്ലബ്ബുകൾ രൂപീകരിച്ചതും, അംഗങ്ങളുടെ വർദ്ധനവും പരിഗണിച്ചാണ് ഇന്റർനാഷണൽ അവാർഡ് ലഭിച്ചത്.

ജൂനിയർ ചേംബർ ഇന്റർനാഷണലിന്റെ പരിശീലകനും, റാന്നി എം. എസ് സ്കൂളിലെ പ്ലസ് ടു അധ്യാപകനുമായ സ്മിജു ജേക്കബ്, ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി അംഗം, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി, ക്നാനായ സ്റ്റുഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി, ഓതറ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കുള്ള നാഷണൽ സർവീസ് സ്കീമിന്റെ മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള അവാർഡും, കേരള സാഹിത്യ സമിതിയുടെ ഗുരുശ്രേഷ്ഠ അവാർഡും മുമ്പ് ലഭിച്ചിട്ടുണ്ട്.

അന്തർദേശീയ പ്രസിഡന്റ് ഡോ. കിം സാങ് പി (ദക്ഷിണ കൊറിയ) ആണ് അവാർഡ് പ്രഖ്യാപിച്ചത്. മാർച്ചിൽ തായ്‌വാനിൽ വച്ചു നടക്കുന്ന അന്തർദേശീയ സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.

Advt -O

**50th Wedding Anniversary**

**19 – 11 – 2022**



**K. K. PUNNOOSE & KUNJUNJAMMA**

**Koorkakalayil House**

**Chingavanam, Kottayam**

Best wishes from

Juby & Ansu, Judy & Joiy

Grandchildren : Trinita, Travis & Tiana,

Sandra & Shane

Advt -R

# ആദ്ധ്യാത്മീക പരിമള ഗോപുരമായ പരി. പരുമല തിരുമേനി

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

2022 നവംബർ 2 ന് പരി. പരുമല തിരുമേനിയുടെ നൂറ്റി ഇരുപതാം ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടിയല്ലോ. നമ്മിൽ അനേകർ പരിശുദ്ധൻ കബറടങ്ങിയിരിക്കുന്ന പരുമലയിൽ എത്തി ആ കബറിങ്കൽ പ്രാർത്ഥന നടത്തി അനുഗ്രഹം പ്രാപിച്ചിട്ടുള്ളവരാണ്. നമ്മുടെ പല ദൈവാലയങ്ങളിലും പരിശുദ്ധന്റെ പെരുന്നാൾ ആചരിക്കുന്നുണ്ട്. പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട്, പരിശുദ്ധൻ നമ്മുടെ ജീവിതത്തിന് നല്കുന്ന പ്രാധാന്യത്തെക്കുറിച്ച് ധ്യാനിക്കാം.

**1. ജീവിതരേഖകൾ**

മുളന്തുരുത്തി ചാത്തുരുത്തി ഭവനത്തിൽ 1848 ജൂൺ 15 ന് കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും ഇളയ പുത്രനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പിതൃസഹോദരനായ ഗീവർഗീസ് മല്പാന്റെ കീഴിലും കോനാട്ടു മല്പാന്റെ ശിക്ഷണത്തിലും സുറിയാനി ഭാഷയും, ആരാധനയും പരിശീലിച്ചു. 1858 സെപ്റ്റംബർ 14 ന് കരിങ്ങാച്ചിറ പള്ളിയിൽ വച്ച് അഭി. മാത്യൂസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ സ്ഥാനവും, അഭി. യുയാക്കീം മോർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശംശോനോ പട്ടവും ആ വർഷം തന്നെ കശ്ശീശാ പട്ടവും കോർ എപ്പിസ്ക്കോപ്പാ സ്ഥാനവും സ്വീകരിച്ചു. 24-ാം വയസ്സിൽ 1872 ഏപ്രിൽ 5 ന് (1047 മീനമാസം 25) അഭി. പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് റമ്പാൻ സ്ഥാനവും, തുടർന്ന് 29-ാം വയസ്സിൽ 1876 ഡിസംബർ 10-ന് പള്ളിയിൽ പറവൂർ വച്ച് പരി. പത്രോസ് പാത്രിയർക്കീസ് ബാവായാൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്ന നാമധേയത്തിൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു. നിരണം ഭദ്രാസനാധിപനായിരിക്കെത്തന്നെ തുമ്പമൺ, കൊല്ലം ഇടവകയുടെ ഭരണ ചുമതലയും വഹിച്ചു. പരി. തിരുമേനി പരുമല കൊച്ചു തിരുമേനി എന്ന് അറിയപ്പെട്ടു. 1895 ൽ നടത്തിയ ഊർശ്ലേം യാത്രയ്ക്ക് ശേഷം 'ഊർശ്ലേം യാത്രാ വിവരണം' എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. ഇത് മലയാള ഭാഷയിൽ രചിക്കപ്പെട്ട മൂന്നാമത്തെ യാത്രാവിവരണ ഗ്രന്ഥമാണ്. പരി. തിരുമേനി രോഗബാധിതനായി പരുമല സെമിനാരിയിൽ വിശ്രമിച്ചുകൊണ്ടിരിക്കെ 1902 നവംബർ 2-ന് 54-ാമത്തെ വയസ്സിൽ കാലം ചെയ്തു.

**2. പരുമല തിരുമേനിയും ക്നാനായ സമുദായവും**

1901-ൽ റാന്നി വലിയപള്ളി പൊളിച്ച് പണിതപ്പോൾ പുതുക്കി പണിത പള്ളിയുടെ അടിസ്ഥാനശില ആശിർവദിക്കുവാനും, 1894-ൽ മാന്നാർ പള്ളിയിൽ ആരാധന നടത്തുവാൻ താത്ക്കാലികമായി കെട്ടിയുണ്ടാക്കിയ ഷെഡിന്റെ കല്ലിടിൽ കർമ്മം അഭി. പുലിക്കോട്ടിൽ തിരുമേനി നിർവ്വഹിച്ചത് പരുമല തിരുമേനിയുടെ സഹകരണത്തോടെയായിരുന്നു. 1893 -ൽ ഇരവിപേരൂർ പള്ളിയുടെ പ്രതിഷ്ഠാപന കർമ്മം നിർഹിച്ച് ബലിയർപ്പിച്ചതും പരുമല തിരുമേനിയായിരുന്നു. ഇന്ന് കറ്റോട് പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കല്ലൂപ്പാറ പള്ളിയിലേക്കുള്ള യാത്രാമദ്ധ്യേ വിശ്രമിക്കുകയും, ആ സ്ഥലം ദൈവാലയം നിർമ്മിക്കുവാൻ പറ്റിയ സ്ഥലമാണെന്നും അഭിപ്രായപ്പെടുകയും ചെയ്തു. അതനുസരിച്ച് അവിടെ ദൈവാലയം നിർമ്മിക്കപ്പെട്ടു. 1877-ൽ പരി. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവ വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽ വിളിച്ചു ചേർത്ത പ്രാദേശിക സുന്നഹദോസിൽ മലങ്കരയിലെ മറ്റു മെത്രാപ്പോലീത്താമാരോടൊപ്പം പരുമല തിരുമേനിയും സംബന്ധിച്ചു. 1882 -ൽ രൂപം കൊണ്ട ക്നാനായ കമ്മറ്റിയുടെ രണ്ടാമത്തെ യോഗം നീലംപേരൂർ പള്ളിയിൽ വച്ച് നടന്നപ്പോൾ കോട്ടയത്തിന്റെ കടവിൽ മോർ അത്താനസ്യോസ് തിരുമേനിയോടും, ശീമയിൽ നിന്നു വന്ന ശെമവൂൻ മോർ അത്താനസ്യോസ് തിരുമേനിയോടും കൂടെ ഈ യോഗത്തിലും തിരുമേനി സംബന്ധിച്ചു. 1885-ൽ പരുമല തിരുമേനി വിശുദ്ധനാട് സന്ദർശിക്കുവാൻ പോയ അവസരത്തിൽ റാന്നി, കല്ലിശ്ശേരി, വെളിയനാട്, നീലംപേരൂർ, കോട്ടയം എന്നീ പള്ളികളിൽ നേരിട്ട് എത്തി കൈമുത്ത് സ്വീകരിച്ചതായും പ്രതിനിധി വഴി ചിങ്ങവനം, പുതുശ്ശേരി, രാമമംഗലം പള്ളികളിൽ നിന്നും സ്വീകരിച്ചതായി ഊർശ്ലേം യാത്രാ വിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കല്ലിശ്ശേരി പള്ളി സന്ദർശിച്ച തിരുമേനി അത് പുരാതന പള്ളിയാണെന്ന് എഴുതിയിട്ടുമുണ്ട്.

പരുമല തിരുമേനി ഉപയോഗിച്ച ഒറ്റതലയുള്ള തനിവെള്ളിയിൽ രൂപകല്പന ചെയ്തിരിക്കുന്ന അംശവടി ഇന്ന് ക്നാനായ സമുദായത്തിന്റെ സ്വത്താണ്. പതിവനുസരിച്ച് അഭി. തിരുമേനി കാലം ചെയ്തപ്പോൾ അംശവടി അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് തിരികെ ഏല്പിച്ചു. പിന്നീട് ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി അഭി. ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയെ വാഴിച്ചപ്പോൾ അംശവടി തിരുമേനിക്ക് സിംഹാസനത്തിൽ നിന്ന് നല്കുകയും ചെയ്തു. അങ്ങനെ ലഭിച്ച അംശവടി ഇന്നും സമുദായത്തിന്റെ വലിയ സ്വത്തായി നാം സൂക്ഷിക്കുന്നു. (ഏലിയാസ് ജേക്കബ് മാലിത്ര, പരി. പരുമല തിരുമേനിയും ക്നാനായക്കാരും, ക്നാനായ ദീപം 2009 നവംബർ).

**3 പരി. തിരുമേനിയുടെ ജീവിതം നല്കുന്ന സന്ദേശങ്ങൾ**

3.1. ആദ്ധ്യാത്മീകതയുടെ കെടാവിളക്കായ തിരുമേനി

പ്രാർത്ഥനാജീവിതവും, കഠിനമായ നോമ്പ് അനുഷ്ഠാനങ്ങളും, ഉപവാസവും പരി. തിരുമേനിയുടെ ജീവിതത്തിന്റെ പ്രത്യേകതകളായിരുന്നു. ആ ജീവിതചര്യയാണ് അദ്ദേഹത്തെ വിശുദ്ധിയുടെ ഉന്നതങ്ങളിലേക്ക് നയിച്ചത്. യാമപ്രാർത്ഥനകളും, നോമ്പുകളും വളരെ നിഷ്ടയോടെ നയി

ക്കുന്നതിലൂടെ ജീവിതം ഭക്തിസാന്ദ്രമാക്കിത്തീർത്തു. സുറിയാനി ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രത്യേകതയെന്നത് ദൈവസന്നിധിയിലുള്ള നിരന്തരമായ പ്രാർത്ഥനാനുഭവവും, സഭ കല്പിച്ചിരിക്കുന്ന നോമ്പുകളുടെ ആചരണവും, വേദധ്യാനം നിറഞ്ഞതും, ആരാധനകളിലെ സജീവ സാന്നിദ്ധ്യവും, യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളായ വി. കുർബ്ബാന അനുഭവത്തിലൂടെയും സാദ്ധ്യമായിത്തീരുമെന്ന് തിരുമേനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധന്റെ പെരുന്നാൾ നാം കൊണ്ടാടുമ്പോൾ നമ്മുടെ ജീവിതത്തിന്റെ പ്രത്യേകതയും ഇതായിരിക്കേണ്ടതുണ്ട്.

**3.2. വിശ്വാസതീക്ഷ്ണതയുടെ കാവൽഭടൻ**

1887–ൽ മലങ്കരയിൽ പൊട്ടിപ്പുറപ്പെട്ട നവീന ഉപദേശങ്ങൾക്കെതിരെ ഇടയലേഖനങ്ങൾ എഴുതിയും പ്രസംഗങ്ങൾ നടത്തിയും ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും പരി. പിതാവ് മുൻകൈ എടുത്ത് പ്രവർത്തിച്ചു. നിത്യജീവന്റെ അനുഭവത്തിൽ എത്താൻ മറ്റു വിശ്വാസങ്ങളിലേക്ക് ചേക്കേറണ്ടതില്ല എന്നും ഈ വിശ്വാസത്തിൽ തന്നെ തുടർന്നാൽ നിത്യജീവന്റെ അനുഭവത്തിൽ എത്താനും സാധിക്കുമെന്ന് ഈ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ആയതിനാൽ ഈ പെരുന്നാൾ ആഘോഷത്തിന്റെ അനന്തരമായി തലമുറകളായി നമുക്ക് ലഭിച്ച വിശ്വാസത്തിൽ ഉറച്ചു ജീവിക്കുമെന്ന പ്രതിജ്ഞ നമുക്ക് എടുക്കാം.

**3.3. നന്മയുടെ നിറകുടം**

സമൂഹത്തിൽ നടമാടിക്കൊണ്ടിരുന്ന അനീതിക്കെതിരെ ശബ്ദിക്കുന്നതിനും, തീണ്ടൽ തുടങ്ങിയ ഉച്ചനീചത്വങ്ങൾക്കെതിരെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും, അവശരെയും ആർത്തരെയും ഉദ്ധരിക്കുവാൻ സഹായഹസ്തങ്ങൾ നീട്ടുന്നതിനും, ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി പരി. തിരുമേനി അശ്രാന്തം യത്നിച്ചു. പല സ്കൂളുകളും പരി. തിരുമേനി ആരംഭിച്ചതായും ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് തിരുമേനി ജീവിച്ചതായ സാഹചര്യത്തിൽ നിലനിന്നിരുന്ന അനീതിക്കെതിരെ പോരാടുകയും, സമൂഹത്തിന്റെ നന്മയ്ക്കായി തനിക്കു നല്കാവുന്ന സംഭാവനകൾ നല്കുന്നതിനും ശ്രദ്ധ വച്ചു എന്നതാണ്. ഇത് ഇന്ന് നമുക്കും പിന്തുടരുവാൻ ശ്രമിക്കേണ്ടതുണ്ട്. നാം ഉൾക്കൊള്ളുന്ന സമൂഹത്തിൽ നാമും നന്മയുടെ നിറകുടങ്ങളായി വസിക്കുവാൻ ഈ വർഷത്തെ പെരുന്നാൾ നല്കുന്ന ആഹ്വാനത്തെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാം.

**4. ഉപസംഹാരം**

പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന നമുക്ക് സമർപ്പണത്തോടെ ആ ജീവിതമാതൃക ഉൾക്കൊണ്ട് നമ്മുടെയും ഇഹലോക ജീവിതത്തെ നയിച്ച്, നന്മയുടെ നിറകുടങ്ങളാക്കി തീർക്കുവാൻ ശ്രമിക്കാം. അങ്ങനെ നമുക്കും വിശുദ്ധിയുടെ ഉന്നതമായ പടവുകൾ കയറുവാൻ ഇടയാകണം. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമ്മുക്കെന്നും അനുഗ്രഹമായിരിക്കട്ടെ.



ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിന്റെ ഭാഗമായി നിർമ്മിച്ച വീടിന്റെ താക്കോൽ കൈമാറ്റസമ്മേളനം ആന്റോ ആന്റണി എം. പി. ഉദ്ഘാടനം ചെയ്യുന്നു.

റാന്നി: വിദ്യാലയങ്ങളുടെ പരിസരങ്ങളിലും കുട്ടികൾക്കിടയിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ സഭയും സമൂഹവും ഇടപെടണമെന്ന് ആന്റോ ആന്റണി എം.പി. പറഞ്ഞു. ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിന്റെ ഭാഗമായി റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഭവനത്തിന്റെ താക്കോൽ കൈമാറ്റം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇടവക ട്രസ്റ്റി വി. കെ. ജോസ് വെള്ളാവൂർ താക്കോൽ ഏറ്റുവാങ്ങി. മികച്ച വിജയം കൈവരിച്ച 47 കുട്ടികളെയും, 80 വയസ്സിനു മുകളിലുള്ള 63 പേരെയും ആദരിച്ചു. വികാരി ഫാ. അനുപ് സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു, രാജു ഏബ്രഹാം എക്സ് എം. എൽ. എ. സന്ദേശം നൽകി. ഫാ. ബിനു മാത്യു പയ്യനാട്ട്, വെരി.റവ.റോയി മാത്യു കോറെപ്പിസ്ക്കോപ്പാ മുളമൂട്ടിൽ, ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, ക്നാനായ കമ്മറ്റി അംഗം ആലിച്ചൻ ആറൊന്നിൽ, ഇടവക സെക്രട്ടറി പ്രസാദ് സ്റ്റീഫൻ കാവുങ്കപ്പുരയിൽ, ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ബിബിൻ കല്ലംപറമ്പിൽ, ബിച്ചു ഐക്കാട്ടുമണ്ണിൽ, ടിങ്കു പുല്ലമ്പള്ളിൽ, ജെവിൻ കാവുങ്കൽ, സണ്ണി കുളമടയിൽ, സജി ചെറിയമൂഴിയിൽ, ബെൻസി പരതോടത്തിൽ, ഷീബി പുരയ്ക്കൽ, അച്ചൻകുഞ്ഞ് വേലുകിഴക്കേതിൽ, രാജേഷ് പഴയപുരയിൽ, മോൻസി പുളിമൂട്ടിൽ എന്നിവർ സംസാരിച്ചു

# ഈശ്വര ദർശനം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

ഒരു വനത്തിൽ താമസിച്ചിരുന്ന സന്യാസിക്ക് ഒരുപാട് ശിഷ്യന്മാരുണ്ടായിരുന്നു. അദ്ദേഹം എപ്പോഴും തന്റെ ശിഷ്യന്മാരോട് പറയുമായിരുന്നു സർവ്വതിലും വിഷ്ണു (ഈശ്വരൻ) വസിക്കുന്നുണ്ട്. അതുകൊണ്ട് സർവ്വതിനെയും നമസ്ക്കരിക്കണം. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ കാട്ടിൽ വിറകു ശേഖരിച്ചുകൊണ്ടിരിക്കുമ്പോൾ മദമിളകിയ ഒരാന വരുന്നുണ്ടെന്നും വഴിയരികിൽ ആരെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ ഓടി രക്ഷപെടണം എന്നു പറഞ്ഞുകൊണ്ട് ഒരാൾ ഓടി വരുന്നതു കണ്ടു. വിറകുശേഖരിച്ചുകൊണ്ടിരുന്ന ശിഷ്യൻ സ്വയം പറഞ്ഞു. എല്ലാത്തിലും ഈശ്വരൻ വസിക്കുന്നുണ്ടെന്നും അതുകൊണ്ട് മദമിളകിയ ആനയെ നമസ്ക്കരിക്കാൻ ശിഷ്യൻ തയ്യാറായി വഴിയിൽ നിന്നു. ആന ശിഷ്യന്റെ അടുത്തെത്തി തുമ്പിക്കൈയ്യിൽ എടുത്ത് വലിച്ചെറിഞ്ഞു. സാരമായ പരുക്കേറ്റ ശിഷ്യനെ കാണാൻ വന്ന ഗുരു കാര്യം തിരക്കിയപ്പോൾ അങ്ങയുടെ വാക്കുകേട്ട് മദമിളകിയ ആനയിൽ ഈശ്വരനെ ദർശിച്ചതിന്റെ പരിണിതഫലമാണ് ഇതെന്ന് ശിഷ്യൻ പരാതിപ്പെട്ടു. അപ്പോൾ ഗുരു പറഞ്ഞു 'മദമിളകിയ ഒരാന ഈ വഴി വരുന്നുണ്ടെന്നും അതുകൊണ്ട് ഓടി രക്ഷപെടാൻ മുന്നറിയിപ്പു നൽകികൊണ്ട് ഒരാൾ വന്നില്ലേ'? നീ അവനെ അവഗണിച്ചതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിച്ചത്? മുന്നറിയിപ്പു നൽകി വന്ന ആ മനുഷ്യനിലും ഈശ്വരൻ ഉണ്ട് എന്നത് എന്തുകൊണ്ട് നീ വിസ്മരിച്ചു?

എല്ലാത്തിലും ദൈവീക ചൈതന്യം ദർശിക്കാൻ നമുക്ക് സാധിച്ചാൽ എല്ലാത്തിനോടും ആദരവും സ്നേഹവും വളർത്തിക്കൊണ്ടു വരുവാൻ നമുക്കു സാധിക്കും. അതൊടൊപ്പം അപകടകാരികളിൽ നിന്ന് മനുഷ്യനായാലും മൃഗമായാലും യാതൊരുവിധ ദ്രോഹവും അവർക്കു നേരെ നടത്താതെ വഴിമാറിപ്പോകാനും നമുക്കു സാധിക്കണം. ഈശ്വരാരാധനയും കാമിനി കാഞ്ചനത്തോടുള്ള അനുരാഗവും പൊരുത്തപെടില്ല. പ്രാർത്ഥന കൊണ്ടു മാത്രം വിശുദ്ധി നേടാനാകില്ല. എന്നാൽ പ്രാർത്ഥിക്കുമ്പോൾ തന്നെ "താൻ എന്ന ഭാവം" അല്ലെങ്കിൽ "ഞാൻ" എന്ന ഭാവം ഇല്ലാതാകുന്നിടത്തു മാത്രമേ ശരിയായ ഈശ്വര ദർശനം സാദ്ധ്യമാകു. പലപ്പോഴും സ്ഥാനമാനങ്ങളും സമ്പത്തുമെല്ലാം ഒരാളെ അഹങ്കാരിയാക്കി മാറ്റുന്നു. ഇത് അവനെ ഈശ്വരനിൽ നിന്നും അകറ്റുന്നു. താൻ ദൈവത്തിന്റെ ഒരു ഉപകരണം മാത്രമാണെന്ന് ഒരുത്തനു ബോദ്ധ്യപ്പെടുന്ന നിമിഷം അവനിലെ അഹംഭാവം ഇല്ലാതായി കാഴ്ച തെളിയുന്നതു മൂലം അവന് ഈശ്വരദർശനം സാദ്ധ്യമാകുന്നു. ഈ ലോകത്തിൽ ജീവിക്കുമ്പോൾ എല്ലാത്തിനോടുമുള്ള ബന്ധം നല്ലതാണ്. എന്നാൽ ഒന്നിനാലും ബന്ധിക്കപ്പെടാൻ പാടില്ല എന്നതാണ് സത്യം. ശ്രീരാമകൃഷ്ണ പരമഹംസർ പറയുന്നു എങ്ങനെയാണോ കാർമേഘം സൂര്യനെ മറച്ച് സൂര്യപ്രകാശത്തെയും ചൂടിനെയും തടയുന്നത് അതുപോലെ തന്നെയാണ് ഞാൻ എന്നഭാവം. അഹംഭാവം നമ്മളിലെ ഈശ്വര ചൈതന്യത്തെ തടയുന്നു. അതുകൊണ്ട് "ഞാൻ" ഇല്ലാതായാൽ എല്ലാ പ്രശ്നങ്ങളും അവസാനിക്കും.

ഒരിക്കൽ ആൽബർട്ട് ഐൻസ്റ്റിൻ ഒരു വിരുന്നു സൽക്കാരത്തിനിടയിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളോടു പറഞ്ഞു. ഞാൻ പുതിയൊരു വിറ്റാമിൻ കണ്ടു പിടിച്ചു. ഈ വിറ്റാമിന്റെ പ്രത്യേകത അതു കുറയും തോറും ആരോഗ്യവും ചൈതന്യവും വർദ്ധിക്കും എന്നതാണ്. സാധാരണ വിറ്റാമിൻ കുറഞ്ഞാൽ അതു ആരോഗ്യത്തിനു ഹാനികരമാണല്ലോ? അതുകൊണ്ട് അത്ഭുതത്തോടെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഐൻസ്റ്റിനോടു ചോദിച്ചു ഏതാണ് ആ വിറ്റാമിൻ. മറുപടിയായി ഐൻസ്റ്റിൻ പറഞ്ഞു വിറ്റാമിൻ ഐ (I). ഐ (ഞാൻ) എന്ന ഭാവം ഇല്ലാതാകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഐൻസ്റ്റിൻ സൂചിപ്പിച്ചത്. ഒരുവനിൽ 'ഞാൻ' എന്ന ഭാവം ഇല്ലാതാകാൻ ബുദ്ധിമുട്ടാണ്. "ഞാനോ കുറയണം അവനോ വളരണം" എന്ന് നമ്മൾ വായിക്കുന്നുണ്ടല്ലോ. ഇതു സാദ്ധ്യമാകണമെങ്കിൽ ഒരുവന് ഈശ്വരനോടുള്ള അചഞ്ചലമായ സ്നേഹവും വിശ്വാസവും ഉണ്ടാകണം. അങ്ങനെ ആകുമ്പോൾ ഞാൻ അല്ല ഒന്നിന്റെയും കർത്താവ് എന്നും എല്ലാം എന്നിലൂടെ ഈശ്വരൻ നിർവ്വഹിക്കുന്നുവെന്നും സ്വയം ബോദ്ധ്യമാകും. ആ നിമിഷം അവനിൽ 'ഞാൻ' എന്റേതെന്ന ചിന്ത ഇല്ലാതാവുകയും ദൈവത്തെ അവിടുന്ന് അവിടുത്തെ എന്ന ചിന്തയും ദർശനവും തെളിഞ്ഞു വരുകയും ചെയ്യും. ലൗകീക ജീവിതത്തിൽ നമുക്ക് ആഗ്രഹം (Ambition) വേണം. പക്ഷേ അത് അമിതാസക്തി ആകരുത്. പ്രപഞ്ചത്തിലെ ഏതൊന്നിനെയും അമിതമായി സ്നേഹിച്ചാൽ കിട്ടുന്നതു ദുഃഖമാണെന്നു വിവേകികൾ പറയുന്നു. അമിതാസക്തി മനുഷ്യനെ ദൈവദർശനത്തിൽ നിന്നും അകറ്റുന്നു. അതു ബന്ധനമായി വളരുന്നു. ഫലമോ അശാന്തിയും ദൈവത്തിൽ നിന്നുള്ള അകൽച്ചയും.

"ഒരാൾക്ക് എത്ര ഭൂമി വേണം"? എന്ന പേരിൽ ലിയോ ടോൾസ്റ്റോയി എഴുതിയ കഥ ആധുനിക മനുഷ്യന്റെ കഥ തന്നെയാണ്. സൂര്യോദയം മുതൽ അസ്തമയം വരെ ഓടി പ്രദക്ഷിണം വച്ചുവരുവാൻ കഴിയുന്നത്ര ഭൂമി തനിക്കു സൗജന്യമായി നൽകാമെന്ന് ഒരു കർഷകനു വാഗ്ദാനം ലഭിച്ചു. കൂടുതൽ കൂടുതൽ ഭൂമി ചുറ്റിയെടുക്കാനുള്ള അത്യാഗ്രഹം നിമിത്തം അയാൾ നിൽക്കാതെ വിശ്രമിക്കാതെ ഓടി. സൂര്യാസ്തമയത്തിനു മുൻപ് പുറപ്പെട്ട സ്ഥാനത്തു തിരിച്ചെത്താൻ കഴിയാത്തത്ര ദൂരത്താവുകയും ഒടുവിൽ തളർന്നു വീണു മരിക്കുകയും ചെയ്തു. സഫലീകരിക്കാൻ കഴിയാത്ത ഒരു കൂട്ടം അഭിലാഷങ്ങളോടു കൂടിയ ഒരാൾക്ക് അവയുടെ സഫലീകരണത്തിനുള്ള ഉപാധികൾ എത്ര വർദ്ധിപ്പിച്ചാലും ഒരിക്കലും സന്തുഷ്ടനാകാൻ കഴിയില്ല. ജീവിച്ചു മരിക്കുന്നവരും മരിച്ചു ജീവിക്കുന്നവരുമുള്ള ഈ ലോകത്ത് മരിച്ചിട്ടും ജീവിക്കുന്നവരായി കുറച്ചുപേരെങ്കിലുമുണ്ട്. അന്യജീവനുതകി ജീവിച്ചവർ. ദൈവത്തെ മഹത്വപ്പെടുത്തുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. എങ്ങനെയാണ് ദൈവത്തെ മഹത്വപ്പെടുത്തുക? യേശുക്രിസ്തു അതു ലളിതമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. "മനുഷ്യൻ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥപിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ സൽകർമ്മങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ". ദൈവത്തിനുവേണ്ടി ചെലവഴിച്ച നിമിഷങ്ങളാണ് ഓരോ വ്യക്തിയെയും ഈശ്വര ദർശനത്തിലേക്കു നയിക്കുന്നത്. ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തത് എനിക്കു ചെയ്തിട്ടുള്ളതാക്കുന്നു എന്ന് ക്രിസ്തു പറയുന്നുണ്ടല്ലോ. അവരിൽ ശരിയായ ഈശ്വരദർശനം നമുക്കു സാദ്ധ്യമാകും. ദൈവത്തെയും മാമോനേയും നമുക്കു സേവിക്കാൻ കഴിയില്ല. ദൈവീക സ്നേഹത്തിൽ നിന്നുയരുന്ന സേവനങ്ങളും സഹായങ്ങളും ദൈവീക ദർശനത്തിലേക്കു നമ്മെ അടുപ്പിക്കാൻ സഹായിക്കട്ടെ.

# ജീവിതം

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

ഇക്കാലത്ത് എന്തെല്ലാം ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ചുറ്റും നമ്മളു കാണുന്ന ഓരോ സംഭവങ്ങളും നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാനുള്ള ആഹ്വാനമാണെന്ന് നാം ചിന്തിയ്ക്കുന്നുണ്ടോ. ജീവിതം ഇന്നു കണ്ടു നാളെ വാടുന്ന പൂക്കളെപ്പോലെ മാത്രം. ഒരു പൂവിനാണെങ്കിൽപോലും ഒരു നിശ്ചിത സമയമുണ്ട് അതുകൊഴിഞ്ഞു വീഴുവാൻ. ഇന്നു മനുഷ്യന് ഒരു സെക്കന്റു നേരത്തെ ഗ്യാരന്റിപോലുമില്ല. എപ്പോൾ വേണമെങ്കിലും കൊഴിഞ്ഞു വീഴും. നമുക്കു ഈ ലോകത്തിൽ വരുന്ന ദുരിതവും പ്രയാസങ്ങളും കഷ്ടതയുമൊക്കെ നമ്മെ കുറച്ചു ദിവസത്തേയ്ക്കു സസ്പെന്റു ചെയ്യുകയാണ്. പിന്നെ കുറച്ചുദിവസം കഴിയുമ്പം തിരിച്ചെടുക്കും. എന്നാൽ എന്നന്നേക്കുമായിട്ടു പിരിച്ചുവിടുന്ന ഒരു ദിവസം നമുക്ക് എല്ലാവർക്കും ഉണ്ടല്ലോ. നമ്മേ ആക്കിയിരിക്കുന്ന ഇടങ്ങളിൽ വിശ്വസ്തതയോടെ വേല ചെയ്തവർക്ക് അതിന്റെ യജമാനൻ തക്കതായ ആനുകൂല്യങ്ങൾ കൊടുക്കും. പെൻഷനും കിട്ടും. ആത്മീയമായി ചിന്തിക്കുമ്പോൾ നാം ഇവിടെ ചെയ്ത പ്രവർത്തിയുടെ ഫലം ശിഷ്ടകാലം മുഴുവൻ മേടിക്കുവാനാണ് നാം ഇവിടെ നിന്ന് പിൻതിരിഞ്ഞുപോകുന്നത്. നമ്മുടെ last roll എങ്ങനെ ആയിരിക്കും. ജീവിതത്തെ നമുക്ക് എത്ര രീതിയിൽ വേണമെങ്കിലും ഉപമിച്ചു തരം തിരിയ്ക്കാം. വൃക്ഷമായും ചെടിയായും, പൂവായും നാടകവേദിയായും വെറുംകളിപ്പാട്ടമായും എങ്ങനെ വേണമെങ്കിലും. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ തിരിച്ചുവരവില്ല എന്നു മാത്രം. മനുഷ്യൻ ഒരു ശ്വാസം മാത്രം, മനുഷ്യൻ നിഴൽ മാത്രമാണ്. അവന്റെ ബദ്ധപാടു വെറുതെയാണ്. മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്നു ആരനുഭവിക്കുമെന്നു അവൻ അറിയുന്നില്ല (സങ്കീ.9:5–6). സകല പ്രയത്നവും സാമർത്ഥ്യമുള്ള പ്രവർത്തി ഒക്കെയും ഒരുവൻ മറ്റൊരുവനോടുള്ള അസൂയയിൽ നിന്ന് ഉളവാകുന്നു എന്നു ഞാൻ കണ്ടു. അതു മായയും വൃഥാ പ്രയത്നവും അത്രേ എന്നു ഞാൻ കണ്ടു (സഭാ.പ്ര. 4:4)

ദൈവത്തിന് തന്റെ മക്കളെല്ലാം ഒരുപോലെയാണ്. കൂടുതൽ ഏല്പിച്ചവൻ കൂടുതൽ കൈപ്പറ്റിയതിന്റെ കണക്കു പറയണം. വസ്തുക്കൾ വീതിക്കുമ്പോൾ ഒരാൾക്ക് സ്വല്പം കൂടുതൽ കൊടുക്കുകയാണെങ്കിൽ മാതാപിതാക്കൾക്ക് ഒരു ഉദ്ദേശം കാണും. അതുപോലെതന്നെയാണ് കർത്താവും. പണം എല്ലാവർക്കും ഒരുപോലെ ആകണമെന്നില്ല. അറിവു എല്ലാവർക്കും ഒരുപോലെ ആകണമെന്നില്ല. ആരോഗ്യം എല്ലാവർക്കും ഒരുപോലെ ആകണമെന്നില്ല. അഞ്ചു മക്കളുണ്ടെങ്കിൽ അഞ്ചുപേർക്കും അഞ്ചുതരത്തിലായിരിക്കും അവരുടെ ജീവിതം. മാതാപിതാക്കൾക്ക് മക്കളെ കൊണ്ടു എന്തെല്ലാം ആഗ്രഹങ്ങൾ കാണും. മക്കൾ വഴിതെറ്റിപ്പോകുന്നതു കണ്ടാൽ മാതാപിതാക്കൾക്ക് എന്തു ദുഃഖമായിരിക്കും. ദോഷികളായ നമ്മൾ നമ്മുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കാൻ ഇച്ഛിക്കുന്നെങ്കിൽ "സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും" (മത്തായി 7:11).



മക്കളെക്കുറിച്ചു നല്ലതു കേൾക്കുന്നത് മാതാപിതാക്കൾക്ക് എന്തു സന്തോഷമാണ്. നമ്മുടെ നല്ല പ്രവർത്തികൾ നമ്മുടെ കർത്താവിന് മറ്റുള്ളവരിൽ നിന്ന് കിട്ടുന്ന മഹത്വമാണ്. നമ്മുടെ പ്രവർത്തികൾ കൊണ്ട് കർത്താവിന്റെ നാമത്തിന് മഹത്വം കിട്ടുമോ അതോ കർത്താവിന്റെ നാമത്തിന് അപവാദം കിട്ടുമോ. ലോകം നൽകുന്ന സന്തോഷങ്ങളും സുരക്ഷിതങ്ങളും ആകുന്ന ചുങ്കസ്ഥലങ്ങളിൽ ഇരിപ്പ് ഉറപ്പിക്കുവാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഈ ലോകജീവിതം ഒരു ലോട്ടറിയാണ്. ലോട്ടറി എടുക്കുന്നത് കിട്ടും എന്നുള്ള പ്രതീക്ഷയിലാണ് എന്നതുപോലെ നാളയും ജീവിയ്ക്കാമെന്നുള്ള പ്രതീക്ഷയിലാണ് നമ്മുടെ ഓരോ പ്രവർത്തികൾ. വിശിഷ്ടമായ സിംഹാസനത്തിൽ ഉപവിഷ്ഠനായ രാജാവു മുതൽ പൊടിയിലും ചാരത്തിലും കഴിയുന്ന എളിയവൻവരെ, രാജകീയാങ്കിയും കിരീടവും അണിയുന്നവൻ മുതൽ ചാക്കുടുക്കുന്നവൻ വരെ ഏവരും, കോപം, അസൂയ, ആകുലത, അസ്വസ്ഥത, മരണഭീതി, ക്രോധം, മത്സരം എന്നിവയ്ക്ക് അധീനരായിത്തീരുന്നു. സന്താനങ്ങളും താൻ നിർമ്മിച്ച നഗരവുമാണ് ഒരുവന്റെ പേരും നിലനിർത്തുന്നത് (പ്രഭാ.40:19). നമ്മുടെ പിതാവായ അപ്പന് നമ്മളിൽ നിന്ന് എന്തു പ്രശസ്തി കിട്ടും.

എല്ലാ മതത്തിലും ആത്മീയരെന്നു കരുതുന്നവർ പോലും അങ്ങാടിയിലെ വന്ദനവും മുഖ്യാസനവും ആഗ്രഹിക്കുന്നവരാണ് (ലൂക്കോ. 11:43). ന്യായ ശാസ്ത്രിമാരായ നിങ്ങൾക്കു അയ്യോ കഷ്ടം. എടുപ്പാൻ പ്രയാസമുള്ള ചുമടുകളെ നിങ്ങൾ മനുഷ്യരെക്കൊണ്ടു ചുമപ്പിക്കുന്നു. നിങ്ങൾ ഒരു വിരൽ കൊണ്ടുപോലും ആ ചുമടുകളെ തൊടുന്നില്ല. (ലൂക്കോ.11:46).

അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടിട്ടു അവരെക്കുറിച്ചു മനസ്സലിഞ്ഞു കൊയ്ത്തു വളരെയുണ്ട് സത്യം വേലക്കാരോ ചുരുക്കം (മത്തായി 9:36). വീട്ടിലുള്ളവർ തന്നെ ശത്രുക്കളായി തീരുന്ന കാലം, വഴികാണിക്കേണ്ടവർ വഴി തെറ്റിച്ചുവിടുന്ന കാലം, ആത്മാർത്ഥത പടിയിറങ്ങിപോകുന്നകാലം. സ്നേഹം തണുത്ത ഉറഞ്ഞുപോകുന്ന കാലം. ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു (വെളി. 3:1). നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും. ഇന്നു കാണുന്ന ഓരോ സംഭവങ്ങളും ഉണരുവാനുള്ള ആഹ്വാനമായി തീരണമെന്ന് യാചിക്കാം.




# കൈവെപ്പു ശുശ്രൂഷയുടെ വേദപുസ്തക അടിസ്ഥാനം എന്ത്?

ദൈവിക ദാനങ്ങളായ അനുഗ്രഹവും, രോഗശാന്തി, ഉത്തരവാദിത്വങ്ങൾ, അധികാര കൈമാറ്റം തുടങ്ങി വ്യത്യസ്ഥ ഉദ്ദേശങ്ങളോടുകൂടിയ കൈവെപ്പു ശുശ്രൂഷ വി. ബൈബിളിൽ കാണാം. ഒരാളിലുള്ള അനുഗ്രഹങ്ങളും അധികാരങ്ങളും മറ്റൊരാൾക്കു നൽകുന്നതിന് നിയോഗത്തോടുകൂടി പ്രാർത്ഥനാപൂർവ്വം കൈവെക്കുമ്പോൾ അവയ്ക്കനുസൃതമായ ദൈവാനുഗ്രഹം ലഭിക്കുന്നു. കൈവയ്ക്കുന്ന ആൾ പ്രാർത്ഥിക്കുന്ന കാര്യം ആ ശുശ്രൂഷയിലൂടെ അർത്ഥിക്കു ലഭിക്കുന്നു. ദൈവ നിയോഗിതരായ മനുഷ്യരാണു കൈവയ്ക്കുന്നതെങ്കിലും അവിടെ പ്രവർത്തിക്കുന്നതു ദൈവമാണ്.

പൂർവ്വപിതാവായ യാക്കോബ് തന്റെ മകൻ ജോസഫിന്റെ മക്കളായ എഫ്രയിമിന്റേയും മനശ്ശെയുടേയും തലയിൽ കൈപിണച്ചു വച്ച് (കുരിശാകൃതി) അനുഗ്രഹിക്കുകയും തൽഫലമായി അവർ ഇസ്രായേലിലെ രണ്ടു ഗോത്രങ്ങളായി ഇസ്രായേലിന്റെ (യാക്കോബിന്റെ) മക്കൾക്ക് തുല്യരായി (ഉല്പ. 48:13-16).

ദൈവം മോശയോട് അരുളിചെയ്തു. 'നൂന്റെ മകനും ആത്മാവ് കുടികൊള്ളുന്നവനുമായ യോശുവായെ വിളിച്ച് അവന്റെ മേൽ നിന്റെ കൈവയ്ക്കുക. പുരോഹിതനായ എലയാസാറിന്റെയും സമൂഹത്തിന്റെയും മുമ്പിൽ നിർത്തി അവർ കാൺകെ നീ അവനെ നിയോഗിക്കുക. ഇസ്രായേൽ ജനം അവനെ അനുസരിക്കേണ്ടതിന് നിന്റെ അധികാരം അവനു നൽകുക' (സംഖ്യ.27:18-20) കർത്താവു കല്പിച്ചതുപോലെ മോശ ചെയ്തു (സംഖ്യ. 27:22, ആവർത്തനം 34:9).

ഇസ്രായേൽ ജനം മോശയുടെ പിൻഗാമിയായ യോശുവയെ അനുസരിച്ചതുപോലെ അപ്പോസ്തോലിക കൈവെപ്പുവഴി ദൈവികാധികാരം സ്വീകരിച്ചിരിക്കുന്ന അപ്പോസ്തോലിക പിൻഗാമികളെ കേൾക്കാനും അനുസരിക്കാനും വിശ്വാസികൾക്ക് കടമയുണ്ട്.


നമ്മുടെ കർത്താവ് തന്റെ അടുക്കൽ കൊണ്ടുവന്ന ശിശുക്കളുടെ മേൽ കൈവച്ച് അനുഗ്രഹിച്ചു (മത്തായി 19:15). "വൈകുന്നേരം ആയപ്പോൾ വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നവരെയെല്ലാം അവൻ യേശുവിന്റെ അടുത്ത് കൊണ്ടു വന്നു. ഓരോരുത്തരുടെയും മേൽ കൈവച്ച് അവർ അവരെ സുഖപ്പെടുത്തി (ലൂക്കോ.4:40). യേശുവിൽ വിശ്വസിക്കുന്നവർക്കും സൗഖ്യദായക വരം ലഭിക്കും. "അവർ രോഗികളുടെ മേൽ കൈവയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും (മർ. 16:18).

വി. പൗലോസ് ശൗൽ ആയിരുന്നപ്പോൾ ദൈവ പുരുഷനായ അനന്യാസിന്റെ കൈവെപ്പുവഴി പരിശുദ്ധാത്മനിറവും കാഴ്ചയും (രോഗശാന്തി) പ്രാപിച്ചു (അപ്പോ. 9:17-18). വി. പത്രോസും വി. യോഹന്നാനും ശമര്യായിൽ ചെന്ന് അവിടെ ഉള്ളവരുടെമേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു (അപ്പോ.8:15-17). വി പൗലോസ് എഫേസുസിൽ എത്തി യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചവരുടെ മേൽ കൈ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്ന് അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു (അപ്പോ.19:6). കൂടാതെ മെലിത്ത എന്ന ദ്വീപിന് സമീപം പനിയും അതിസാരവും പിടിപെട്ട് കിടപ്പിലായിരുന്നു പുബ്ലിയോസ് എന്ന ദ്വീപു പ്രമാണിയുടെ പിതാവിന്റെ മേൽ വി. പൗലോസ് കൈവച്ച് അവനെ സൗഖ്യമാക്കി (അപ്പോ. 28:7-8). പരിശുദ്ധാത്മ നിർദ്ദേശപ്രകാരം അപ്പോസ്തോലന്മാർ ബർണബാസ്, ശൗൽ എന്നീ പ്രവാചകന്മാരെ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവെച്ച് പറഞ്ഞയച്ചു (അപ്പോ. 13:1-3).

വി. പൗലോസിന് അപ്പോസ്തോലന്മാരിൽ നിന്നു കൈവെപ്പു ലഭിച്ചു എന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തുന്നു. "നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും ദൈവത്തിന്റെ കൃപ എനിക്കു ലഭിച്ചിരിക്കുന്നു എന്നു കണ്ട് തങ്ങളുടെ കൂട്ടായ്മയുടെ വലതുകരം എനിക്കും ബർണബാസിനും നീട്ടിത്തന്നു (ഗലാ.2:9). അപ്പോസ്തോലന്മാരിലൂടെ തനിക്കു ലഭിച്ച ദൈവിക വരം പൗലോസ് തീമോത്തിയോസിനും തിരഞ്ഞെടുക്കപ്പെട്ടവർക്കും നൽകി (2 തിമോ.1:6). "പ്രവചനപ്രകാരവും സഭാശ്രേഷ്ടന്മാരുടെ കൈവെപ്പു വഴിയും നൽകപ്പെട്ട കൃപാവരം അവഗണിക്കരുത് എന്നും തന്റെ കൈവെയ്പ്പിലൂടെ ലഭിച്ച ദൈവികവരം ഉജ്ജ്വലിപ്പിക്കണം എന്നും (2 തീമോ. 1:6) പൗലോസ് തീമോത്തിയോസിനെ ഉപദേശിച്ചു. (2 തിമോ.4:14). അപ്പോസ്തോലന്മാർ ഡീക്കന്മാരെ തിരഞ്ഞെടുത്തു കൈവെപ്പു നൽകി അവരെ ശുശ്രൂഷയ്ക്കായി നിയോഗിച്ചു (അപ്പോ. 6:6).

പരി. സഭയുടെ ആരംഭകാലം മുതൽ അപ്പോസ്തോലന്മാർ ശക്തമായ അടിസ്ഥാനം ഇടപ്പെട്ട് സഭയിൽ നടപ്പിലാക്കപ്പെട്ട കാര്യങ്ങളിൽ ഒന്നായിരുന്നു കൈവെയ്പ്പ് ശുശ്രൂഷ. "നിർജ്ജീവ പ്രവർത്തികളിൽ നിന്നുള്ള തിരിച്ചുവരവ്, ദൈവത്തിലുള്ള വിശ്വാസം, ജ്ഞാന സ്നാനത്തെ സംബന്ധിക്കുന്ന പ്രബോധനം, കൈവെയ്പ്പ്, മരിച്ചവരുടെ ഉയർപ്പ്, ന്യായവിധി ഇവയ്ക്ക് വീണ്ടും ഒരടിസ്ഥാനം ഇടേണ്ടതില്ല" (എബ്രാ.6:2).

ചുരുക്കത്തിൽ കൈവെയ്പ്പ് ശുശ്രൂഷ എന്നത് വി.വേദപുസ്തക അടിസ്ഥാനം ഉള്ളതും അപ്പോസ്തലിക പിന്തുടർച്ചയും ആണ്.



# "ലഹരി പോ....... ലഹരി........പോ"

സുനിൽ ഡി. കുരുവിള

അവസാനം ലഹരി കേരളത്തിലെ ഒരു വലിയ വിപത്താണെന്നും നമ്മുടെ യുവത അതിന്റെ അടിമത്വത്തിലേക്കു നീങ്ങുകയാണെന്നും അത് കുഞ്ഞുങ്ങളെയും ബാധിച്ചുകഴിഞ്ഞു എന്നും അതിനു ലിംഗഭേദമില്ലെന്നും ഒക്കെ സർക്കാർ തിരിച്ചറിഞ്ഞിരിക്കുന്നു.

വളരെ നല്ല കാര്യം. വൈകി എങ്കിലും ഒന്ന് സമ്മതിച്ചല്ലോ.

15 കൊല്ലം മുമ്പ് ഒരു 'paracetamol" ചികിത്സകൊണ്ട് ഭേദമാക്കാമായിരുന്ന ഒരു വിപത്ത് ഇന്ന് 'കീമോ തെറാപ്പി' കൊണ്ടുപോലും ചികിത്സിക്കാൻ കഴിയാത്ത ക്യാൻസറായി വളർന്നു കഴിഞ്ഞു.

ഇന്ന് ഈ വിഷയം ഫ്ളാഷ് മൊബ് കളിച്ചും മനുഷ്യചങ്ങല പിടിച്ചും പാത്രം കൊട്ടിയും വിളക്ക് തെളിച്ചും ഒക്കെ പരിഹരിക്കാം എന്നുള്ള ലാഘവ ചിന്ത വെറും അന്ധവിശ്വാസം മാത്രമാണ്.

കഴിഞ്ഞ രണ്ടു ദശാബ്ദമായി ഇവിടെ ലഹരി ബിസിനസ് നടത്തി കോടികൾ സമ്പാദിച്ചത് മാടക്കടക്കാരും പെട്ടികട നടത്തിപ്പുകാരും ഒന്നുമല്ല. അതിന്റെ പുറകിൽ അന്താരാഷ്ട്ര ബിസിനസുകാരും രാഷ്ട്രീയ നേതാക്കളും കള്ളക്കടത്തുകാരും ഒക്കെയുണ്ട്. അവർക്കു പോലീസിലും മറ്റു സർക്കാർ ഏജൻസികളിലും ഒക്കെ വലിയ പിടിപാടുണ്ട്. വലിയ ക്രിമിനൽ സംഘത്തെയൊക്കെ അതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഒക്കെ ഇതിനെതിരെ ശബ്ദിച്ചവരെയൊക്കെ അവർ അടിച്ചമർത്തുകയോ ഇല്ലായ്മ ചെയ്യുകയോ വിലക്കെടുക്കുകയോ ചെയ്തിട്ടുണ്ട്. കേസുകൾ പലതും 'ആവിയായി' പോയിട്ടുണ്ട്. പല രാഷ്ട്രീയ നേതാക്കളും ഇരുട്ടി വെളുത്തപ്പോൾ കോടീശ്വരന്മാരായിട്ടുണ്ട്. പല പാർട്ടികളും പാർട്ടി ഫണ്ടായി ഇതിന്റെ പങ്കുപറ്റിയിട്ടുണ്ട്. ചില 'ദൈവങ്ങളും' ഇതിന്റെ കച്ചവട കേന്ദ്രങ്ങൾ ആണ്.

ഇപ്പോൾ പിന്നെ എന്തുപറ്റി പെട്ടെന്ന് ലഹരിക്കെതിരെ പോരാട്ടം പ്രഖ്യാപിക്കാൻ? കാര്യങ്ങൾ കൈവിട്ടു തുടങ്ങി. Law & order വലിയ വെല്ലുവിളിയാകുന്നു. വലിയവന്റെ ഒക്കെ മക്കൾ ഇതിന്റെ ഇരകളായി തീർന്നു. പോലീസ് ആക്രമിക്കപ്പെടാൻ തുടങ്ങി. അവരെ ഉപയോഗിച്ചുകൊണ്ടിരുന്ന നേതാക്കന്മാർക്ക് നേരെ പോലും അവർ 'വടിവാളും' 'തോക്കും' ഒക്കെ ഉയർത്തിക്കഴിഞ്ഞു. അപകടങ്ങൾ വർദ്ധിക്കുന്നു. അക്രമങ്ങൾ വർദ്ധിക്കുന്നു. കൊലപാതകങ്ങൾ വർദ്ധിക്കുന്നു. സ്ത്രീ സുരക്ഷ വലിയ ഭീഷണി നേരിടുന്നു. കുട്ടികൾ വലിയ സുരക്ഷാ പ്രശ്നം നേരിടുന്നു. സമൂഹത്തിന്റെ മാനസിക ആരോഗ്യം തകരുന്നു. സർക്കാരിന് തന്നെ ഇതൊരു വലിയ ഭീഷണിയായിരിക്കുന്നു. ഇത്രയൊക്കെ ആയിട്ടും ഒന്നും പഠിച്ച ലക്ഷണം കാണിക്കുന്നില്ല. ഇത്രമേൽ ആഴത്തിലുള്ള ഒരു വിഷയം കൈകാര്യം ചെയ്യുന്ന രീതി തികച്ചും ബാലിശമാണ്. ലക്ഷണങ്ങളെയല്ല കാരണങ്ങളെയാണ് ചികിത്സിക്കേണ്ടത്.

വലിയ വിഷയങ്ങളെ വലിയ പഠനത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. അവിടെയാണ് നേതൃത്വം ഉയർന്നു നിൽക്കേണ്ടത്. വലിയ വിഷയങ്ങളെ നേരിടുമ്പോൾ വസ്തുതകൾ നന്നായി മനസ്സിലാക്കി വ്യക്തമായ ആസൂത്രണത്തോടെ നീങ്ങണം. അങ്ങനെയെങ്കിൽ ഈ രംഗത്ത് പ്രവർത്തന പരിചയമുള്ള പ്രമുഖരായ ഡോക്ടേഴ്സ്, മനഃശാസ്ത്രജ്ഞർ, മാനസീക ആരോഗ്യ വിദഗ്ദ്ധർ, അദ്ധ്യാപകർ, സാമൂഹിക പ്രവർത്തകർ, പോലീസ് എന്നിവരുമായി വലിയ ആശയവിനിമയവും ചർച്ചയും ഉണ്ടാകേണ്ടതുണ്ട്.

ഇനി ഇത്രമേൽ സംഘടിച്ചു നിൽക്കുന്ന അന്താരാഷ്ട്ര ബന്ധങ്ങൾ ഉള്ള ഒരു വിപത്തിനെ നിലവിലെ 'ഓട്ടവീണ' പോലീസിനെക്കൊണ്ടും യാതൊരു integrity യുമില്ലാത്ത സർക്കാർ സംവിധാനങ്ങൾ കൊണ്ടും നേരിടാം എന്നൊക്കെ വ്യാമോഹിക്കുന്നതും അതിലും വലിയ തമാശയല്ലേ? പൂർണ്ണ അധികാരമുള്ള ഒരു രാഷ്ട്രീയേതര സംവിധാനമാണ് ഇതിനെ നേരിടാൻ നമുക്കാവശ്യം. ഒരു special task force തന്നെ ഇതിനായി രൂപപ്പെടുത്തേണ്ടതായി വരും. മികച്ച ഒരു ഓഫീസർ (റിട്ടയേർഡ് ആയാലും കുഴപ്പമില്ല) ഈ പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കണം!

അദ്ധ്യാപകരെ ശാക്തീകരിക്കുകയും അവർക്കു വലിയ support നൽകുകയും വേണം. മാതാപിതാക്കളെ ബോധവൽക്കരിക്കാനുള്ള മികച്ച പദ്ധതികൾ വേണം. ഓരോ കുടുംബവും കൂടുതൽ ബലപ്പെടണം. ബന്ധങ്ങൾ കുറെക്കൂടി ദൃഢമാക്കണം. ശക്തമായ പരിശീലനങ്ങൾ ഈ കാര്യത്തിൽ ഉണ്ടായേ തീരൂ.

Participatory social policing - സമൂഹത്തിന്റെ വലിയ സഹകരണത്തോടെ ഇതിനെതിരെയുള്ള ജാഗ്രത സമിതികൾ രൂപപ്പെടണം. അന്യസംസ്ഥാന തൊഴിലാളികളെ കൃത്യമായി monitor ചെയ്യാൻ കഴിയണം. പോലീസിലെ ക്രിമിനലുകളെയും കൈക്കൂലിക്കാരേയും അർപ്പണ ബോധമില്ലാത്തവരെയും 'അനക്കാതെ' വച്ചുകൊണ്ടു ഇതിനെതിരെ ഒരു പോരാട്ടം അസാദ്ധ്യമാണ്. പോലീസിന്റെ integrity ഉയർത്താനും അവരുടെ അഭിമാനവും professionalism-വും ഉയർത്തിനിർത്താനും വലിയ ശ്രമങ്ങൾ വേണം. മികച്ച പരിശീലനം അനിവാര്യം. ഈ കാര്യത്തിൽ മാതൃകയുള്ള രാജ്യങ്ങളുടെ best practices ഒക്കെ നമുക്കും നല്ലതെങ്കിൽ സ്വീകരിക്കാം! ലഹരിയുമായി ബന്ധപ്പെട്ട കേസുകൾ രാജ്യദ്രോഹകുറ്റമായി തന്നെ കാണണം. എങ്കിൽ വലിയ മാറ്റങ്ങൾ ഉണ്ടാകും.

മികച്ച rehabilitation കേന്ദ്രങ്ങളും ആധുനിക ചികിത്സാ രീതികളും ഇതിൽ വീണുപോയവരെ തിരികെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ അനിവാര്യമാണ്. ഈ രംഗത്ത് ഏറ്റവും വേണ്ടത് സാമൂഹിക സേവന സന്നദ്ധതയാണ്. വിദ്യാർത്ഥികളെയും തൊഴിൽ രഹിതരായ ചെറുപ്പക്കാരെയും ഒക്കെ ഉൾപ്പെടുത്തി ഒരു volunteer force വലിയ പ്രതീക്ഷ നൽകും. അതിൽ പ്രവർത്തിക്കുന്നവർക്ക് വലിയ അംഗീകാരവും academic credits ഉം മറ്റും നൽകി അതിന്റെ അഭിമാനം ഉയർത്തി നിർത്താം!

സന്നദ്ധ സംഘടനകളുടെയെല്ലാം സഹകരണം ഈ കാര്യത്തിൽ തേടാവുന്നതാണ്.

കുട്ടികളെയും യുവതയെയും കേന്ദ്രീകരിച്ചു വലിയ തുടർപ്രവർത്തനങ്ങൾ ആരംഭിക്കണം. സന്തോഷമുള്ള ബാല്യവും കൗമാരവും നമ്മുടെ സമൂഹത്തിൽ ഉറപ്പാക്കാം. സന്തോഷം എന്നത് ഒരു ഉയർന്ന mental state ആണ്. സന്തോഷമുള്ള കുട്ടികൾ പൊതുവെ തെറ്റിൽ വീണുപോകാൻ സാധ്യത കുറവാണ്. ആരോഗ്യപരമായ ഒരു ഭവന അന്തരീക്ഷം - parenting ഒക്കെ ഇതിൽ വലിയ പങ്കു വഹിക്കുന്നു. സ്കൂൾ അന്തരീക്ഷവും inspiring ആകണം. അവരെ കേൾക്കാനും മനസ്സിലാക്കാനും പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും കഴിയുന്ന ഒരു ലോകം അവർക്കു ചുറ്റും രൂപപ്പെടട്ടെ. അവരുടെ വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകാം. മികച്ച മെന്റൽ ഹെൽത്ത്, വൈകാരിക ബുദ്ധിശക്തി, ഉയർന്ന സ്വഭാവ മൂല്യങ്ങൾ ഒക്കെയുള്ള കുട്ടികൾ പൊതുവെ സാമൂഹിക തെറ്റുകളെ, വീഴ്ചകളെ പ്രതിരോധിക്കാൻ കൂടുതൽ കഴിവുള്ളവരാണ്.

സൗഹൃദങ്ങളും നല്ല വ്യക്തിബന്ധങ്ങളും കലയും കളിയും സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളും ഒക്കെ യുവതയിൽ കൂടുമ്പോൾ ജീവിതത്തിൽ ഉയർന്നു നിൽക്കാനുള്ള കരുത്തും കൂടും. ഇത്തരത്തിലൊക്കെ അവസരം കിട്ടാത്ത ശ്രദ്ധിക്കപെടാത്ത കുട്ടികളാണ് പലപ്പോഴും 'ചതിയിൽ' വീണു പോകുന്നത്. നല്ല കൗൺസിലിംഗ് ഗൈഡൻസ് പ്രവർത്തനങ്ങൾ ഒക്കെ അവരുടെ ജീവിതത്തെ ഉയർത്തി നിർത്താൻ വളരെ അനിവാര്യമാണ്. അവരുടെ വിഷയങ്ങളോട് ഒരു സമൂഹം ചേർന്ന് നിൽക്കുമ്പോൾ അവരും സമൂഹത്തിന്റെ പുരോഗതിക്കു പരിശ്രമിക്കുന്നവരാകും!

നല്ല കാഴ്ചപ്പാടും ദർശനവും അവർക്കു നൽകാം. ഉയർന്ന ലക്ഷ്യങ്ങൾ ഉള്ള ചെറുപ്പക്കാർ തെറ്റിൽ വീണു പോകുന്നില്ല. അവർ സമൂഹത്തിൽ different ആയി നിലകൊള്ളും. ഇവിടെയാണ് സമൂഹത്തിലെ അദ്ധ്യാപകരും മറ്റും ചിന്തിക്കേണ്ടത്. ഇന്നത്തെ കുട്ടികളെ സ്വാധീനിക്കാനും motivate ചെയ്യാനും നമ്മുടെ പ്രവർത്തികൊണ്ടും ജീവിതം കൊണ്ടും സാധിക്കുന്നുണ്ടോ? പുരോഹിതന്മാർക്ക് സ്വന്തം ജീവിതം കൊണ്ട് അവർക്കു ദൈവത്തെ കാണിച്ചു കൊടുക്കാൻ കഴിയുന്നുണ്ടോ? അവരുടെ ജീവിതത്തിന്റെ purpose എന്താണ് എന്ന് അവർക്കു മനസ്സിലാക്കികൊടുക്കാൻ നമ്മുടെ പ്രവർത്തനം കൊണ്ട് കഴിയുന്നുണ്ടോ?

റാലിയും റാസയും പെരുന്നാളും കൂദാശയും ഒന്നും പര്യാപ്തമല്ല ഇന്നത്തെ കുട്ടികളുടെ വെല്ലുവിളികൾ പരിഹരിക്കാൻ. അതിനു അവർക്കു നല്ല ജീവിതം കാട്ടികൊടുക്കാൻ കഴിയണം. അതിനു നമ്മൾ ഓരോരുത്തരും നല്ല മാതൃകകളായി മാറേണ്ടതുണ്ട്. 'ഉപദേശങ്ങൾ' അല്ല അവർക്കു കണ്ടു മനസ്സിലാക്കാൻ കഴിയുന്ന 'ഉദാഹരണങ്ങൾ' ആകാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം!

കുട്ടികൾക്ക് കലാ കായിക സാംസ്ക്കാരിക സൗഹൃദ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യമുള്ള വിദ്യാഭ്യാസം രൂപപ്പെടേണ്ടതുണ്ട്. ക്ലാസ്സുമുറിയിലെ പഠനം, പരീക്ഷ, മാർക്ക്, ഗ്രേഡ്.... ഈ 'തളച്ചിടൽ' അവരെ ബോർ അടിക്കുന്നവരും 'ലഹരി' അന്വേഷിക്കുന്നവരും ആക്കിയേക്കാം. അമിതമായ ട്യൂഷൻ, കോച്ചിംഗ് ഒക്കെ വിപരീതഫലം ചെയ്തേക്കാം!

മാനസിക പ്രശ്ന പഠന വൈകല്യം ഒക്കെ കുട്ടികളിൽ കണ്ടാൽ ചെറിയ പ്രായത്തിൽ തന്നെ professional സഹായം എടുക്കാൻ മടിക്കരുത്. കുട്ടികളുടെ നൈപുണ്യങ്ങൾ വളർത്താനും ചെറിയ പ്രായത്തിലെ ശ്രമിക്കാം. അവരുടെ അഭിരുചികളെ പ്രോത്സാഹിപ്പിക്കാം. അവർ മിടുക്കരാണ്, നല്ലവരാണ് എന്ന് കൂടെ കൂടെ കേട്ട് വളരട്ടെ. തെറ്റുകൾ കണ്ടാൽ തിരുത്താം. അനാവശ്യ വാശികൾ സാധിച്ചുകൊടുക്കാതിരിക്കാം. ഇതൊക്കെ അവരുടെ ജീവിത ഗുണമേന്മ ഉയർത്തും.... തെറ്റിപോകാനുള്ള സാദ്ധ്യതകൾ കുറയ്ക്കും.

കുടുതൽ diversified ആകട്ടെ അവരുടെ ജീവിതം.
സമൃദ്ധമായ ജീവിതം വരും തലമുറയും ആഘോഷിക്കട്ടെ.

*(സുനിൽ ഡി. കുരുവിള - മാനവശേഷി വികസന പരിശീലകനും, കൗൺസിലറുമാണ്, മാവേലിക്കര ഇൻസൈറ്റ് മിഷന്റെ സ്ഥാപകനുമാണ്.*

ഫോൺ - +91 9847400712, 9656144712
E-mail : sunil_kuruvilla@rediffmail.com,
website : insightmission.org)



# ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |

**പരസ്യനിരക്ക്**

| | |
|---|---|
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |

**ബ്ലായ്ക്ക്& വൈറ്റ്**

| | |
|---|---|
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |

**കളർ പരസ്യനിരക്ക്**

| | |
|---|---|
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |

# ബൈബിളിൽ മൂന്ന് എന്ന അക്കത്തിന്റെ പ്രത്യേകതകൾ

അച്ചാമ്മ കുറിയാക്കോസ് കാവിത്താഴെ

1. 3-ാം ദിവസം ദൈവം രാവും പകലും തമ്മിൽ വേർതിരിച്ചു (ഉല്പത്തി 1:13).
2. യിസ്രായേൽക്കാർ 3 ദിവസത്തെ വഴി നടന്ന് യാഗം കഴിച്ചിട്ട് വരാം എന്നു പറഞ്ഞു (പുറപ്പാട് 5:3).
3. ഇസ്രായേൽ പുറപ്പെട്ടതിന്റെ 3-ാം മാസം 3-ാം തീയതി സീനായ് മരുഭൂമിയിൽ (പുറപ്പാട് 9:1.)
4. മോശയെ അമ്മ 3 മാസം ഒളിപ്പിച്ചു (പുറപ്പാട് 2:2).
5. ദൈവം അബ്രഹാമിനോട് 3 വയസ്സുള്ള പശുകിടാവിനെയും 3 വയസ്സുള്ള കോലാടിനേയും 3 വയസ്സുള്ള ആട്ടിൻകൊറ്റനെയും (ഉല്പത്തി 15:9).
6. യാഗപീഠത്തിന് 3 മുഴം ഉയരം (ഉല്പത്തി 18:2).
7. അബ്രഹാം നോക്കിയപ്പോൾ 3 പുരുഷന്മാർ അബ്രഹാം സാറായോട് 3 ഇടങ്ങഴി മാവ് എടുത്ത് അപ്പം ഉണ്ടാക്കുവാൻ (പുറപ്പാട് 34:7).
8. നോഹയുടെ 3 പുത്രന്മാരും അവരുടെ ഭാര്യമാർ 3 പേരും പെട്ടകത്തിൽ (ഉല്പത്തി 7:13).
9. പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെ മേലും 3-4 തലമുറകളിലും സന്ദർശിക്കും (ആവർത്തനം 5:9).
10. (ദാനിയേൽ 3:23 ൽ) 3 പുരുഷന്മാർ ബന്ധിക്കപ്പെട്ടവരായി എരിയുന്ന തീച്ചൂളയിൽ വീണു.
11. ഇയ്യോബിന് 3 പുത്രിമാർ ആയിരുന്നു. (ഇയ്യോബ് 1:3).
12. ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ 3 ദാസന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏല്പിച്ചു (മത്തായി 25:14).
13. 3-ാം ദിവസം എസ്ഥേർ രാജവസ്ത്രം ധരിച്ചും കൊണ്ട് രാജധാനിയുടെ അകത്തെ പ്രാകാരത്തിൽ ചെന്നു (എസ്ഥേർ 5:1).
14. യോനാ പുറപ്പെട്ടു നിനെവേയിലേക്കു ചെന്നു. എന്നാൽ നിനവേ 3 ദിവസത്തെ വഴിയുള്ള അതിമഹത്തായൊരു നഗരമായിരുന്നു (യോന. 3:3).
15. യോനാ 3 രാവും 3 പകലും മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്നു (യോന 1:17).
16. ദാനിയേൽ താൻ മുമ്പെ ചെയ്തു വന്നതുപോലെ ദിവസം 3 പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്ത്രോത്രം ചെയ്തു (ദാനിയേൽ 6:10).
17. മറിയ ഏകദേശം 3 മാസം അവളോടുകൂടെ പാർത്തിട്ട് വീട്ടിലേക്ക് മടങ്ങിപ്പോയി (ലൂക്കാ. 1:56)
18. യേശു ജനിച്ചതറിഞ്ഞ് വിദ്വാൻമാർ ശിശുവിനെ അമ്മയായ മറിയയോടു കൂടെ കണ്ടു വീണു നമസ്ക്കരിച്ചു. 3 സാധനങ്ങൾ (പൊന്നും, കുന്തുരുക്കവും, മൂരും) കാഴ്ച വച്ചു. (മത്തായി 2:11)
19. 3 നാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും കണ്ടു (ലൂക്കാ. 2:46)
20. 3-ാംനാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായിരുന്നു (യോഹ 2:1).
21. ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും 3-ാം നാളിൽ സമാപിക്കുകയും ചെയ്യും (ലൂക്കാ. 13:32).
22. നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ 3 കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും, ഒന്നു മോശെക്കും, ഒന്നു ഏലിയാവിനും എന്നു പറഞ്ഞു (മത്തായി 17:4).
23. യേശു അവനോട് ഈ രാത്രിയിൽ കോഴികൂകും മുമ്പെ നീ 3 വട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു (മത്തായി 26:34).
24. ക്രിസ്തു കഷ്ടം അനുഭവിക്കുകയും 3-ാംനാൾ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കയും (ലൂക്കാ. 24:46).
25. യേശുവിനെ ക്രൂശിച്ച കുരിശിൽ മേലെഴുത്ത് 3 ഭാഷകളിൽ എഴുതിയിരുന്നു. (എബ്രായ, റോമ, യവന ഭാഷകളിൽ) (യോഹ. 19:20).
26. ഈ മന്ദിരം പൊളിച്ചാൽ 3 ദിവസം കൊണ്ടു പണിയാം.
27. അവർ അവനെ പരിഹസിക്കുകയും, തുപ്പുകയും,തല്ലുകയും, കൊല്ലുകയും 3 നാൾ കഴിഞ്ഞിട്ടു അവൻ ഉയിർത്തെഴുന്നേൽക്കയും ചെയ്യും (മർക്കോസ് 10: 34).
28. 3-ാം മണി നേരമായപ്പോൾ അവനെ ക്രൂശിച്ചു (മർക്കോസ് 15:25).
29. 3 സ്ത്രീകൾ ദൂരത്തുനിന്ന് നോക്കിക്കൊണ്ടിരുന്നു. അവരിൽ മഗ്ദലനക്കാരി മറിയ, ചെറിയ യാക്കോബിന്റെയും യോസയുടേയും അമ്മ മറിയയും, ശാലോമിയും ഉണ്ടായിരുന്നു (മർക്കോസ് 15:40).

**ബൈബിൾ ക്വിസ്**

1. യേശുക്രിസ്തു ജനിച്ചവർഷം? (ബി. സി. 4)
2. ബൈബിളിന്റെ ഗ്രന്ഥകർത്താവ് ആര്?
   (പരിശുദ്ധാത്മാവാം ദൈവം, 40 ലേഖകരെ ഉപയോഗിച്ച്, 2 പത്രോസ് 1:20-21).
3. ബൈബിൾ എഴുതാൻ എത്രവർഷം എടുത്തു?
   (പഴയനിയമം ബി.സി. 1400-430 കാലഘട്ടത്തിലും, പുതിയ നിയമം എ.ഡി. 40-95 കാലഘട്ടത്തിലും).
4. ബൈബിളിന്റെ ആദ്യ മലയാള പരിഭാഷ ആര് തയ്യാറാക്കി? എന്ന് പ്രസിദ്ധീകരിച്ചു?
   (ക്ലോഡിയൻ ബുക്കാനൻ, 1811 ൽ ബോംബെ കുറിയർ പ്രസിൽ അച്ചടിച്ചു. 4 സുവിശേഷങ്ങൾ)
5. ഏതു പദത്തിൽ നിന്നാണ് ബൈബിൾ എന്ന പേരുണ്ടായത്?.(ബിബ്ലിയോ എന്ന ഗ്രീക്കുപദത്തിൽ നിന്നും)
6. ബൈബിൾ എന്ന പദത്തിന്റെ അർത്ഥം എന്ത്?
   (വേദപുസ്തകം)
7. ബൈബിളിന്റെ മൂലഭാഷ ഏത്?
   (എബ്രായ, അരാമ്മിയ, ഗ്രീക്ക്)



8. പഴയനിയമം എഴുതിയ ഭാഷ ഏത്? (എബ്രായ)
9. പുതിയ നിയമം എഴുതപ്പെട്ട ഭാഷ ഏത്? (ഗ്രീക്ക്)
10. ബൈബിൾ ആദ്യമായി അച്ചടിച്ചതാര്? (ഗുട്ടൻബർഗ്)
11. ക്രിസ്തു എന്ന പദം ഏത്? ഭാഷ ഏത്? (യവനായ)
12. മിശിഹ എന്ന പദം ഏത് ഭാഷ? (എബ്രായ)
13. ബൈബിളിലെ ആകെ പുസ്തകം എത്ര? (66)
14. പഴയനിയമത്തിൽ എത്ര പുസ്തകം? (39)
15. ന്യായപ്രമാണ പുസ്തകത്തിന്റെ കർത്താവ്? (മോശെ)
16. പഴയനിയമം എത്ര അദ്ധ്യായം? (929)
17. പുതിയ നിയമത്തിൽ എത്ര അദ്ധ്യായം? (260)
18. ബൈബിളിലെ ആകെ അദ്ധ്യായം എത്ര? (1189)
19. ബൈബിളിലെ നീണ്ട വാക്യം ഏത്? (എസ്ഥേർ 8:9)
20. ബൈബിളിലെ ആകെ വാക്യം എത്ര? (31072)
21. പഴയനിയമത്തിൽ എത്ര വാക്യം? (20668)
22. പുതിയ നിയമത്തിൽ എത്ര വാക്യം? (10404)
23. എബ്രായക്കാരുടെ പാട്ടു പുസ്തകം? (സങ്കീർത്തനം)
24. ലേഖനങ്ങളുടെ രാജ്ഞി? (എഫേസ്യർ)
25. ലോകത്തിൽ ആദ്യമായി അച്ചടിച്ച പുസ്തകം ഏത്? (ബൈബിൾ, ഇംഗ്ലീഷ് 1456 ൽ, ഗുട്ടൻബർഗ്)
26. കേരളത്തിൽ ആദ്യമായി അച്ചടിച്ച പുസ്തകം ഏത്? ആര്? എവിടെ അച്ചടിച്ചു?
(പുതിയ നിയമം, 1829-ൽ ബഞ്ചമിൻ ബെയ്‌ലി സ്ഥാപിച്ച കോട്ടയം സി. എം. എസ് പ്രസ്സിൽ)
27. ബൈബിളിലെ നീണ്ട അദ്ധ്യായം ഏത്?
(119-ാം സങ്കീർത്തനം)
28. ബൈബിളിൽ ദൈവം എന്ന പദം ഇല്ലാത്ത പുസ്തകം ഏത്? (എസ്ഥേർ, ഉത്തമഗീതം)
29. ക്നായി തോമായുടെ ജന്മദേശം ഏത്? (സിറിയായിലെ 'കാനാ')
30. സിറിയൻ കുടിയേറ്റം വർഷം ഏത്? (എ.ഡി. 345 ൽ)
31. ക്നായിതൊമ്മന്റെ നേതൃത്വത്തിൽ ക്നാനായക്കാർ കപ്പൽ മാർഗ്ഗം വന്നിറങ്ങിയ സ്ഥലം ഏത്? (കൊടുങ്ങല്ലൂർ)

**ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം**

1. പത്രോസിനെ റോമിൽവച്ച് ക്രൂശിപ്പാൻ വിധിച്ചപ്പോൾ തന്റെ അപേക്ഷപ്രകാരം തലകീഴായി ക്രൂശിച്ചു.
2. അന്ത്രയോസിനെ മരത്തിൽ തുളച്ചുനിർത്തി അതിൽ കിടന്നു വേദന അനുഭവിക്കുമ്പോഴും യേശുവിനെ പ്രസംഗിച്ചു മൂന്നാം ദിവസം മരിച്ചു.
3. യാക്കോബ് എന്ന സെബദിപുത്രൻ യെരുശലേമിൽ വച്ച് ഹേരോദാ രാജാവിന്റെ വാളാൽ കൊല്ലപ്പെട്ടു.
4. ഫീലിപ്പോസിനെ ഒരു തുണിമേൽ തൂക്കികൊന്നു
5. ബർത്തലോമിയെ അർമീനിയൻ രാജാവ് അഗ്നിക്കിരയാക്കി.
6. മത്തായി എത്യോപിയായിൽ ഒരു പട്ടണത്തിൽ വച്ച് വധിക്കപ്പെട്ടു.
7. തോമസ് മൈലാപ്പൂരിൽ വച്ച് കുന്തത്താൽ കുത്തേറ്റു മരിച്ചു.
8. ചെറിയ യാക്കോബിനെ ദൈവാലയത്തിന്റെ മുകളിൽ നിന്ന് താഴേക്ക് തള്ളിയിട്ട് ഗദകൊണ്ട് അടിച്ചുകൊന്നു.
9. യൂദായെ ശരം എയ്തുകൊന്നു.
10. എരിവുകാരനായ ശീമോൻ പേർഷ്യയായിൽവച്ച് ക്രൂശിക്കപ്പെട്ടു.
11. മത്യാസിനെ കല്ലെറിഞ്ഞു വീഴ്ത്തിയശേഷം തലവെട്ടിക്കൊന്നു.
12. പൗലോസിനെ നീറോ കൈസർ റോമിൽവച്ച് ശിരഛേതനം ചെയ്തു.
13. ലൂക്കോസിനെ ഈജിപ്തിലെ അലക്സാന്ത്രിയപട്ടണത്തിലെ പ്രധാന വീഥിയിലൂടെ കുതിരയുടെ വാലിൽ കെട്ടി വലിച്ചിഴച്ചു.
14. മർക്കോസിനെ ഗ്രീസിലെ ഒരു വലിയ ഒലിവുമരത്തിൽ തൂക്കിക്കൊന്നു.
15. ബർണ്ണാബാസിനെ സലേമീസിൽവച്ച് കല്ലെറിഞ്ഞ് കൊന്നു.
16. യോഹന്നാനെ പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ടു. അവിടെവച്ച് വെളിപാട് പുസ്തകം എഴുതി. പിന്നീട് സാധാരണ മരണം പ്രാപിച്ചു.

അതിനുശേഷം അനേകം മിഷനറിമാർ യേശുവിനെ പ്രതി ജീവത്യാഗം ചെയ്ത് ജീവകിരീടത്തിന് അവകാശികളായി.

**40th day of Demise**
**10th November 2022**



**Mariamma Chacko**
**(Kunjumol)**
**Srampy Malayil, West Othera**

*നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ*
**സന്തപ്ത കുടുംബാംഗങ്ങൾ**

# ഒരു പ്രകാശ ഗോപുരം

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

ഒരു അമേരിക്കൻ നഗരത്തിൽ എഴുപത്തി അഞ്ചു വർഷം പഴക്കമുള്ള ഒരു പള്ളിയുടെ ഗോപുരം ആകാശത്തെ ഭേദിച്ചുയർന്നു നിൽക്കുന്നു. അതിനു മുകളിൽ രാത്രികാലങ്ങളിൽ കത്തി ജ്വലിക്കുന്ന ഒരു വിളക്കുണ്ട്. വിദൂരതയിൽനിന്നു പോലും അതിന്റെ പ്രകാശം ദൃശ്യമാണ്.

ഒരു രാത്രിയിൽ ആ ദൈവാലയത്തിലെ വൈദികൻ ഡോക്ടർ പോൾ ചില ജോലികൾ ചെയ്തു തീർക്കാൻ മദ്ബഹായോടു ചേർന്നുള്ള ഓഫീസ് മുറിയിൽ ഉണ്ടായിരുന്നു. തുറന്നു കിടന്ന പള്ളിയിൽ കൂടി ഒരാൾ ഓഫീസ് മുറിയിൽ കടന്നുവരുന്നത് അദ്ദേഹം അറിഞ്ഞില്ല. പാറിക്കിടക്കുന്ന തലമുടി അശ്രദ്ധമായ വസ്ത്ര ധാരണം. വികാര തീവ്രമായ മുഖം. ഇപ്രകാരം പ്രത്യക്ഷപ്പെട്ടത് ഒരു സ്ത്രീ ആയിരുന്നു. വൈദികന് തികച്ചും അപരിചിതയായ ഒരു യുവതി . അവൾ ചോദിച്ചു "താങ്കൾ ഈ പള്ളിയിലെ വൈദികനാണോ? 'അതെ' എന്നുള്ള ഉത്തരം കേട്ട മാത്രയിൽ അടുത്ത ചോദ്യമുയർന്നു. "ആത്മഹത്യ ചെയ്യുവാൻ പോകുന്ന ഒരു വ്യക്തിയോട് താങ്കൾക്ക് എന്തു പറയാനുണ്ട്? അങ്ങനെയാണ് സംഭാഷണം തുടങ്ങിയത്. ആ നഗരത്തിലെ ഒരു കോളേജ് പ്രൊഫസറായ സഹോദരനെ അവസാനമായി കാണാൻ അവൾ നഗരത്തിൽ എത്തിയതാണ്. അന്നു രാത്രി താമസിക്കാൻ ഒരു ഹോട്ടലിൽ മുറി എടുത്തു. അവിടെ തന്റെ ജീവനൊടുക്കാനായിരുന്നു അവളുടെ പദ്ധതി. മുറിയുടെ ജനൽ അടയ്ക്കുന്നതിനായി ആരംഭിച്ചപ്പോൾ അല്പം അകലെ ദൈവാലയഗോപുരത്തിലെ ജ്വലിക്കുന്ന വിളക്ക് കണ്ടു. ആ പ്രകാശ ഗോപുരം അവളെ മാടിവിളിക്കുന്നതുപോലെ തോന്നി. സംഘർഷം മുറ്റി നില്ക്കുന്ന ഹൃദയവുമായി അവിടെ എത്തുവാൻ ഒരദൃശ്യ ശക്തി അവളെ നയിക്കുകയായിരുന്നു.

ശാന്തനും സൗമ്യനുമായി കാണപ്പെട്ട വൈദികനോട്, രാത്രിയുടെ നിശ്ശബ്ദതയിൽ അവരുടെ ഹൃദയത്തിന്റെ തേങ്ങലുകൾ അറിയിക്കാൻ ഒരുമ്പെട്ടു. ആത്മഹത്യയെന്ന സാഹസത്തിന് അവളെ പ്രേരിപ്പിച്ച കാരണവും വെളിപ്പെടുത്തി. കുറെ നേരത്തെ സംഭാഷണത്തിനു ശേഷം ഡോക്ടർ പോൾ ചോദിച്ചു "നിങ്ങൾ ജീവൻ ഒടുക്കുന്നതിന് മുമ്പ് രണ്ടു ചെറിയ പുസ്തകങ്ങൾ വായിക്കുവാൻ ഒരുക്കമാണോ? അർത്ഥപൂർണമായ ജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്ന കൊച്ചു പുസ്തകങ്ങൾ എന്നു കേട്ടപ്പോൾ അവ വായിക്കാമെന്നു സമ്മതിച്ചു.

അവയിൽ ഒരെണ്ണം അദ്ദേഹം അവൾക്കു കൊടുത്തു "മറ്റെ പുസ്തകം എന്റെ പാഴ്സനേജിൽ ആണ്. എന്റെ കൂടെ അവിടെ വരെ വരാമെങ്കിൽ അതും തരാം" അല്പമൊരു വൈമനസ്യത്തോടെയെങ്കിലും ആ നിർദ്ദേശം അവൾ സ്വീകരിച്ചു. വൈദികന്റെ ലക്ഷ്യം പുസ്തകം നൽകുക മാത്രമല്ല. തന്റെ ഭാര്യയും അവളോട് സംസാരിക്കാനും ബന്ധപ്പെടുവാനും ഇടയാകുന്നത് സഹായകമാകും എന്ന ചിന്ത ഉണ്ടായിരുന്നു. രാത്രിയിൽ ഇരുവരും പാഴ്സനേജിലേക്ക് പുറപ്പെട്ടു. എന്നാൽ വീട്ടിനുള്ളിൽ കയറാൻ അവൾ കൂട്ടാക്കിയില്ല. വൈദികപത്നി പുറത്തേക്കു വന്നു. അവർ ഒരുമിച്ച് യുവതിയുടെ ഹോട്ടലിലേക്കുപോയി. അവളെ അവിടെ ആക്കിയ ശേഷം വൈദികനും ഭാര്യയും മടങ്ങി. ഒരാഴ്ച കഴിഞ്ഞപ്പോൾ വൈദികൻ യുവതിക്കു നൽകിയ പുസ്തകങ്ങളിൽ ഒരെണ്ണം തപാലിൽ തിരിച്ചു വന്നു. അവൾ അത് വായിച്ചു എന്ന് വ്യക്തമായി. ഏതാനും ആഴ്ചകൾക്കുശേഷം രണ്ടാമത്തെ പുസ്തകവും തിരികെ കിട്ടി.

ഒരു വർഷത്തിനുശേഷം ക്രിസ്മസ് കാലയളവിൽ ഒരു വിശേഷാൽ കത്ത് വൈദികനു ലഭിച്ചു. അത് ആ യുവതിയുടേതായിരുന്നു. കോച്ചി മരവിപ്പിക്കുന്ന പഴയ ആ രാത്രിയിൽ അവൾ പള്ളിമുറിയിൽ എത്തിയപ്പോൾ ഹൃദയവും ഊഷ്മളവുമായ സ്വീകരണം അവൾക്ക് ലഭിച്ചതിനുള്ള ഹൃദയംഗമായ കൃതജ്ഞത പ്രകടിപ്പിച്ചിട്ടുണ്ട്. ആ കൂടിക്കാഴ്ച മൂലമാണ് ആത്മഹത്യയെന്ന സാഹചര്യത്തിൽ നിന്ന് അവൾ പിന്തിരിയുവാനിടയായത് എന്നു വ്യക്തമായി. അവളെ പിടിച്ചടക്കിയിരുന്ന വിഷാദ രോഗത്തിന് പ്രതിവിധി കാണാൻ കഴിഞ്ഞു എന്നു മാത്രമല്ല, ഒരു മെഡിക്കൽ മിഷ്യനറിയായി സേവനമനുഷ്ഠിക്കാൻ ആഗ്രഹിച്ചുകൊണ്ട് അതിനുള്ള പഠനത്തിലും പരിശീലനത്തിനും അവൾ ഏർപ്പെട്ടിരിക്കുയാണെന്നും വെളിപ്പെടുത്തി. അവളുടെ കത്തിലെ അവസാന വാചകം ഇതായിരുന്നു "നിങ്ങളുടെ ദൈവാലയത്തിന്റെ പ്രകാശന ഗോപുരം ആ കാള രാത്രിയിൽ എനിക്ക് എപ്രകാരം പ്രത്യാശയുടെ പ്രകാശം പരത്തിയോ, അതുപോലെ മറ്റുള്ളവർക്ക് പ്രത്യാശയുടെ കിരണങ്ങൾ പകരുന്ന ഒരു ജീവിതമായി തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു"

ഹോട്ടൽ മുറിയുടെ ജനൽ അടയ്ക്കുവാൻ ശ്രമിച്ചപ്പോൾ യാദൃച്ഛികമായി കാണപ്പെട്ട ആ പ്രകാശ ഗോപുരമാണ് അവളുടെ ജീവൻ രക്ഷിച്ചത്. അതവൾക്ക് പ്രചോദനമായി ത്തീർന്നു.

നിരാശയുടെ കരിനിഴലിൽ കഴിയുന്ന എത്രയോ പേർ നമ്മുടെ ചുറ്റിലുമുണ്ട്, കുടുംബ പ്രശ്നങ്ങൾ, സാമ്പത്തിക പ്രതിസന്ധി, ജീവിത പരാജയങ്ങൾ, മറ്റുള്ളവരുടെ അവഗണനയും, പീഡനവും, ഇങ്ങനെ കയ്പേറിയ അനുഭവങ്ങളിൽക്കൂടി കടന്നു പോകുന്നവർ അനവധിയാണ്. ചിലരൊക്കെ ആത്മഹത്യയെന്ന സാഹസത്തിലെത്തിച്ചേരുന്നു.

മേൽ പറഞ്ഞ യുവതിയുടെ തീരുമാനം തികച്ചും പ്രശംസാർഹമാണ്. അന്ധകാരത്തിൽ കഴിയുന്നവർക്ക് ഇത്തിരി വെളിച്ചം പകരാൻ അവളുടെ ജീവിതം ഉഴിഞ്ഞു വയ്ക്കുകയായിരുന്നു.

സമൂഹത്തിന്റെ സുസ്ഥിതി അവിടവിടെയായി ചില പ്രകാശഗോപുരങ്ങൾ സ്ഥിതി ചെയ്യുന്നതുകൊണ്ടാണ്. ധാർമികവും ആത്മീകവുമായ ഔന്നത്യം കൈവരിച്ച വ്യക്തികൾ അത്തരം പ്രകാശഗോപുരങ്ങളാണ്.

അവരുടെ അടുക്കൽ നീറി പുകയുന്ന ഹൃദയങ്ങളുമായി ആളുകൾ എത്തുന്നത് ആശ്വാസവും പ്രത്യാശയും ലഭിക്കുമെന്ന പ്രതീക്ഷയാലത്രെ.

ജ്വലിക്കുന്ന വലിയ വെളിച്ചങ്ങളായിത്തീർന്നില്ല എങ്കിലും ഇത്തിരി വെളിച്ചം നൽകുന്ന കൈത്തിരികളാകാനെങ്കിലും നമുക്ക് സാധിച്ചാൽ നമ്മുടെ ജീവിതവും സാർത്ഥകമായി.




ബഹു. ഡീ. സിജോ ഫിലിപ്പ്, കണ്ണാടിപ്പുഴ

## വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ വി.ലൂക്കോസ് 1:26–38 (20–11–2022)

നൂറ്റാണ്ടുകളായി ലോകമെല്ലാം എന്തിനുവേണ്ടി ആകാക്ഷയോടെ കാത്തിരുന്നോ ആ വലിയ സദ്‌വാർത്ത ദൈവത്തിൽ നിന്നും ഗബ്രിയേൽ മുഖാന്തിരം വി. കന്യക മറിയാമിന് നൽകപ്പെട്ടതിന്റെ അനുഗ്രഹീതമായ ഓർമ്മ ഇന്നേ ദിവസം പരി. സഭ കൊണ്ടാടുകയാണ്. പരി. ദൈവമാതാവിനോടുള്ള അറിയിപ്പിനെ പരി. സഭ രണ്ടു ദിവസങ്ങളായി ആചരിക്കുന്നു. ഇന്നേ ദിവസവും മാർച്ച് മാസം 25–ാം തീയതി വചനിപ്പ് പെരുന്നാളായും. മാർച്ച് 25 ദു:ഖവെള്ളിയാഴ്ച വന്നാൽപോലും അന്നേ ദിവസം വി. കുർബ്ബാന അർപ്പിച്ച് പെരുന്നാളായി ആചരിക്കുവാൻ സഭ കൽപ്പിക്കുമ്പോൾ അത് എത്രമാത്രം പ്രാധാന്യം അർഹിക്കുന്ന ദിവസമാണ് എന്ന് നാം തിരിച്ചറിയണം.

ഗലീലയിലെ നസ്രേത്തു പട്ടണത്തിൽ ദാവീദ് വംശത്തിൽ യൗസേഫ് എന്ന് പേരുള്ള ഒരുവന് വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന മറിയം എന്ന് പേരുള്ള കന്യകയുടെ അടുക്കൽ ദൈവത്തിന്റെ ദൂതൻ കടന്ന് വന്നിട്ട് അവളോട് പറയുകയാണ് "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവനു യേശു എന്ന് പേർ വിളിക്കണം". മറുപടിയായി മറിയം പറഞ്ഞു "ഇതാ കർത്താവിന്റെ ദാസി , അവിടുത്തെ ഹിതം പോലെ എനിക്കു ഭവിക്കട്ടെ. ഇന്നത്തെ വി. ഏവൻഗലിയോൻ മുമ്പോട്ട് വെയ്ക്കുന്ന ഒരു ചോദ്യം ഉണ്ട്.

"ക്രിസ്തുവിനെ വഹിക്കുവാൻ നിനക്ക് മനസ്സുണ്ടോ?"

ഏശായാ പ്രവാചകന്റെ പുസ്തകം 9:2–ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "അന്ധകാരത്തിൽ ഇരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. അന്ധകാരസ്ഥലത്ത് വസിച്ചിരുന്നവരുടെമേൽ പ്രകാശം ശോഭിച്ചു". "കർത്താവ് യേശു മിശിഹായുടെ ജനനത്തേപ്പറ്റിയുള്ള ഏശായാ പ്രവാചകന്റെ പ്രവചനമാണ്. തിന്മ ആകുന്ന അന്ധകാരത്തിൽ മൂടിയിരുന്ന ലോകത്തിന് നടുവിൽ തെളിഞ്ഞ നന്മയുടെ പുതിയ വലിയ പ്രകാശമാണ് ക്രിസ്തു, ആ പ്രകാശത്തിനുവേണ്ടി കത്തി എരിഞ്ഞ തിരിയാണ് പരി. കന്യകമറിയം. എനിക്ക് എന്ത് കിട്ടും എന്ന് ചോദിക്കുന്ന, എനിക്ക് എന്ത് ലാഭം ഉണ്ടാക്കുവാൻ സാധിക്കും എന്ന് ചിന്തിക്കുന്ന ഇന്നത്തെ ലോകത്ത് ആധുനിക സമൂഹത്തിന് ഒരു വലിയ വെല്ലുവിളിയാണ് വി. കന്യകമറിയാമിന്റെ ജീവിതം. എനിക്ക് എന്ത് കിട്ടും എന്നല്ല മറിയം ചിന്തിച്ചത് പിന്നെയോ മറ്റുള്ളവരുടെ രക്ഷയ്ക്കും, നന്മക്കും എന്റെ കൊച്ചു ജീവിതംകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും എന്ന വലിയ മനോഭാവമാണ് ക്രിസ്തുവിനെ വഹിക്കുവാൻ മറിയാമിനെ യോഗ്യയാക്കിയത്. ദൈവം നമ്മോടും ചോദിക്കാൻ ആഗ്രഹിക്കുന്ന ഒരു വലിയ ചോദ്യം ഉണ്ട്. "സ്വാർത്ഥത നിറഞ്ഞ ഈ കാലഘട്ടത്തിൽ മറിയാമിനെപോലെ മറ്റുള്ളവർക്കുവേണ്ടി, മറ്റുള്ളവർക്ക് ക്രിസ്തുവിനെ, അവന്റെ സ്നേഹത്തെ, പകർന്നു കൊടുക്കുവാൻ തക്കവണ്ണം അവനെ നിന്റെ ജീവിതത്തിൽ, നിന്റെ ഹൃദയത്തിൽ വഹിക്കാൻ നിനക്ക് മനസ്സുണ്ടോ?"

## ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര വി. ലൂക്കോസ് 1:39–56 (27–11–2022)

ഇന്നത്തെ വി. ഏവൻഗേലിയോൻ രണ്ട് ഭാഗങ്ങളായി തിരിക്കാം. 39–45 വരെയുള്ള വാക്യങ്ങൾ എലിസബേത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയേയും, 45–56 വരെയുള്ള വാക്യങ്ങൾ മറിയാമിന്റെ പാട്ട് എന്ന് വിളിക്കുന്ന ഗാനവുമാണ്. ഗബ്രിയേൽ മാലാഖയിൽനിന്ന് തന്റെ ചാർച്ചക്കാരിയും വന്ധ്യയുമായ എലിസബേത്ത് ഗർഭിണിയായിരിക്കുന്നു എന്ന വാർത്ത അറിഞ്ഞ മറിയം ഏറെ സന്തോഷത്തോടെ യറുശലേമിൽ നിന്ന് 20 മൈൽ തെക്കുള്ള ഹെദ്രോൻ എന്ന സ്ഥലത്തേക്ക് പോവുകയാണ്. പരി. കന്യക മറിയാമിനെ കുറിച്ച് വിശുദ്ധനായ മോർ അംബ്രാസ് എഴുതിയിരിക്കുന്നത് "St. Mary is a prototype for all Christian and She is a text book for all humanity''. സഭാ പിതാവായ വി. അംബ്രാസ് പരി. അമ്മേക്കുറിച്ച് പറയുന്നത് അവൾ ക്രിസ്ത്യാനിക്ക് ആദ്യ രൂപം അല്ലെങ്കിൽ ആദ്യമാതൃകയാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം എപ്രകാരം ആയിരിക്കണം എന്ന അമ്മയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**1) ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കണം.**

പരി. കന്യക മറിയാമിന്റെ അടുക്കൽ ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് അവളോട് നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന ദൈവദൂത് അറിയിച്ചപ്പോൾ മറിയം ചോദിച്ചു പുരുഷനെ അറിയാതെ അത് എങ്ങനെ സാധിക്കും. ലോകചരിത്രത്തിൽ ഇന്നേവരെ കേട്ടിട്ടില്ലാത്ത ഒരു കാര്യം മാലാഖ പറഞ്ഞപ്പോൾ അവൾ അതിശയത്തോടെ ചോദിച്ച ചോദ്യമാണിത്. എന്നാൽ മാലാഖ അവളോട് പറയുന്നത് ഇപ്രകാരം ആണ് "വന്ധ്യ എന്നു വിളിക്കപ്പെട്ടവൾക്ക് ഇത് ആറാം മാസമാണ്. എന്തെന്നാൽ ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ", മറിയം പറഞ്ഞു "ഇതാ കർത്താവിന്റെ ദാസി അവിടുത്തെ ഹിതംപോലെ എനിക്കു ഭവിക്കട്ടെ". ദൈവത്താൽ അസാദ്ധ്യമായത് ഒന്നും ഇല്ല എന്ന വ്യക്തമായ ബോധ്യം മറിയാമിന് ഉണ്ടായിരുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉണ്ടാകേണ്ട ഒരു ബോധ്യവും ഇതാണ് 'ദൈവത്താൽ ഒന്നും അസാധ്യമല്ല'.

വി. ലൂക്കോസ് 1:48 മറിയം പാടുകയാണ് "തലമുറകൾ എന്നെ ഭാഗ്യവതി എന്ന് കീർത്തിക്കും. മറിയം എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്? അവൾ സ്വയം പുകഴ്ത്തിയതാണോ? ഒരിക്കലുമല്ല കാരണം വി. ലൂക്കോസ് 1:46 ൽ പരിശുദ്ധാത്മാവ് നിറഞ്ഞവളായി എലിസബേത്ത് പറയുകയാണ് "കർത്തൃസന്നിധിയിൽനിന്ന് തന്നോട് സംസാരിക്കപ്പെട്ടത്

നിവർത്തിയാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി". ദൈവം കൽപ്പിച്ചത് നിവർത്തിയാകും എന്ന് വിശ്വസിക്കുന്ന ഓരോ വ്യക്തിയേയും സ്വർഗ്ഗം വിളിക്കുന്ന പേരാണ് ഭാഗ്യവാൻ/ഭാഗ്യവതി. ഒരു ഭാഗ്യവാൻ അല്ലെങ്കിൽ ഭാഗ്യവതിയായി മാറാനുള്ള ഒരു പരിശ്രമമാണ് ക്രൈസ്തവ ജീവിതം

2). മറ്റുള്ളവരുടെ ആവശ്യങ്ങളെ കണ്ട് അറിഞ്ഞ് ചെയ്യുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി.

ഈ ലോകത്ത് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം ലഭിച്ചവളാണ് പരി. കന്യകമറിയം.

ലോകത്തിന്റെ രക്ഷിതാവിനെ ഉദരത്തിൽ വഹിക്കുവാനും അവനെ താലോലിക്കുവാനും ഭാഗ്യം ലഭിച്ചവൾ. എന്നാൽ ഗബ്രിയേൽ മാലാഖയിൽനിന്ന് തന്റെ ചാർച്ചക്കാരി ഗർഭിണിയാണ് എന്ന വാർത്ത അറിഞ്ഞപ്പോൾ അവൾക്ക് തന്റെ സഹായവും ശുശ്രൂഷയും ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞ് താഴ്മയോടെ അവിടേക്ക് അവൾ ഓടിച്ചെന്നു. അമ്മയുടെ ഈ സ്വഭാവം കാനാവിലെ കല്യാണവീട്ടിലും നമ്മുക്ക് കാണാൻ സാധിക്കും. തന്റെ നേട്ടങ്ങളെക്കാളും സുഖങ്ങളെക്കാളും അന്യന്റെ പ്രയാസങ്ങളിൽ അവന്റെ പ്രതിസന്ധികളിൽ എനിക്ക് എന്ത് സഹായം ചെയ്യാൻ സാധിക്കും എന്ന വലിയ ഒരു ശുശ്രൂഷാ മനോഭാവം പരി. അമ്മയിൽ ഉണ്ടായിരുന്നു. ക്രിസ്തുവിനെ വഹിക്കുന്ന ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഉണ്ടാകേണ്ട വലിയ ഒരു സ്വഭാവമാണ് അപരന്റെ ആവശ്യങ്ങൾ കണ്ട് അറിഞ്ഞ് ആരും ആവശ്യപ്പെടാതെ തന്നാൽ കഴിയുന്ന സഹായം ചെയ്യുക എന്നത്. സ്വാർത്ഥത നിറഞ്ഞ ഈ കാലഘട്ടത്തിൽ പരി. കന്യക മറിയാമിനെ പോലെ ആയിതീരാൻ നമ്മുക്കും സാധിക്കട്ടെ. അപരന്റെ വേദനയെ നമ്മുടെ വേദനായി കാണുവാൻ നമ്മുക്ക് കഴിയട്ടെ.

## വി. യൂഹാനോൻ മാംദോനൊയുടെ ജനനം
## വി. മത്താ. 11:11–19 (4–12–22)

ഇന്ന് പരി. സഭ വി. യൂഹാനോൻ മാംദോനൊയുടെ ജനനത്തിന്റെ ഓർമ്മ കൊണ്ടാടുകയാണ്. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു മിശിഹാ വി. യൂഹാനോൻ മാംദോനൊയെ കുറിച്ച് സാക്ഷിക്കുന്നത് ഇപ്രകാരമാണ് "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ഉണ്ടായിട്ടില്ല". യേശുക്രിസ്തു ഇപ്രകാരം സാക്ഷിക്കുവാൻ ചില കാരണങ്ങൾ ഉണ്ട്. ഒന്നാമത്, അനേകം പ്രവാചകന്മാർ നൂറ്റാണ്ടുകളായി നേരിൽ കാണാൻ ആഗ്രഹിച്ച, എന്നാൽ കാണാൻ സാധിക്കാഞ്ഞ ലോകത്തിന്റെ രക്ഷകനെ കാണുവാനും അവനെ മാമോദീസാ മുക്കുവാനും ഭാഗ്യം ലഭിച്ചവനാണ് മോർ യൂഹാനോൻ മാംദോനൊ, രണ്ടാമത്, ലോകത്തിന്റെ രക്ഷകന് വഴി ഒരുക്കുവാനുള്ള വലിയ ദൗത്യം ലഭിച്ചു. മൂന്നാമത് ഗർഭസ്ഥിതനായിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചവനാണ് വി. യോഹന്നാൻ. എന്നാൽ യേശു വീണ്ടും പറയുകയാണ് "സ്വർഗ്ഗത്തിൽ ചെറിയവനോ അവനെക്കാൾ വലിയവനാകുന്നു". ഇവിടെ സ്വർഗ്ഗരാജ്യം ക്രിസ്തുവിന്റെ സഭയെ കുറിക്കുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് യോഹന്നാനെക്കാൾ ചില പ്രത്യേകതകൾ ഉണ്ട്.

1. അവൻ ക്രിസ്തുവിന്റെ ഭവനക്കാരനായി വീണ്ടും ജനിച്ചവനാണ്.

2. ക്രിസ്തുവിന്റെ ശരീര രക്തങ്ങൾ അനുഭവിച്ചവനാണ്.

3. പെന്തിക്കോസ്തിയിൽ ചൊരിയപ്പെട്ട പരി. ആത്മാവിനെ പ്രാപിച്ചവനാണ്.

ഇതിൽ നിന്നും യോഹന്നാൻ നിസ്സാരനോ, വിശുദ്ധിയിൽ കുറഞ്ഞവനോ എന്നല്ല. പിന്നെയോ പഴയനിയമ സഭയിലേയും പുതിയ നിയമ സഭയിലേയും അംഗങ്ങൾ തമ്മിലുള്ള അന്തരത്തെയാണ് സൂചിപ്പിക്കുന്നത്.

വി. യൂഹാനോൻ മാംദോനൊയുടെ ജനനവും ജീവിതവും ചില ചിന്തകൾ നമ്മുക്ക് പകർന്നു നൽകുന്നുണ്ട്.

**1. നുറുങ്ങിയ ഹൃദയങ്ങളെ ദൈവം ഒരു നാളും കൈവിടുകയില്ല**

വിവാഹം കഴിഞ്ഞ് അനേക നാളുകളുമായി മക്കളില്ലാതെ കണ്ണുനീരോടും പ്രാർത്ഥനയോടും കൂടെ നീറുന്ന ഹൃദയവുമായി ജീവിക്കുന്ന അനേകം ദമ്പതികൾ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. അവർക്കും ജീവിത പ്രതിസന്ധികളുടെ നടുവിൽ മുമ്പോട്ടു ഇനി എങ്ങനെ ജീവിക്കും എന്നറിയാതെ തകർന്നിരിക്കുന്നവർക്കും വലിയ ഒരു സാക്ഷ്യമാണ് സ്ക്കറിയായുടെയും എലിസബേത്തിന്റേയും ജീവിതവും യോഹന്നാന്റെ ജനനവും. സ്ക്കറിയായും എലിസബേത്തും ജീവിച്ചിരുന്നത് മക്കൾ ദൈവത്തിന്റെ ദാനം ആണെന്നും, മക്കൾ ഇല്ലാത്തവർ ശപിക്കപ്പെട്ടവരാണെന്നും, ദൈവമുമ്പാകെ അവർ തിന്മപ്രവർത്തിച്ചതിന്റെ ശിക്ഷയാണ് ഇത് എന്നും ചിന്തിച്ചിരുന്ന ഒരു സമൂഹത്തിന്റെ നടുവിലാണ്. അതുകൊണ്ട് തന്നെ സമൂഹത്തിൽ നിന്ന് വലിയ പരിഹാസവും നിന്ദയും പലപ്പോഴും അവർക്ക് ഏൽക്കേണ്ടി വന്നിട്ടുണ്ട്. മക്കൾ ഇല്ലാത്തതിന്റെ ദു:ഖവും സമൂഹം ഏല്പിച്ച വലിയ മുറിവുമായി നീറുന്ന ഒരു ഹൃദയത്തോടെ ദൈവസന്നിധിയിൽ അവർ അർപ്പിച്ച പ്രാർത്ഥനക്ക് അവർക്ക് ഉത്തരം ലഭിച്ചു. ഈ ലോകം ഇനി പ്രസവിക്കില്ല എന്ന് മുദ്രകുത്തിയ വന്ധ്യയായ എലിസബേത്ത് യോഹന്നാന് ജന്മം നൽകി. ലോകം അസാധ്യം എന്ന് വിധിച്ചത് ദൈവം സാധ്യമാക്കി തീർത്തു. മുമ്പോട്ട് ഇനി എങ്ങനെ ജീവിക്കും എന്നറിയാതെ പകച്ചുനിൽക്കുന്ന, നിരാശയാൽ അകപ്പെട്ടുപോയ ഓരോരുത്തരോടും സ്ക്കറിയ-എലിസബേത്ത് ദമ്പതികൾ വിളിച്ചു പറയുന്നു "അസാധ്യം എന്ന് ലോകം വിധിച്ചത് ദൈവത്താൽ സാധ്യമാണ്. ഈ വലിയ സത്യത്തിന്റെ സാക്ഷ്യമാണ് വി. യോഹന്നാന്റെ ജനനം

**2. നിന്റെ വിളിയെ തിരിച്ചറിയുക**

മാലാഖി 4:2 ൽ യോഹന്നാനെക്കുറിച്ച് പ്രവചിച്ചിരുന്നത് ഇപ്രകാരം ആണ്. " ഉദയത്തിനു മുമ്പ് ഉദയനക്ഷത്രം വരുന്നതുപോലെ നീതി സൂര്യനാകുന്ന രക്ഷിതാവിന്റെ വഴി ഒരുക്കുവാൻവേണ്ടി ഉദയ നക്ഷത്രം പ്രത്യക്ഷപ്പെടേണ്ടതാണ്". നീതിസൂര്യൻ ആകുന്ന നമ്മുടെ കർത്താവിനുവേണ്ടി വഴി ഒരുക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ഉദയത്തിനു മുമ്പുള്ള ഉദയനക്ഷത്രമാണ് വി. യോഹന്നാൻ. തന്റെ വിളിയെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചുമുള്ള വലിയ ബോധ്യം വി. യോഹന്നാന് ഉണ്ടായിരുന്നു. അതുകൊണ്ട് തന്റെ ജീവിതത്തിൽ തന്റെ വിളിക്ക് അനുസൃതമായി ജീവിക്കുവാനും നൂറു ശതമാനം അതിനോട് വിശ്വസ്തത കാട്ടുവാനും യോഹന്നാന് സാധിച്ചു. തന്നെ ദൈവം ഭരമേൽപ്പിച്ചതായ വലിയ ഉത്തരവാദിത്വത്തെ യോഹന്നാൻ ഏറ്റവും ശ്രേഷ്ഠമായി പൂർത്തീകരിച്ചു.

ഇന്നത്തെ വി. ഏവൻഗേലിയോൻ ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. നിന്റെ വിളി എന്താണെന്ന് നിനക്ക് തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ? എന്തിനാണ് നാം ക്രിസ്ത്യാനിയായി തെരഞ്ഞെടുക്കപ്പെട്ടതും ജീവിക്കുന്നതും? നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം എന്താണ്? ലോകത്തിന്റെ മുമ്പാകെ തന്റെ സാക്ഷിയാകാനും മറ്റുള്ളവർക്ക് ഒരു മാതൃക ആകാനുമാണ്

ദൈവം യിസ്രായേലിനെ തെരഞ്ഞെടുത്തതും അതിനെ തന്റെ സ്വന്തം ജനമായി പരിപാലിച്ചതും. പുതിയ നിയമ യിസ്രായേൽ ആയ പരി. സഭയിലേക്ക് നമ്മെ വിളിച്ചതും ചേർത്ത് വച്ചതും ഈ വലിയ ഒരു ദൗത്യത്തിനുവേണ്ടിയാണ് എന്ന് നാം തിരിച്ചറിയണം.

ഈ ലോകത്ത് വി. യോഹന്നാൻ മാംദോനേയേപോലെ കർത്താവിനുവേണ്ടി അവന്റെ സാക്ഷിയായി ജീവിക്കുവാനും മറ്റുള്ളവർക്ക് ക്രിസ്തുവിലേക്ക് വഴി ഒരുക്കുവാനുമുള്ള വലിയ ദൗത്യം കർത്താവ് നമ്മെ ഭരമേൽപ്പിച്ചിട്ടുണ്ട് എന്ന് വലിയ ബോധ്യം നമ്മുക്ക് ഉണ്ടാകണം. വി. യോഹന്നാനെ പോലെ ആ വിളിക്ക് യോഗ്യമായ തരത്തിൽ ദൈവമുമ്പാകെ വിശ്വസ്തതയോടും വിശുദ്ധിയോടും ജീവിപ്പാൻ നമ്മുക്കും സാധിക്കട്ടെ.

## യൗസേഫിനുണ്ടയ വെളിപാട്– വി.മത്താ. 1:18–25 (11–12–2022)

"ദാവീദ് പുത്രനായ യൗസേഫേ, നിന്റെ ഭാര്യയായ മറിയാമിനെ സ്വീകരിപ്പാൻ നീ ഭയപ്പെടേണ്ട. എന്തെന്നാൽ അവളിൽ ഉൽഭൂതനായിരിക്കുന്നവൻ, പരിശുദ്ധാത്മാവിനാൽ ആകുന്നു."

യഹൂദാ നിയമപ്രകാരം തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന മറിയം, തങ്ങൾ പരസ്പരം സമാഗമിച്ചിട്ടില്ലാതിരിക്കെ ഗർഭിണിയായി കാണപ്പെട്ടതിനെ തുടർന്ന് ഇനി എന്ത് ചെയ്യും എന്ന് അറിയാതെ, രഹസ്യത്തിൽ അവളെ ഉപേക്ഷിക്കാം എന്ന് ആലോചിക്കുന്ന യൗസേഫിന്റെ അടുക്കൽ ദൈവത്തിന്റെ മാലാഖ പ്രത്യക്ഷപ്പെട്ട് നൽകുന്ന വെളിപാട് ആണ് ഇന്നത്തെ വേദഭാഗത്തിന്റെ കാതലായ സന്ദേശം.

മാലാഖ യൗസേഫിനോട് പറയുന്ന ഒരു വാക്ക് ഉണ്ട് "നിന്റെ ഭാര്യയായ മറിയാമിനെ സ്വീകരിപ്പാൻ നീ ഭയപ്പെടേണ്ട". യൗസേഫ് എന്തിനെയാണ് അല്ലെങ്കിൽ ആരേയാണ് ഭയപ്പെട്ടത്? ഗർഭിണിയായ മറിയാമിനെ താൻ സംരക്ഷിച്ചാൽ, വിവാഹനിശ്ചയം കഴിഞ്ഞാലും മൂന്ന് വർഷത്തേക്ക് വിവാഹബന്ധത്തിൽ ഏർപ്പെടാൻ യഹൂദ നിയമപ്രകാരം അനുവാദം ഇല്ലാതെയിരിക്കെ താൻ അവളെ പരിഗ്രഹിച്ചു എന്നും മറിയം താൻ മൂലമാണ് ഗർഭിണിയായിരിക്കുന്നത് എന്നും സമൂഹം മുദ്രകുത്തും. ഇത് യൗസേഫിനെ തന്റെ ജനതയുടെ മുമ്പിൽ പരിഹാസ്യനാക്കും. അങ്ങനെ ചെയ്താൽ താൻ ഇത്രയും കാലം തന്റെ ജീവിതത്തിലൂടെ സമ്പാദിച്ചതായ സൽപേര് നിമിഷനേരം കൊണ്ട് നഷ്ടമാകും. താൻ ഒരു അപഹാസ്യമായി തീരുമെന്നും സമൂഹം തന്നെ കുറ്റപ്പെടുത്തും എന്നും യൗസേഫ് ഭയപ്പെട്ടു. രണ്ടാമതായി യൗസേഫ് ദൈവത്തെ ഭയപ്പെട്ടു. മറിയാമിനെ പരസ്യമായി ഉപേക്ഷിച്ചാൽ, താന്മൂലം അല്ല അവൾ ഗർഭിണിയായിരിക്കുന്നത് എന്ന് പരസ്യമായി വിളിച്ചു പറഞ്ഞാൽ സമൂഹം അവളെ വ്യഭിചാരിണി എന്ന് മുദ്ര കുത്തുകയും മോശയുടെ ന്യായപ്രമാണ പ്രകാരം അവളെ കല്ല് എറിഞ്ഞ് കൊല്ലുകയും ചെയ്യും. അങ്ങനെ സംഭവിച്ചാൽ മറിയം പറഞ്ഞതുപോലെ അവൾ ഗർഭിണിയായിരിക്കുന്ന ദൈവപദ്ധതി പ്രകാരം ആണെങ്കിൽ നിഷ്ക്കളങ്കമായ രക്തത്തിന് താൻ ദൈവമുമ്പാകെ ഉത്തരം നൽകേണ്ടി വരുമെന്ന് യൗസേഫ് ഭയപ്പെട്ടു. അതുകൊണ്ട് അവളെ രഹസ്യമായി ഉപേക്ഷിക്കാം എന്ന് അവൻ ആലോചിച്ചു.

ഇന്ന് പലപ്പോഴും നാമും യൗസേഫിനെ പോലെ ആണ്. മറ്റുള്ളവർ എന്നെക്കുറിച്ച് എന്ത് പറയും, മറ്റുള്ളവർ എന്നെ എങ്ങനെ കാണും എന്നൊക്കെ ചിന്തിച്ച് മറ്റുള്ളവരെ പ്രീതിപ്പെടുത്താൻവേണ്ടി നമ്മുടെ യഥാർത്ഥ മുഖത്തെ മറച്ചു വച്ചുകൊണ്ട് നാം ജീവിതം ഒരു അഭിനയം ആക്കി മാറ്റാറുണ്ടോ? യൗസേഫ് ജനത്തെ ഭയപ്പെട്ടു പക്ഷേ അത് ദൈവപദ്ധതിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവൻ ദൈവത്തോട് ചേർന്ന് നിന്നു. ജനം പരിഹസിക്കും എന്ന് യൗസേഫിന് അറിയാമായിരുന്നു. പക്ഷേ ആരെല്ലാം പരിഹസിച്ചാലും കുറ്റപ്പെടുത്തിയാലും തന്നെ വ്യക്തിഹത്യ ചെയ്താലും ദൈവം കൂടെ ഉണ്ട് എന്ന ബോധ്യം അവനുണ്ടായിരുന്നു. മറ്റുള്ളവർ എന്ത് പറയും എന്ന് ചിന്തിച്ച് സത്യത്തെ മറച്ചു പിടിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികളോട് യൗസേഫ് നൽകുന്ന സന്ദേശം ദൈവത്തോട് ചേർന്നു നിൽക്കുക എന്നതാണ്.

# ദീപാങ്കുരം

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ സമുദായ അംഗങ്ങൾക്കായി **ചെറുകഥാ മത്സരം** (15 മുതൽ 30 വയസ്സുവരെയുള്ളവർക്ക്) **കവിതാ രചന, ലേഖന മത്സരം** (30 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക്) തുടങ്ങിയവ നടത്തുന്നു.

**ചെറുകഥാ മത്സരം, ലേഖന മത്സരം** ഇവ A4 Sheet ന്റെ രണ്ട് Printed പേജിൽ കവിയരുത്.

**കവിതാ രചനയിൽ പങ്കെടുക്കുന്നവർ** A4 Sheet ന്റെ ഒരു Printed പേജിൽ കവിയരുത്.

ലേഖന മത്സരത്തിന്റെ വിഷയം: **'ലഹരി വിരുദ്ധ ക്നാനായ സമുദായം'** എന്നതാണ്. പങ്കെടുക്കുന്നവർ 2023 ജനുവരി 15 നു മുമ്പായി പ്രിന്റഡ് രചനകൾ മേൽവിലാസം, ഫോൺ നമ്പർ സഹിതം ക്നാനായ ദീപം ഓഫീസിൽ എത്തിക്കേണ്ടതാണ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്

**അയക്കേണ്ട മേൽവിലാസം**

**ചീഫ് എഡിറ്റർ**

**ക്നാനായ ദീപം, ക്ലീമ്മീസ് സെന്റർ**

**ചിങ്ങവനം പി. ഒ., കോട്ടയം, 686531**

**Ph: 0481-2430176, 8547584440.**

**Email- kna.deepam@gmail.com**




ഉച്ചസമയം തടാകത്തിൽനിന്നും വെള്ളം കുടിച്ചു കയറുകയായിരുന്നു മുയൽ. കാട്ടിൽ എവിടെയോ പോയ ആമ തിരിച്ചെത്തിയതും അപ്പോഴാണ്.

മുയലിന് പണ്ടു മുതലേ ആമയോട് വെറുപ്പുണ്ട്. കാണുമ്പോഴൊക്കെ കറുമ്പനെന്നോ തടിയനെന്നോ മടിയനെന്നോ ആണ് വിളിക്കുക! ഇപ്പോൾ തടാകക്കരയിലുള്ള മറ്റു മൃഗങ്ങൾ കേൾക്കെ അതു പറഞ്ഞു: ഈ പൊണ്ണൻ ആമയെ കണ്ടില്ലേ? നാലു നാഴിക നടക്കണമെങ്കിൽ നാളു കുറെ പിടിക്കും.

ആമയ്ക്ക് ആ സംസാരം തീരെ പിടിച്ചില്ല. എത്ര കാലമാണ് ഇത് വക വച്ചു കൊടുക്കുക! നീ അത്ര വലിയവനാകുകയൊന്നും വേണ്ട. ആമ പറഞ്ഞു: 'ആർക്കാണ് വേഗം കൂടുതലെന്ന് മത്സരം വെച്ചു നോക്കാം.'

'ശരി ഇപ്പോൾതന്നെ ആകാമല്ലോ.' മുയൽ പുച്ഛഭാവത്തിൽ സമ്മതിച്ചു. മറ്റു മൃഗങ്ങൾ മത്സരത്തിനുള്ള വക കണ്ടുപിടിച്ചു രണ്ടുപേർക്കും ലക്ഷ്യസ്ഥാനം പറഞ്ഞുകൊടുത്തശേഷം കുറെപ്പേർ അങ്ങോട്ടേക്ക് പോയി. മത്സരക്കാരെ പരീക്ഷിക്കാൻ രണ്ട് കൊറ്റികൾ ആകാശത്തിലൂടെ പറക്കണമെന്നും വ്യവസ്ഥ വെച്ചിരുന്നു.

മത്സരം ആരംഭിച്ചു. ലക്ഷ്യസ്ഥാനത്തേക്ക് ദൂരം കുറേയുണ്ട്. മുയൽ അമ്പുവിട്ടതുപോലെയാണ് പോയത്. പകുതി വഴി പിന്നിട്ടപ്പോൾ അത് ഒരു കുറ്റിക്കാട്ടിൽ വിശ്രമിക്കാൻ തീരുമാനിച്ചു.

ആമയും ഒപ്പം എത്തട്ടെ ബാക്കി യാത്ര എന്നിട്ടാവാം മുയൽ കരുതിയത് അങ്ങനെയാണ്.

കിടക്കാൻ നല്ല പച്ചപ്പുല്ല്, തഴുകി വീശുന്ന ഇളം കാറ്റ്, ഓടിയതിന്റെ ക്ഷീണം, മുയലിന്റെ കൺപോളകൾ പതുക്കെ അടഞ്ഞു അവൻ ഉറങ്ങിപ്പോയി.

ഏന്തി വലഞ്ഞു നടക്കുകയായിരുന്ന ആമ എവിടെയും തങ്ങിയില്ല. വഴിയിൽ മുയൽ ഉറങ്ങുന്നതു കണ്ടപ്പോൾ നടത്തത്തിന്റെ വേഗത പിന്നെയും കൂടി. സന്ധ്യയാകും മുമ്പ് ആമ ലക്ഷ്യ സ്ഥാനത്തെത്തുകയും ചെയ്തു.

അകലെ എന്തോ ബഹളം കേട്ടാണ് മുയൽ ഉണർന്നത്. ചുറ്റും നോക്കിയശേഷം അത് മുന്നോട്ടേക്ക് ഓടി.

അല്പദൂരമേ ഓടിയുള്ളൂ. മുയൽ ആ കാഴ്ച കണ്ട് അമ്പരന്നു. മത്സരത്തിൽ ജയിച്ച ആമയെ മറ്റു മൃഗങ്ങൾ ആർപ്പുവിളികളോടെ ആനയിക്കുകയാണ്.

നാണംകെട്ടുപോയ മുയൽ പിന്നീട് ഒരടിപോലും മുന്നോട്ട് വെച്ചില്ല. തിരിഞ്ഞു നിന്ന് ഒരൊറ്റ ഓട്ടമായിരുന്നു.

***അനുഗൃഹീതരെങ്കിലും അശ്രദ്ധയും അഹന്തയും കാണിക്കുന്നവരെ നിരന്തരം അദ്ധ്വാനിക്കുന്ന സാധാരണക്കാർ പരാജയപ്പെടുത്തുന്നു.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ഏറ്റവും കൂടുതൽ അദ്ധ്യായങ്ങൾ ഉള്ള പുസ്തകം ഏത്?
2. പഞ്ചഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ അദ്ധ്യായങ്ങളുള്ള പുസ്തകം ഏത്?
3. പൗരോഹിത്യഗ്രന്ഥം എന്നു വിളിക്കാവുന്ന ബൈബിൾ പുസ്തകം ഏത്?
4. ഒരു സൈന്യാധിപന്റെ പേരിൽ അറിയപ്പെടുന്ന ഗ്രന്ഥം ഏത്?
5. ഏറ്റവും കൂടുതൽ അദ്ധ്യായങ്ങളുള്ള പ്രവചനഗ്രന്ഥം ഏത്?
6. ജ്ഞാനത്തെ വാഴ്ത്തിപ്പാടുന്ന ബൈബിൾ ഗ്രന്ഥം ഏത്?
7. പുതിയ നിയമത്തിലെ ഏറ്റവും ചെറിയ വാക്യം ഏത്?
8. ഏറ്റവും കൂടുതൽ അദ്ധ്യായങ്ങളുള്ള സുവിശേഷം ഏത്?
9. സുവിശേഷ പ്രചരണത്തിന്റെ ചരിത്രം പറയുന്ന പുതിയ നിയമ ഗ്രന്ഥം ഏത്?
10. വി. പൗലോസിന്റെ ഏറ്റവും ചെറിയ ലേഖനം ഏത്?

## ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ

1. മൽക്കിസദേക്ക് (ഉല്പത്തി. 14:20)
2. ചുവന്ന പായസം കുടിച്ചതുകൊണ്ട് (ഉല്പ. 25:30)
3. 12 (വെളിപാട് 21:11 –12)
4. ബേഥെസ്ദാ (യോഹ. 5:2–4)
5. പേർവഴി ചാർത്തൽ (ലൂക്കോ. 2:1–2)
6. ഗോല്യാത്തിന്റെ (1. ശമു. 17:5)
7. സങ്കീർത്തനങ്ങൾ
8. ഗലീലാക്കടലിന്റെ
9. 10 കന്യകമാരുടെ ഉപമയിൽ (മത്താ.25)
10. വി.പൗലോസ് (അപ്പ.പ്രവൃ. 26:1–32)

## ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ നവംബർ മാസത്തെ പ്രാർത്ഥനായോഗം 27–11–2022 ഞായർ വൈകുന്നേരം 6 മണിക്ക് പാക്കിൽ സെന്റ്തോമസ് യാക്കോബായ പള്ളിയുടെ പാരീഷ്ഹാളിൽ നടത്തും. റവ.ഫാ. എ.തോമസ് വേങ്കടത്ത് (കോട്ടയം ഭദ്രാസനം) മുഖ്യ സന്ദേശം നൽകുന്നതാണ്. റവ.ഫാ. തോമസ് കുട്ടി മങ്ങാട്ട് സമർപ്പണ പ്രാർത്ഥന നടത്തും. റവ.ഫാ. സി.സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനായോഗത്തിന് നേതൃത്വം നൽകും.


MODEL 01 25 USERS
MODEL 02 30 USERS
MODEL 04 40 USERS
MODEL 05 50 USERS
MODEL 06 60 USERS
KAZKA
KAZKA
INDUSTRIES
Murikolipuzha Building, Chethackal, Ranni
9061155938
9745270205
www.kazkaindustries.com
♦ 100% ലീക്ക് പ്രൂഫ്
♦ താരതമ്യേന കുറഞ്ഞ നിരക്ക്
♦ ജോയിന്റുകളില്ലാതെ മെഷീൻ നിർമ്മിതം
♦ ആവശ്യാനുസരണം അളവുകളിൽ
♦ ഏത് പ്രതികൂല സാഹചര്യങ്ങളെയും
അതിജീവിക്കാൻ തക്ക കരുത്തും ആകൃതിയും
♦ പരിമിതമായ സ്ഥലപരിധിയിൽ സ്ഥാപിക്കാം
Advt - G


Excellent Way to Reach your Dreams
URGENT VACANCY FOR UK
OUR PRIORITY
ANM/GNM/BSC NURSES
• salary: 12 Pound Per Hour
• 8 Hour Duty
• Food and Accommodations Provide Company
• Processing Time: 3 to4 Months
• IELTS/UKVI (4.5)
+91 481 2424888, +91 9048130090
INTERESTED CANDIDATE PLEASE SEND YOUR CV:
+91 9048030090,+91 9846071158
jobs@fivelandconsultancy.com
Fiveland Multi Services (Pvt) Ltd
MANPOWER CONSULTANCY
www.fivelandconsultancy.com
Reg.No : U74994KL2018PTC338881
Advt -O


1 – ാം ചരമവാർഷികം
10 – 12 – 2022
49 – ാം ചരമവാർഷികം
12 – 11 – 2022
SHOSHAMMA
ANDRAYOS CHACKO
ശോശാമ്മ അന്ത്രയോസ്
അന്ത്രയോസ് ചാക്കോ
ഇഞ്ചൻ തുരുത്തിൽ,
മാമ്പുഴകരി
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
മക്കൾ, കൊച്ചുമക്കൾ
Advt -O

## 1 –ാം ചരമവാർഷികം

07 – 11 – 2022



Advt -O

## നിഖിൽ ഏബ്രഹാം (33)

തുണ്ടിയിൽ, ഈരയിൽക്കടവ്, കോട്ടയം

"ഒരിക്കലും മറക്കാത്ത ഓർമ്മകൾ സമ്മാനിച്ച്, ആകസ്മികമായി ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞ ഓമന മോനേ, നിന്നെ നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

അമ്മയും, സഹോദരനും

## 11 –ാം ചരമവാർഷികം

22 – 11 – 2022



Advt -R

## പി. എം. ചാണ്ടി

പാലക്കുടിയിൽ, ചിങ്ങവനം

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 30th Death Anniversary

01 – 12 – 2022



## K.C. JOSEPH

(Senior Civil Police Officer)

KANJIRAPPALLIL HOUSE, PARUTHUMPARA

By Sorrowing Family

Advt -R



Advt - O

## In Loving Memory

Abraham Skaria (Aniyan)

Thamarathu, Mannamurathy, Ranny

Inserted by: Bereaved Family

November 1, 2020



## സ്നേഹസ്മരണയ്ക്ക്

**40-ാം ചരമദിനം**

**15-11-2022**

# തങ്കമ്മ ചാക്കോ

തോട്ടുങ്കൽ

വെളിയനാട്


“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

**14-11-2022**



Advt -R

# ഇ.ഒ. ജോസഫ്

ഇടശ്ശേരിൽ, വെള്ളൂത്തുരുത്തി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40-ാം ചരമദിനം

**17-11-2022**




Advt -O

# SALICE IDICULLA

**PANDIPURATHU HOUSE**

**TRIVANDRUM**

By Sorrowing Family



## മൂന്നാം ചരമവാർഷികം
1 – 11 – 2022

**Sub/Clk. സഖറിയ എം. സി.**

ഷാൻ നിവാസ് മുണ്ടിയത്രയിൽ,
തെങ്ങേലി

*പ്രാർത്ഥനയോടെ*
*മക്കൾ* – Joshan, Roshan, Shan
*മരുമക്കൾ* – Shinta, Pretty, Soumya

Advt -O

## 8th Birthday in Heaven
15 – 11 – 2022



# T. P. Cheriyan
**Veliyathuthundiyil, Thuruthickadu**

By Sorrowing Family

Advt -O

| 11 – ാം ചരമവാർഷികം 13 – 11 – 2022 | 7 – ാം ചരമവാർഷികം 19 – 12 – 2022 |
|---|---|





**THANKAMMA MATHEW** | **A.O.MATHEW**

**Mulamoottil,**
**Ranni**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 4th Death Anniversary

**27-11-2022**



# ജോയി സ്കറിയ

കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 1st Birthday in Heaven

**24-11-2022**



# C. A. Punnoose

Chirayil, Mannar

ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മംകൂടി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

Advt - O

## സ്വർഗത്തിൽ 30-ാം പിറന്നാൾ

**12-11-2022**



### വി.സി. സ്കറിയ

(Rtd. A.E.)

## സ്വർഗത്തിൽ 13-ാം പിറന്നാൾ

**4-11-2022**



### എ.സി. ചിന്നമ്മ

(Rtd. Teacher)

വൈക്കത്തുശ്ശേരിൽ, കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G



## 1st Birthday in Heaven

26 – 11 – 2022

# V. A. ABRAHAM

## (Kunjumon)

### Kizhakevettimoottil, Ranny

Love you always Daddy

Alicekutty Abraham (wife)
Smitha Abraham, Jayal - Tana, Jacob
Joel Abraham, Sumetha - Kaitlynn, Daleyza

Advt -O



## 4 – ാം ചരമവാർഷികം

12 – 11 – 2022

# ശോശാമ്മ ജയ്ക്കബ്

## (ശാന്തമ്മ)

### കണ്ണാടിപുഴ, ഇരുമ്പനം, എറണാകുളം

Advt - G

"മറഞ്ഞിരുന്നാലുമെന്നുള്ളിൽ
വസന്തം പോൽ വിടരുന്നു
എന്നമ്മ തൻ സാമീപ്യം
എന്നമ്മ തൻ സാന്ത്വനം"

**Jaickochen, children and Grand children**



## 4 – ാം ചരമവാർഷികം

18 – 11 – 2022

# സി.ജെ. പുന്നൂസ് (സണ്ണി)

കോട്ടയ്ക്കൽ

Advt - O

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 1 – ാം ചരമവാർഷികം

07 – 12 – 2022

# ആലിസ് സൈമൺ

(W/O എ. സൈമൺ)

അറക്കപ്പെരുമേത്ത് വീട്, ഐത്തല

റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

20 – ാം ചരമവാർഷികം

10 – 11 – 2022

50 – ാം ചരമവാർഷികം

03 – 12 – 2022

2 – ാം ചരമവാർഷികം

26 – 11 – 2022





## സി. പി. ഏബ്രഹാം

## സാറാമ്മ ഏബ്രഹാം

**(Saramma)**

## ലൗലി ജയിംസ്

**(Lovely James)**

ചരിവുപറമ്പിൽ, അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt -S

---

ഞങ്ങളുടെ പപ്പാ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട്
25 വർഷമാകുന്നു

11 – 11 – 2022



## പി. സി. മാത്യു (രാജു)

പുള്ളുവേലിക്കൽ, കുഴിമറ്റം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

THIRD DEATH ANNIVERSARY

24-11-2022



## T. A. ABRAHAM ( Jose)

**Retired Addl. S.E., M.P.E.B.(Jabalpur)**

Thayil House Thottabhagam ( Ennikadu)

Son & Family

T.A. Joly, Judy(Koorkakalayil)

Vinod, Seeja (Mangattu)

Grand Children's

Sandra, Shane

Hanaah

Daughter & Family

Josy, Reji (Akkarakandathil)

Jerrin, Justin

Advt -O

## 3rd Anniversary in Heaven

07-11-2022



### T. T. Joseph

**Thundiyil Joby Villa**
**Manjadi, Kattode**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

By Sorrowing Family

Advt -O

## 40-ാം ചരമദിനം

04-11-2022



### ജയ മാത്യു (58)

**പുരയ്ക്കൽ, എളമക്കര, എറണാകുളം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 6th Birthday at Heaven

14-11-2022



### ശോശാമ്മ കുര്യൻ (അമ്മിണി)

**മംഗലവീട്ടിൽ, ഐത്തല പി.ഒ., റാന്നി**

*പ്രത്യാശയോടെ ദു:ഖത്തിലിരിക്കുന്ന കുടുംബാംഗങ്ങൾ*

Advt -R

## ഒന്നാം ചരമവാർഷികം

1-12-2022



### റ്റി. എ. പുന്നൂസ് (തങ്കച്ചൻ)

**താഴ്ചയിൽ (കുറുപ്പംപറമ്പിൽ), നീലംപേരൂർ**

ഭാര്യ- കുഞ്ഞമ്മ പുന്നൂസ്
മക്കൾ - എബി പുന്നൂസ്, നീത കെ. പുന്നൂസ്

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 40 –ാം ചരമദിനം

26–11–2022



## സുരേഷ് ജേക്കബ് (57)

വേലംമ്മേപ്പുറത്ത്
ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 40 –ാം ചരമദിനം

01–11–2022



## അമ്മിണി ജയിക്കബ്

പഴയകളം, കോട്ടയം


"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 29 –ാം ചരമവാർഷികം

22–12–2022



## Cherian Skariah

Kattayil house, Poovanthuruth

## 1 –ാം ചരമവാർഷികം

03–12–2022



## Kunjunjamma Cherian

